**നിയമനിർമ്മാണകാര്യം**

2014–ലെ കേരള ധനവിനിയോഗ (14–ാം നമ്പർ ബിൽ

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, 2014–ലെ കേരള ധനവിനിയോഗ (14–ാം നമ്പർ ബിൽ ഞാൻ അവതിരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. കെ. എം. മാണി : സർ, 2014–ലെ കേരള ധനവിനിയോഗ (14–ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. കെ എം. മാണി : സർ, ബഡ്ജറ്റിനെ സംബന്ധിച്ചുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് വന്നു. അതനുസരിച്ചുള്ള ഡിമാന്റ് ചർച്ച മുഴുവൻ കഴിഞ്ഞു. പാസ്സായി. ഇപ്പോൾ ധനവിനിയോഗബില്ലിനെക്കുറിച്ചുള്ള ചർച്ചയാണ് നടക്കാൻ പോകുന്നത്. 70060 കോടി രൂപ വോട്ട് ചെയ്തു. 24141 കോടി രൂപ ചാർജ്ജ് ചെയ്തുള്ള ടോട്ടൽ എക്സ്പെന്റീച്ചറിന് വേണ്ടിയുള്ളതാണ് ഈ ബിൽ. ഈ ധനവിനിയോഗ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു. ചർച്ച കഴിഞ്ഞതിനുശേഷം സംസാരിക്കാം.

**ചർച്ച**

ശ്രീ. എസ്. ശർമ്മ : സർ, 2014–ലെ കേരള ധനവിനിയോഗ (14–ാം നമ്പർ) ബില്ലിനെ ഞാൻ എതിർക്കുകയാണ്. ബഡ്ജറ്റെന്നു പറയുന്നത് ഭരണ ഘടനാപരമായ ഒരു കണക്കുപുസ്തകമാണ്. അതിൽ ഫിനാൻസ് ബിൽ

എന്നുള്ളത് ടാക്സേഷൻ പോളിസിയെപ്പറ്റിയുള്ളതാണ്. എന്നാൽ ബഡ്ജറ്റിൽ അനുവദിക്കുന്ന തുക ചെലവഴിക്കുന്നതിനുള്ള സ്റ്റാറ്റ്യൂട്ടറി രേഖയാണ് അപ്രോപ്രിയേഷൻ ബിൽ. അതാണ് ഇവിടെ ബഹുമാനപ്പെട്ട ധനമന്ത്രി അവതരിപ്പിച്ചിട്ടുള്ളത്. 2012–2013–ലെ അപ്രോപ്രിയേഷൻ അക്കൗണ്ട്സ് എന്ന നിലയ്ക്ക് വിതരണം ചെയ്തിട്ടുള്ള പുസ്തകത്തിൽ, ഈ അപ്രോപ്രിയേഷൻ ബില്ലിൽ അനുവദിക്കപ്പെട്ടിട്ടുള്ള തുക സി & എ.ജി. പരിശോധിക്കുകയും അംഗീകരിച്ച് നൽകിയതുമാണ്, അനുവദിച്ചിട്ടുള്ള തുക പലതും ചെലവഴിച്ചിട്ടില്ലെ ന്നുള്ളതാണ് ഒന്നാമത്തെ കാര്യം. രണ്ടാമത്തെ കാര്യം, അനുവദിച്ചിട്ടുള്ള തുക പലതും പിൻവലിച്ചിരിക്കുന്നു. മൂന്നാമത്തെ കാര്യം, അനുവദിച്ചിട്ടുള്ള തുക വകമാറ്റി ചെലവ് ചെയ്തിരിക്കുന്നു. ഇത് ബഡ്ജറ്റ് മാന്വലിന്റെ ലംഘനമാണ്. വളരെ ഗൗരവകരമായി ബഡ്ജറ്റ് ചർച്ച ചെയ്യുകയും ടാക്സേഷൻ പോളിസി അംഗീകരിക്കുകയും അപ്രോപ്രിയേഷൻ ബിൽ പാസ്സാക്കുകയും വകുപ്പടിസ്ഥാനത്തിൽ കൊടുക്കുകയും ചെയ്യുന്ന തുക ചെലവഴിക്കാതെ മാറ്റിവയ്ക്കുകയും പിൻവലിക്കുകയും വകമാറ്റി ചെലവ് ചെയ്യുകയും ചെയ്യുന്നു.

ഈ രൂപത്തിൽ ബഡ്ജറ്റ് മാന്വലിന്റെ അന്തസത്തയ്ക്ക് നിരക്കാത്ത വിധത്തിലുള്ള നപടപടികളാണ് ഇവിടെ സ്വീകരിച്ചിട്ടുള്ളത്. ഈ പ്രവണത കൂടിക്കൂടി വരികയാണ്. സമയക്കുറവുകാരണം ഒരു നീണ്ട വിശദീകരണത്തിന് മുതിരുന്നില്ല. അപ്രോപ്രിയേഷൻ അക്കൗണ്ട്സിലെ പേജ് 60–ൽ ബഡ്ജറ്റ് ഹെഡ്ഡിൽ തിരുവനന്തപുരം–കൊച്ചി–കോഴിക്കോട് റോഡുകൾക്ക് അനുവദിച്ച തുക വക മാറ്റിയിരിക്കുന്നു. പേജ് 61–ൽ സീപോർട്ട് –എയർപോ

ർട്ട് റോഡുകളുടെ നിർമ്മാണം - തുക വക മാറ്റിയിരിക്കുന്നു. പേജ് 93-ൽ കേരളത്തിലെ ഐ.ഐ.റ്റി.-യുമായി ബന്ധപ്പെട്ട് അപ്രോപ്രിയേഷൻ ബില്ലിൽ കൊടുത്ത തുക ചെലവഴിച്ചിട്ടില്ല. പേജ് 117-ൽ, മെഡിക്കൽ കോളേജിലെ വേസ്റ്റ് ട്രീറ്റ്മെന്റ് സൗകര്യങ്ങൾ നിർമ്മിക്കുന്നതിന് അനുവദിച്ചിട്ടുള്ള തുക ചെലവഴിച്ചിട്ടില്ല. പേജ് 125-ൽ, ഹോമിയോപ്പതിയുമായി ബന്ധപ്പെട്ടിട്ടുള്ള കാര്യത്തിൽ അനുവദിച്ച തുക ചെലവഴിച്ചിട്ടില്ല. പേജ്-159, ഹൗസിംഗ് സ്കീമിന് അനുവദിച്ചിട്ടുള്ള തുക പൂർണ്ണമായും പിൻവലിച്ചു. പേജ് 165, കൊച്ചി നഗരത്തിലെ യാത്രാക്ലേശം ഒരു പരിധിവരെ പരിഹരിക്കുന്നതിനായി ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്ന വൈറ്റില മൊബിലിറ്റി ഹബ്-ന് അനുവദിച്ചിട്ടുള്ള തുക പൂർണ്ണമായും വക മാറ്റി. പേജ്- 311-ൽ മേജർ പോർട്ടുകൾക്ക് അനുവദിച്ചിട്ടുള്ള തുക പൂർണ്ണമായും പിൻവലിച്ചു. പേജ് 314-ൽ, പൊന്നാനി തുറമുഖത്തിന്റെ വികസനത്തിനനുവദിച്ച തുക പൂർണ്ണമായും പിൻവലിച്ചു. ശ്രീ. കെ. എം. മാണി കഴിഞ്ഞ പ്രാവശ്യമവതരിപ്പിച്ച ബഡ്ജറ്റിനെത്തുടർന്ന് പാസ്സാക്കിയിട്ടുള്ള അപ്രോപ്രിയേഷൻ ബില്ലിൽ വകുപ്പ് തിരിച്ച് അനുവദിച്ചിരുന്ന കാര്യങ്ങളാണ് ഞാനിവിടെ പറഞ്ഞത്. അപ്രോപ്രിയേഷൻ ബിൽ സി & എ.ജി. പരിശോധിച്ചതിന്റെയടിസ്ഥാനത്തിലുള്ളതാണ്. അങ്ങനെ അനുവദിച്ചുതന്നിട്ടുള്ള തുക വകമാറ്റി ചെലവുചെയ്യുകയോ പിൻവലിക്കുകയോ ചെലവ് ചെയ്യാതിരിക്കുകയോ ചെയ്ത ധനകാര്യ മാനേജ്മെന്റിനെക്കുറിച്ച് അങ്ങയുടെ മറുപടി പ്രസംഗത്തിൽ ഇവിടെ വിശദീകരിക്കുമെന്ന് ഞാൻ കരുതുന്നു. കഴിഞ്ഞ വർഷത്തെയനുഭവത്തിന്റെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ഈ വർഷത്തെ അപ്രോപ്രിയേഷൻ ബിൽ അവതരിപ്പിച്ച് അനുവാദം തേടുന്നതിനുള്ള ധാർമ്മിക ശക്തി ഗവൺമെന്റിനുണ്ടെന്ന്

പറയാൻ കഴിയില്ല. 2006- ൽ കേരളത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്ന സന്ദർഭത്തിൽ 400 കോടി രൂപ കമ്മിയായിരുന്നു. പക്ഷെ ആ ഗവൺമെന്റിന്റെ മികച്ച ധനമാനേജുമെന്റിന്റെ ഭാഗമായി അഞ്ചുവർഷത്തിനിടയിൽ ഒരിക്കൽപ്പോലും ഓവർ ഡ്രാഫ്റ്റ് എടുക്കുകയോ ട്രഷറി നിയന്ത്രണമേർപ്പെടുത്തുകയോ ചെയ്തില്ല. കരാറുകാരുടെ തുക കൊടുക്കുന്നതിൽ വീഴ്ച വരുത്തിയിരുന്നില്ല. 2011-ൽ കാലാവധി പൂർത്തീകരിച്ചപ്പോൾ 2500 കോടി രൂപ ട്രഷറിയിൽ മിച്ചം വച്ചാണ് എൽ.ഡി.എഫ് ഗവൺമെന്റ് അധികാരമൊഴിഞ്ഞത്. ഇപ്പോൾ കേരളത്തിന്റെ മൊത്തം കടം 1,10,000 കോടി രൂപയായി ഉയർന്നു. ഇന്നലെ ഇന്ത്യാ ഗവൺമെന്റ് പുറത്തുവിട്ട സാമ്പത്തിക സർവ്വേയുടെ കണക്കനുസരിച്ച് ഇന്ത്യയുടെ ആളോഹരി കടം 16000 രൂപയായിരിക്കുമ്പോൾ കേരളത്തിന്റെ ആളോഹരി കടം 25000 രൂപയായി മാറിയിരിക്കുകയാണ്. ഹരിയാനയും ഹിമാചൽപ്രദേശും കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ആളോഹരി കടമുള്ള സംസ്ഥാനമായി കേരളം മാറിക്കഴിഞ്ഞിരിക്കുകയാണ്. ഖജനാവ് കാലിയായതിനാൽ 500 കോടി രൂപയുടെ കടപ്പത്രമിറക്കിയിരിക്കുകയാണ്. 12500 കോടി രൂപയാണ് പൊതുവിപണിയിൽനിന്നും കടമെടുക്കുന്നതിന് അനുമതിയുള്ളത്. വികസന പ്രവർത്തനങ്ങൾക്കുവേണ്ടി കടമെടുക്കുന്നതിനാണ് അനുവാദമുള്ളത്. പക്ഷെ, ഇപ്പോൾ നിത്യനിദാന ചെലവുകൾക്ക് പോലും വായ്പയെടുത്തുവരികയാണ്. കഴിഞ്ഞ മൂന്നുവർഷത്തെ ധനമാനേജുമെന്റിലൂടെ 'വിത്തിനിട്ടത് എടുത്ത് കുത്തി കഞ്ഞി കുടിക്കുന്ന' അവസ്ഥയിലേയ്ക്ക് മാറിയിരിക്കുകയാണ്. ഇപ്പോൾ 3200 കോടി രൂപ വായ്പയെടുത്തത് ശമ്പളവും പെൻഷനും നൽകുന്നതിനുവേണ്ടിയാണ്. സംസ്ഥാനത്തിന്റെ നികുതിപിരിവിന്റെ മേഖല പരിശോധിച്ചാൽ, മദ്യ നയത്തിൽ ഒരു

തീരുമാനമെടുക്കാതെ നീണ്ടുപോകുന്നു. എക്സൈസ് നികുതിയിനത്തിലും രജിസ്ട്രേഷൻ നികുതിയിനത്തിലും കുറവ് സംഭവിച്ചിരിക്കുകയാണ്. ശമ്പള പരിഷ്ക്കരണമെന്ന കടമ്പ സർക്കാരിന്റെ മുമ്പിലുണ്ട്. ശമ്പളക്കമ്മീഷന്റെ കാലാവധി ആറുമാസത്തേയ്ക്ക് കൂടി നീട്ടിയിരിക്കുകയാണ്. ഏറ്റവും ഗൗരവ തരമായിട്ടുള്ള കാര്യം, ഈ സംസ്ഥാനത്തിലെ പാവപ്പെട്ട ജനങ്ങൾ കുത്തു പാളയെടുക്കുന്ന ഈ അവസ്ഥയിൽ, 6565 കോടി രൂപ വാണിജ്യ നികുതി പിരിച്ചെടുക്കാനുണ്ട്. വൈദ്യുതിബോർഡിൽ, 1381 കോടി രൂപ കുടിശ്ശികയിന ത്തിൽ മാത്രമായി പിരിച്ചെടുക്കാനുണ്ട്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് സമ്മേളനത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഏറ്റവും ശ്രദ്ധേയ മായ ഒരവതരണം നടത്തി; കേരളമുണ്ടായതിനുശേഷമുള്ള എറ്റവും വലിയ പ്ലാൻ അലോക്കേഷൻ എന്നുള്ള നിലയ്ക്ക് 17000 കോടി രൂപയുടെ വാർഷിക പദ്ധതിയാണ് അവതരിപ്പിക്കുന്നതെന്ന് പറയുകയുണ്ടായി. അങ്ങനെ അവത രിപ്പിച്ചിട്ടുള്ള വാർഷിക പദ്ധതിയിൽ ഈ ഏപ്രിൽ മാസം കഴിയുമ്പോൾ 76% മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. അതായത് 4300 കോടി രൂപ ചെലവ ഴിക്കാൻ സാധിച്ചിട്ടില്ല. അപ്പോൾ ഏറ്റവും വലിയ വാർഷിക പദ്ധതി അവതരി പ്പിക്കുകയും ഏറ്റവും വലിയ ചെലവ് വെട്ടിക്കുറയ്ക്കൽ നടപ്പാക്കുകയും ചെയ്തുകൊണ്ട് വികസനത്തിൽ ഏറ്റവും പിന്നോക്കം പോകുന്ന നയവും നടപടിയും സ്വീകരിച്ചുവെന്നാണ് ഇത് കാണിക്കുന്നത്. വിൽപ്പന നികുതി, എക്സൈസ് നികുതി, വൈദ്യുതി ചാർജ് ഇനങ്ങളിലായി 8000 കോടി രൂപ യാണ് ഈ സംസ്ഥാനത്ത് പിരിച്ചെടുക്കാനുള്ളത്. ശാസ്ത്രീയമായ ഒരു സമീപനം സ്വീകരിച്ച് ഈ ഫണ്ട് പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീക രിക്കണം. ഇന്ന് പരമ്പരാഗത വ്യവസായങ്ങൾ നാശത്തിന്റെ വക്കിലാണ്.

അവ ശവപ്പറമ്പിലേയ്ക്ക് നീങ്ങുകയാണ്. കയർ കയറ്റുമതി ചെയ്ത് 1500 കോടി രൂപയുടെ വിദേശനാണ്യം നേടിയ കണക്കിവിടെ പറയുകയുണ്ടായി. കയർ തൊഴിലാളിയുടെ ജീവിതം കയർ പിരിയുന്നതുപോലെ പിരിഞ്ഞ് തകരുന്ന ഒരവസ്ഥയിലേയ്ക്കെത്തി. കൈത്തറി-ഖാദി വ്യവസായം, മത്സ്യബന്ധന മേഖല, ഈറ്റ, പനമ്പ്, ആർട്ടിസൻസ് തുടങ്ങിയിട്ടുള്ള പരമ്പരാഗത വ്യവസായങ്ങൾ ശ്മശാന മൂകമായ അന്തരീക്ഷത്തിലാണ്. അധികം താമസിയാതെ അവ ശവപ്പറമ്പിലേയ്ക്കെത്തുമെന്ന് നിസ്സംശയം പറയാം. ഗവൺമെന്റ് ഈ നയമാണ് തുടരുന്നതെങ്കിൽ പരമ്പരാഗത വ്യവസായ മേഖലയിൽ പട്ടിണി മരണമാരംഭിക്കാൻ പോകുന്ന സ്ഥിതിവിശേഷമാണ് വളർന്നുവന്നിരിക്കുന്നത്. അങ്ങേയറ്റത്തെ ഗൗരവത്തോടുകൂടി പരിഗണിക്കേണ്ട ഒരു മേഖലയാണിത്. മത്സ്യ മേഖലയെക്കുറിച്ചിവിടെ വിശദമായി ചർച്ച ചെയ്യപ്പെട്ടതാണ്. കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി ബഡ്ജറ്റിൽ പറഞ്ഞ തുക പോലും റിലീസ് ചെയ്തുകൊടുക്കാത്ത സ്ഥിതിവിശേഷമുണ്ടായിരിക്കുകയാണ്. നികുതി സമാഹരണത്തിലെ ഗുരുതരമായ വീഴ്ചമൂലം ഗണ്യമായ കുറവ് സംഭവിച്ചിരിക്കുകയാണ്. നികുതി സമാഹരണം പരാജയപ്പെട്ടാൽ, കേരളത്തിലെ സാധാരണ ജനങ്ങൾക്ക് ഒരു നികുതിക്കുപകരം ഇരട്ട നികുതിയുടെ ശിക്ഷയും ആക്രമണവുമാണ് കുടിശ്ശിക പിരിവ് വരുന്നതിന്റെ ഫലമായി സംഭവിക്കുക. ഇതെല്ലാം ഉയർന്നുവന്നത് ആഗോള സാമ്പത്തിക പരിഷ്ക്കാരത്തെത്തുടർന്നാണ്. ഈ ജനവിരുദ്ധ നയം രണ്ടര ദശാബ്ദക്കാലമായി തുടർന്നുവരുന്നതാണ്. വിദേശ മൂലധനശക്തികൾ ഈ രാജ്യത്തെയൊരു മാർക്കറ്റായി വെട്ടിപ്പിടിക്കാൻ ശ്രമിക്കുകയാണ്. അതിന് കൂട്ടുനിൽക്കുന്ന നയം കേന്ദ്രത്തിൽ യു.പി.എ. ഗവൺമെന്റ് സ്വീകരിച്ചു. ഗാന്ധി

പിറന്ന ഈ നാട്ടിൽ, ഗാന്ധി ഘാതകന്റെ രാഷ്ട്രീയം കേവല ഭൂരിപക്ഷത്തോടുകൂടി അധികാരത്തിൽ വരാൻ ഇടയായെങ്കിൽ അതിന്റെ ഒന്നാമത്തെ ഉത്തരവാദിത്വം കോൺഗ്രസ്സിനുതന്നെയാണ്. ഇപ്പോഴും ഇന്ത്യ ഭരിക്കുന്നത് കോൺഗ്രസ്സാണെന്ന മട്ടിലാണ് ഇവിടെ കോൺഗ്രസ്സ് പ്രതിനിധികൾ ചർച്ചയിൽ പങ്കെടുക്കുന്നത്. ഹിന്ദുത്വ പ്രത്യയ ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ കേവല ഭൂരിപക്ഷത്തോടുകൂടി ഒരു പാർട്ടിക്ക് ഇന്ത്യയിൽ അധികാരത്തിൽ വരാൻ കഴിഞ്ഞത് യു.പി.എ. സർക്കാർ സ്വീകരിച്ച ജനവിരുദ്ധ സാമ്പത്തിക നയത്തിന്റെയും അഴിമതിയുടെയും വിലക്കയറ്റത്തിന്റെയും ഫലമായാണ്. ഈ രാജ്യത്തിലെ ജനങ്ങളെ കൊള്ളയടിക്കാൻ, പെട്രോൾ, ഡീസൽ, രാസവളം എന്നിവയുടെ വില സ്വതന്ത്രമായി നിർണ്ണയിക്കാൻ കോർപ്പറേറ്റുകൾക്ക് അവസരം കൊടുത്തുകൊണ്ട് ഗവൺമെന്റ് ഉത്തരവാദിത്വത്തിൽനിന്നും ഒഴിഞ്ഞുമാറി. അതുതന്നെയാണ് ഇപ്പോൾ ബി.ജെ.പി. ഗവൺമെന്റും ചെയ്യുന്നത്. അതുകൊണ്ട് അവരെ വിമർശിക്കാനുള്ള ധാർമ്മികമായ അവകാശം കോൺഗ്രസ്സിനില്ല. ഇതിനെതിരെ പോരാടിയ പാർട്ടിയായ സി.പി.ഐ.(എം)-നും ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തിനും ഈ തെരഞ്ഞെടുപ്പിൽ തിരിച്ചടി നേരിട്ടിട്ടുണ്ട്. ആ പച്ചയായ സത്യം ഞങ്ങൾ അംഗീകരിക്കുന്നു. പക്ഷെ ഒരു കാര്യം ഞങ്ങൾക്ക് പറയാൻ കഴിയും, 1977-ൽ ഈ നിയമസഭയിൽ മഹാനായ സഖാവ് ഇ.എം.എസ് പ്രതിപക്ഷ നേതാവായത് വെറും 17 പേരുടെ പിൻബലത്തോടുകൂടിയാണ്. അന്ന് ഇന്ത്യൻ പാർലമെന്റിലേയ്ക്ക് കേരളത്തിൽനിന്നും സി.പി.ഐ.(എം)-ന് ഒരു എം.പി. പോലുമുണ്ടായിരുന്നില്ല. പിന്നീട് രാഷ്ട്രീയ സാഹചര്യം മാറി. രണ്ട് വർഷങ്ങൾ പിന്നിട്ടപ്പോൾ ഒരു ഫീനിക്സ് പക്ഷിയെപ്പോലെ കേരളത്തിൽ തിരിച്ചുവന്ന പാരമ്പ

ര്യം സി.പി.ഐ.(എം)-നും ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥനത്തിനുമുണ്ട്. ഭൂമി ഉരുണ്ടതാണെന്ന് പറഞ്ഞതിന്റെ പേരിൽ ഗലീലിയോയ്ക്ക് പീഡനങ്ങൾ ഏറ്റുവാങ്ങേണ്ടി വന്നു, ജീവത്യാഗം ചെയ്യേണ്ടിവന്നു. പക്ഷെ ശാസ്ത്രം അത് ശരിവച്ചതുപോലെ ഇടതുപക്ഷ രാഷ്ട്രീയത്തെ ഇന്നല്ലെങ്കിൽ നാളെ ശരി വയ്ക്കുമെന്ന് ആവർത്തിച്ച് വ്യക്തമാക്കിക്കൊണ്ട്, ജനവിരുദ്ധ സാമ്പത്തിക നയങ്ങളാണ് ഇവിടെ സ്വീകരിക്കുന്നതെന്നുള്ളതുകൊണ്ട് ഞാൻ ഈ ബില്ലിനെ ശക്തിയായി എതിർക്കുന്നു.

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകയാണ്. സംസ്ഥാനത്തിന്റെ 2013-14 വർഷത്തെ സാമ്പത്തിക നിലവാരം വളരെ മെച്ചപ്പെട്ടതായിരുന്നുവെന്നുള്ളത് വിവിധ മേഖലകളിലെ പ്രവൃത്തികളെടുത്ത് പരിശോധിച്ചാൽ ബോദ്ധ്യമാകുന്നതാണ്. രാജ്യത്തെ ജി. ഡി.പി. വളർച്ചാനിരക്കിനേക്കാളും വളരെ ഉയർന്ന നിരക്കായിരുന്നു നമ്മുടേത്. 2013-14 സാമ്പത്തിക വർഷത്തിൽ റവന്യൂ വരുമാനത്തിൽ 16.5 ശതമാനം വർദ്ധനവുണ്ടായി. അതോടൊപ്പം റവന്യൂ ചെലവും 16 ശതമാനം വർദ്ധിച്ചു എന്നതാണ് സാമ്പത്തിക മാനേജ്മെന്റിന്റെ ഏറ്റവും വലിയ പ്രത്യേ കത. 2013-14-ലെ ക്യാപ്പിറ്റൽ എക്സ്പെൻഡീച്ചർ 19 ശതമാനം വർദ്ധിച്ചു, 750.37 കോടി രൂപയാണ് കൂടുതലായി മുതൽ മുടക്കിയത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഉറച്ച ഇച്ഛാശക്തിയാണ് ഇത് കാണിക്കുന്നത്. സർക്കാർ മുതൽമുടക്കിയതുമൂലം തിരിച്ചുവരവ് ആശങ്കാജനകമാണ്. 1.3 ശതമാനം മാത്രമായിരുന്നു ഈ കാലഘട്ടത്തിൽ എന്നത് എടുത്തുപറയാതിരിക്കാൻ

നിവൃത്തിയില്ല. അതുകൊണ്ട് നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളെ കൂടുതൽ ശക്തിപ്പെടുത്താനും ലാഭകരമാക്കാനുമുള്ള ഇടപെടലുണ്ടാകണം. സംസ്ഥാനത്തിന്റെ ജി.എസ്.ഡി.പി. (ഗ്രോസ് സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രോഡക്ട്) 31.7 ശതമാനമായിരിക്കുമെന്നാണ് കഴിഞ്ഞ വർഷത്തെ സാമ്പത്തിക അവലലോകനത്തിൽ പറഞ്ഞിരുന്നത്; അത് 29.7 ശതമാനത്തിൽ നിലനിർത്തിയെന്നത് ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രിയുടെയും വകുപ്പിന്റെയും മാനേജ്മെന്റിന്റെ തെളിവാണ്. ഇക്കാര്യത്തിൽ ധനകാര്യവകുപ്പുമന്ത്രിയേയും ധനകാര്യവകുപ്പിനേയും ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. നിശ്ചയിച്ചതിനേക്കാളും 10,896.54 കോടി രൂപ കുറച്ചാണ് കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനം ചെലവു ചെയ്തത്. പൊതുജനങ്ങളുടെ താൽപ്പര്യപ്രകാരം ചില മേഖലകളിൽ അധിക ചെലവുണ്ടായിട്ടുണ്ട്. ഇത്രയും അധിക സേവിംഗ്സ് ഉണ്ടായതുകൊണ്ട് അതിൽനിന്നും അധിക ചെലവ് ഉപയോഗപ്പെടുത്താൻ കഴിയുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം ആരംഭിക്കുമ്പോൾ, കേന്ദ്ര ഏജൻസികളിൽ നിന്നും ലഭിച്ചതിൽ 708.53 കോടി രൂപ നമ്മുടെ സംസ്ഥാനത്ത് ബാക്കിയുണ്ടായിരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം ലഭിച്ച തുകയും ഉൾപ്പെടുത്തി ചെലവുചെയ്തതിനു ശേഷം 500 കോടി രൂപ ബാലൻസുള്ളതായാണ് സാമ്പത്തിക അവലോകനത്തിൽ കാണുന്നത്. ഇക്കാര്യം പരിഹരിക്കപ്പെടണം. കേന്ദ്ര ഗവൺമെന്റ് തരുന്ന പണം നമ്മുക്ക് സമയബന്ധിതമായി ചെലവഴിക്കാൻ കുറച്ചുകൂടി ഇടപെടലുണ്ടാകണം. കേന്ദ്ര ഏജൻസികളിൽ നിന്നും കിട്ടുന്ന തുക പൂർണ്ണമായും ചെലവഴിക്കുവാനും അതുവഴി കൂടുതൽ തുക വാങ്ങിയെടുക്കാനും

സംസ്ഥാന ഗവൺമെന്റ് ശ്രദ്ധ ചെലുത്തിയാൽ, നമുക്ക് ഏതെങ്കിലും മേഖലയിൽ കൂടുതൽ പണത്തിന്റെ ആവശ്യമുണ്ടെങ്കിൽ അതെല്ലാം വിനിയോഗിക്കാൻ സാധിക്കുന്നതാണ്. 13-ാം ധനകാര്യ കമ്മീഷൻ നിശ്ചയിച്ചതിലും 6 ശതമാനം കൂടുതലായിരുന്നു കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ നികുതി പിരിവ്; അത് ഏകദേശം 30,077 കോടി രൂപയായി മാറി. കഴിഞ്ഞ സാമ്പത്തിക വർഷം പ്രതീക്ഷിച്ചതിനേക്കാൾ 851 കോടി രൂപ കൂടുതൽ കേന്ദ്ര നികുതി വിഹിതം ലഭിക്കുകയുണ്ടായി; ഇത് 14.2 ശതമാനമായിരുന്നു. 13-ാം ധനകാര്യ കമ്മീഷന്റെ അവാർഡ് ലഭിക്കുന്ന തുകയുടെ ഉപയോഗത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്. മുഴുവൻ തുകയും വാങ്ങിയെടുക്കാൻ കുറച്ചുകൂടി ഇടപെടൽ അനിവാര്യമാണ്. കഴിഞ്ഞ സാമ്പത്തിക വർഷം വികസന ഫണ്ടിനത്തിൽ 4000 കോടി രൂപ പ്രാദേശിക സർക്കാരുകൾക്ക് നൽകിയിട്ടുണ്ട്. സർക്കാരിന്റെ സമയോചിതമായ ഇടപെടൽ മൂലം ഈ ഫണ്ടിന്റെ വിനിയോഗം 85 ശതമാനത്തിൽ എത്തിയിട്ടുണ്ട്. കേരളത്തിൽ ആദ്യമായാണ് നമ്മുടെ പ്രാദേശിക ഗവൺമെന്റുകൾക്ക് കൊടുത്ത പണത്തിന്റെ 85 ശതമാനം ചെലവഴിക്കപ്പെട്ടത്. ബാക്കി 15 ശതമാനം, അതായത് 600 കോടി രൂപയോളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഈ വർഷം കൊടുക്കുന്ന പണം മുഴുവനും ചെലവഴിക്കപ്പെടുന്നതിനുവേണ്ടി കുറച്ചുകൂടി നല്ല രീതിയിലുള്ള ഇടപെടലുണ്ടാകണം. അപ്പോൾ നമുക്ക് 100 ശതമാനവും എക്സ്പെൻഡിച്ചറാക്കിയെടുക്കാൻ സാധിക്കുന്നതാണ്. 2014-

15 സാമ്പത്തിക വർഷം 20,000 കോടി രൂപയുടെ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയ്ക്ക് അകത്തും പുറത്തും ആവർത്തിച്ച് പറഞ്ഞിട്ടുണ്ട്. മേജർ ഇൻവെസ്റ്റ്മെന്റ് പദ്ധതികൾക്ക് അനുമതി നൽകി, കാലതാമസം ഒഴിവാക്കി, എത്രയും വേഗം നടപ്പിലാക്കാൻ ശ്രമിക്കണം. അതോടൊപ്പം തന്നെ ഈ സാമ്പത്തിക വർഷം മുതൽ പദ്ധതികളുടെ മുൻഗണന ക്രമം പുനർനിശ്ചയിച്ചുകൊണ്ട് കാര്യക്ഷമമായ മാറ്റം വരുത്തണമെന്നാണ് എനിക്ക്  അഭ്യർത്ഥിക്കാനുള്ളത്. വൻകിട പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കണം. കുടിവെള്ള പദ്ധതികൾക്ക് മുൻഗണന നൽകണം. കേരളത്തിൽ കുടിവെള്ളത്തിന് വലിയ ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്.  ആഴ്ചയിൽ ഒരു ദിവസം മാത്രം കുടിവെള്ളം കിട്ടുന്ന ധാരാളം പ്രദേശങ്ങൾ കേരളത്തിലുണ്ട്. അതുകൊണ്ട് കേരളത്തിലെ മുഴുവൻ ആളുകൾക്കും എല്ലാ ദിവസവും കുടിവെള്ളം കിട്ടത്തക്കരീതിയിൽ, കുടിവെള്ള പദ്ധതികൾക്ക് മുൻഗണന കൊടുക്കുന്നതിനും കൂടുതൽ പണമനുവദിക്കുന്നതിനും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകണം.

വിലക്കയറ്റം  ഇന്നൊരു യാഥാർത്ഥ്യമാണ്. അത് സാർവ്വദേശീയമാണ്. ജനങ്ങൾ ഏറ്റവും കൂടുതൽ പ്രയാസപ്പെടുന്നത് വിലക്കയറ്റത്താലാണ്. ഈ സന്ദർഭത്തിൽ മാർക്കറ്റിൽ കൂടുതൽ ഇടപെട്ടുകൊണ്ട് നമ്മുടെ പൊതുവിതരണ ശൃംഖലയെ ശക്തിപ്പെടുത്തണം. സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴിയും റേഷൻ കടകൾ വഴിയും പാവപ്പെട്ടവന് സബ്സിഡി നിരക്കിൽ നൽകുന്ന ഭക്ഷ്യോൽപ്പന്നങ്ങൾ കൂടുതൽ നൽകുന്നതിനും, അത് കൃത്യമായി നൽകുന്നതിനും ആവശ്യമായ സഹായങ്ങൾ നൽകണമെന്നും അതിനായി ബഹുമാന

പ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ വർഷം കൂടുതൽ പണം നൽകുമെന്നും വിശ്വസിക്കുകയാണ്.

മുൻഗണന നൽകേണ്ട മറ്റൊരു മേഖലയാണ് ആരോഗ്യം. സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. ഡോക്ടർമാരുടേയും നഴ്സുമാരുടേയും നിലവിലുള്ള ഒഴിവുകൾ പി.എസ്.സി. വഴി നികത്താൻ നിർബന്ധമായും നടപടി സ്വീകരിക്കണം. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൂടുതൽ പിന്തുണ നൽകി എല്ലാ ആശുപത്രികളിലും മരുന്നുകൾ വിതരണം നടത്തണം.

ഈ സഭയിലെ മുഴുവൻ എം.എൽ.എ. മാരും ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയേയും റവന്യൂ വകുപ്പു മന്ത്രിയേയും ഏറ്റവും കൂടുതൽ സമീപിക്കുന്നത് ഗാമീണ റോഡുകൾക്കായാണ്. ബഹുമാനപ്പെട്ട ചെയറിനും ഇക്കാര്യം അറിയാവുന്നതാണ്. അദ്ദേഹത്തിന്റെ മണ്ഡലത്തിലെ റോഡുകളുടെ സ്ഥിതിയും ഇതുതന്നെയാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഗ്രാമീണ റോഡുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ വളരെ പ്രയാസമാണ്. അതുകൊണ്ട് ഗ്രാമീണ റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പ്രത്യേക താൽപ്പര്യം കാണിക്കണം. ഇത് ജനങ്ങളെ ഏറ്റവും കൂടുതൽ ബാധിക്കുന്ന ഒരു വിഷയമാണ്.

കർഷകത്തൊഴിലാളി പെൻഷനുൾപ്പെടെയുള്ള മുഴുവൻ ക്ഷേമ പെൻഷനുകളുടെയും കുടിശ്ശിക ഓണത്തിനുമുമ്പ് പൂർണ്ണമായും കൊടുത്തുതീർക്കണം. തീരദേശ മേഖലയിലെ തൊഴിലാളികളുടെ കാര്യത്തിൽ കുറച്ചുകൂടി പരിഗണന കൊടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

തീരദേശമേഖലയുടെ കാര്യത്തിൽ കുറച്ചുകൂടി പരിഗണന നൽകണമെന്ന് അപേക്ഷിക്കുകയാണ്. ഒരുപക്ഷേ, കേരളത്തിന്റെ ചരിത്രത്തിൽ മത്സ്യ

ത്തൊഴിലാളികൾക്കുവേണ്ടി ഏറ്റവും കൂടുതൽ സഹായം പ്രഖ്യാപിച്ചത് ഈ ഗവൺമെന്റാണ്. മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ നൽകുന്നതിനായി 100 കോടി രൂപയാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചത്. ആ 100 കോടി രൂപയും അനുവദിച്ചുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ കൊടുക്കുന്ന ഗവൺമെന്റ് സ്കീമിന് പിന്തുണ നൽകണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്, ശ്രീ. എസ്. ശർമ്മ മന്ത്രിയായിരുന്നപ്പോൾ കൊണ്ടുവന്ന മത്സ്യത്തൊഴിലാളി കടാശ്വാസ ബിൽ ഏകകണ്ഠേന പാസ്സാക്കിയതാണ്. 2015 വർഷത്തോടുകൂടി മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ കാലാവധി പൂർത്തീകരിക്കുകയാണ്. ഏകദേശം 200 കോടി രൂപയോളം കടാശ്വാസ കമ്മീഷന് കൊടുക്കാനുണ്ട്. അതുകൊണ്ട് അവാർഡ് ചെയ്യപ്പെട്ട പണം നൽകുന്നതിന് നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിക്കുമ്പോഴും ബഡ്ജറ്റ് ചർച്ചയിൽ മറുപടി പറയുമ്പോഴും എം.എൽ.എ. മാരായ ശ്രീ. ഡൊമിനിക് പ്രസന്റേഷനും ശ്രീ. ഹൈബി ഈഡനും ഞാനും ഉൾപ്പെയുള്ളവർ ഇക്കാര്യം ആവർത്തിച്ച് പറഞ്ഞിട്ടുള്ളതാണ്. അവർക്ക് ഇരുപത്തഞ്ചോ അമ്പതോ കോടി രൂപ കൊടുത്തിട്ട് കാര്യമില്ല; അതുകൊണ്ട് 250 കോടി രൂപ കൊടുക്കണം; 100 കോടി രൂപയെങ്കിലും ഈ വർഷം അടിയന്തിരമായി നൽകണം. മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്ക് സെസ്സ് പിരിക്കാനുള്ള നിയമം നിയമസഭ ഏകകണ്ഠേന പാസ്സാക്കിയതാണ്. വൻകിട മത്സ്യകയറ്റുമതിക്കാരിൽനിന്ന് കയറ്റുമതിയുടെ ഒരു ശതമാനം സെസ്സ് പിരിക്കാൻ തീരുമാനിച്ചു. മത്സ്യകയറ്റുമതിക്കാർ സുപ്രീം കോടതിയെ സമീപിച്ചു. കേസ് ഹൈക്കോടതിയിൽ വീണ്ടും വന്നു; അതിന്റെ വാദം മുഴുവൻ കഴിഞ്ഞിട്ടും വിധി വരാതെ കിടക്കുകയാണ്. ബഹു

മാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഒരു നിയമവകുപ്പുമന്ത്രി കൂടിയാണ്. അതു കൊണ്ട് ഇക്കാര്യത്തിൽ എ.ജി.-യുമായി ബന്ധപ്പെട്ട് ആവശ്യമായ ഇടപെടൽ നടത്തി അനുകൂലമായ വിധി സമ്പാദിക്കണമെന്ന് ഞാൻ പ്രത്യേകമായി അഭ്യർത്ഥിക്കുകയാണ്.

കേരളത്തിന്റെ അഭിമാനമാണ് ട്രഷറി സേവിംഗ്സ്. ജീവനക്കാരുടെ ശമ്പളം പൂർണ്ണമായും ട്രഷറി വഴി നൽകാനുള്ള നടപടി സ്വീകരിക്കണം. ട്രഷറിയിൽ കോർ ബാങ്കിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ തീരുമാനിച്ചതി നാൽ സർക്കാർ ജീവനക്കാരുടെ ശമ്പളം ട്രഷറി സേവിംഗ്സ്വഴി വിതരണം ചെയ്യാവുന്നതാണ്. ഒരു മാസത്തെ ശമ്പളമായ ഏകദേശം 1400 കോടി രൂപ റ്റി.എസ്.ബി-യിൽ നിക്ഷേപിക്കുകവഴി ആദ്യ ദിവസങ്ങളിൽ ഈ പണം ട്രഷ റിയിലുണ്ടാകും. അങ്ങനെ ഏകദേശം 400 കോടി രൂപയെങ്കിലും ട്രഷറിയിൽ ശമ്പളത്തിന്റെ ഭാഗമായുണ്ടാകും. ബാങ്ക് വഴി ശമ്പളം വിതരണം ചെയ്യാൻ തീരുമാനിച്ചത് പുന:പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. എല്ലാ ട്രഷറികളിലും എ.ടി.എം. സംവിധാനം ഏർപ്പെടുത്തണം. ബഹുമാനപ്പെട്ട ധന കാര്യ വകുപ്പുമന്ത്രി സെക്രട്ടറിയേറ്റിലുൾപ്പെടെ തിരുവനന്തപുരത്ത് രണ്ട് ട്രഷ റികളിലും എറണാകുളത്തും കോഴിക്കോടും ഓരോ ട്രഷറികളിലുമായി 4 ട്രഷറികളിൽ എ.ടി.എം സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. 213 ട്രഷറികളിലും എ.ടി.എം സംവിധാനം ഏർപ്പെടുത്തിയാൽ ജീവനക്കാർക്ക് ശമ്പളവും പെൻഷനും എ.ടി.എം വഴി എടുക്കാൻ സാധിക്കും. അതിനു വേണ്ടി അങ്ങ് പ്രത്യേക താൽപ്പര്യമെടുക്കുമെന്ന് വിശ്വസിക്കുകയാണ്. കാസർഗോഡ് മാലക്കല്ല് ട്രഷറി ഉദ്ഘാടനവേളയിൽ ട്രഷറി ഗ്രാമീണ സേവന കേന്ദ്രങ്ങൾ ആരംഭിക്കുമെന്ന് അങ്ങ് പറഞ്ഞതായി പത്രവാർത്തയു

ണ്ടായിരുന്നു. അത് ഇന്ത്യയിൽ ഒരു മോഡലാണ്. ഇന്നലെ സഭയിൽ പറഞ്ഞതുപോലെ, നിരവധി ഗവേഷണങ്ങൾ നടത്തി പലതും കണ്ടുപിടിച്ച് അത് സഭയിലും പുറത്തും അവതരിപ്പിക്കുന്ന ധനകാര്യ വകുപ്പുമന്ത്രി നല്ലൊരു ഗവേഷകൻ കൂടിയാണ്. അങ്ങ് നടത്തിയ പുതിയ ഗവേഷണത്തിന്റെ ഭാഗമായുള്ള ഗ്രാമീണ ട്രഷറി സേവന കേന്ദ്രങ്ങൾ ഇന്ത്യയിൽ ആദ്യമായിട്ടായിരിക്കും ആരംഭിക്കുന്നത്. ഒരു പൈസപോലും ട്രഷറി ഡിപ്പാർട്ടുമെന്റിന് ചെലവില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി ജീവനക്കാരെ പുനർവിന്യസിച്ചാൽ ഗ്രാമീണ സേവന കേന്ദ്രങ്ങൾ ട്രഷറിയുടെ കീഴിൽ ആരംഭിക്കാൻ കഴിയും. അതുകൊണ്ട് നമ്മുടെ മുൻഗണനാക്രമത്തിൽ മാറ്റം വരുത്തി സാധാരണക്കാർക്ക് ഗുണകരമാകുന്ന രീതിയിൽ അവരെ ബാധിക്കുന്ന പ്രശ്നങ്ങൾക്ക് പ്രഥമ പരിഗണന നൽകാൻ ശ്രമിക്കണമെന്നുകൂടി പറഞ്ഞുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. പി. തിലോത്തമൻ: സർ, ഈ ബില്ലിനെ ഞാൻ ശക്തിയായി എതിർക്കുകയാണ്. ഈ ഗവൺമെന്റിന്റെ മൂന്ന് വർഷത്തെ പ്രവർത്തനങ്ങളുടെ ബാലൻസ് ഷീറ്റ് പരിശോധിച്ചാൽ നേട്ടങ്ങളല്ല, കോട്ടങ്ങളുടെ നീണ്ട പട്ടികയാണ് കാണാൻ സാധിക്കുന്നത്. അതുകൊണ്ടാണ് ഈ ബില്ലിനെ ഞാൻ ശക്തിയായി എതിർക്കുന്നത്. ഇവിടെ എനിക്കുമുമ്പ് സംസാരിച്ച ശ്രീ. എസ്. ശർമ്മ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമുണ്ടായ കടത്തിന്റെ വർദ്ധനവ് കണക്കുകൾ സഹിതം ഉദ്ധരിക്കുകയുണ്ടായി. കടം വാങ്ങിയത് നമ്മുടെ മൂലധന നിക്ഷേപത്തിനുവേണ്ടി ചെലവഴിക്കാനോ

പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനോ നല്ല പദ്ധതികൾ ആരംഭിക്കാനോ അല്ല. നമ്മുടെ നിത്യനിദാന ചെലവുകൾക്കുവേണ്ടി കടം വാങ്ങി ചെലവഴിച്ചുവെന്നാണ് വസ്തുതകൾ പരിശോധിച്ചാൽ കാണാൻ കഴിയുന്നത്. അതുകൊണ്ടാണ് കേരളത്തിന്റെ ആളോഹരി കടത്തിന്റെ ശരാശരി നിരക്ക് ഇന്ത്യയുടേതിനേക്കാൾ ഉയർന്നതെന്നാണ് ഉദാഹരണസഹിതം അദ്ദേഹം ചൂണ്ടിക്കാണിച്ചത്. ഈ ഗവൺമെന്റ് മൂന്ന് വർഷം പിന്നിടുന്ന സന്ദർഭത്തിൽ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ എവിടെ നിൽക്കുന്നു എന്ന് പരിശോധിക്കേണ്ടതാണ്. വിലക്കയറ്റം വാണംപോലെ കുതിച്ചുയരുകയാണ്. എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. റ്റി. എൻ. പ്രതാപൻ പറഞ്ഞത് വാസ്തവമല്ല. മാർക്കറ്റ് ഇന്റർവെൻഷന് ചരിത്രത്തിലെ ഏറ്റവും കുറഞ്ഞ തുക നീക്കിവച്ചു. ഒരു പ്രയോജനവും മാർക്കറ്റ് ഇന്റർവെൻഷൻ സംവിധാനം വഴി ഉണ്ടാക്കാൻ കഴിയുന്നില്ല. മാവേലി സ്റ്റോറുകളും പൊതുവിതരണ കേന്ദ്രങ്ങളും നോക്കുകുത്തികളായി അധഃപതിച്ചു എന്നതാണ് വാസ്തവം. മാവേലി സ്റ്റോറുകളിലും പൊതുവിതരണ കേന്ദ്രങ്ങളിലും സബ്സിഡി ഇനങ്ങളുടെ എണ്ണം കുറയ്ക്കുകയും ആവശ്യത്തിന് സാധനങ്ങൾ വാങ്ങിവയ്ക്കുകയും ചെയ്യുന്നില്ല. അവയെ പ്രവർത്തനക്ഷമമാക്കാൻ കാര്യക്ഷമമായ പ്രവർത്തനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നില്ല. മാർക്കറ്റ് ഇന്റർവെൻഷൻ എന്ന് പറയാമെന്നല്ലാതെ പൊതുവിതരണ സമ്പ്രദായത്തെ ആ രൂപത്തിലേയ്ക്ക് വളർത്തിക്കൊണ്ടുവരാൻ ഈ ഗവൺമെന്റിന് കഴിഞ്ഞ മൂന്ന് വർഷക്കാലത്തെ പ്രവർത്തനത്തിലൂടെ കഴിഞ്ഞിട്ടില്ല എന്നതാണ് വസ്തുത. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പുതിയതായി ഒരു വ്യവസായ സ്ഥാപനവും ആരംഭിച്ചിട്ടില്ല. എന്നുമാത്രമല്ല, കേരളത്തിലെ മഹാഭൂരിപക്ഷം ആളുകളും പണിയെടുത്ത് ജീവിക്കുന്ന കൃഷിയും പരമ്പരാഗത വ്യവ

സായവും ചരിത്രത്തിലെ ഏറ്റവും വലിയ തിരിച്ചടി നേരിടുന്ന സന്ദർഭമാണി ത്. പരമ്പരാഗത വ്യവസായങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് കയർ വ്യവസായ മാണ്. കയർമേഖലയെക്കുറിച്ച് കഴിഞ്ഞദിവസം ബഹുമാനപ്പെട്ട മന്ത്രി കുറെ കാര്യങ്ങൾ പറഞ്ഞു. അതൊന്നും വസ്തുതയുമായി യാതൊരു ബന്ധവുമു ള്ളതല്ല. കയർ വ്യവസായം ചരിത്രത്തിലെ ഏറ്റവും വലിയ തകർച്ചയെ നേരി ടുകയാണ്. കയർമേഖലയിൽ 5 ലക്ഷത്തോളം ആളുകൾ പണിയെടുക്കു കയും 20 ലക്ഷത്തോളം ആളുകൾ അതിനെ ആശ്രയിച്ച് ജീവിച്ചുകൊ ണ്ടിരുന്ന കാലം ഉണ്ടായിരുന്നു. ആ സ്ഥിതിയിൽനിന്നും ആ വ്യവസായം ഏതാണ്ട് നാടുനീങ്ങിയതുപോലെയായി, തമിഴ്നാട്ടിലേയ്ക്ക് പറിച്ചുനടപ്പെട്ടിരി ക്കുകയാണ്. കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായം ഇന്ന് ഒരുപിടി കയറ്റുമതിക്കാരായ മുതലാളിമാരുടെ കൈപ്പിടിയിൽ ഒതുങ്ങി നിൽക്കുകയാണ്. ഇന്ന് യന്ത്രവൽകൃത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന സംവിധാ നമല്ലാതെ പരമ്പരാഗതമായ കയർ ഉല്പന്ന നിർമ്മാണം കേരളത്തിൽ ഇല്ല. ഈ മേഖലയിൽ പണിയെടുത്ത ലക്ഷക്കണക്കിനാളുകൾ ജീവിക്കാൻ മറ്റു മാർഗ്ഗങ്ങൾ അന്വേഷിച്ചുപോകുന്ന സ്ഥിതിയാണ് ഇന്നുള്ളത്. എല്ലാ ചെറുകിട വ്യവസായങ്ങളും തകരുകയാണ്. ചേർത്തല, അമ്പലപ്പുഴ താലൂക്കിൽ തീരപ്ര ദേശത്തുള്ള ചെറുകിട കയർ ഫാക്ടറി ഉടമകളെ സംബന്ധിച്ചിടത്തോളം ആത്മഹത്യയിൽ അഭയം പ്രാപിക്കേണ്ടിവരുന്ന അവസ്ഥയാണ് ഇന്നുള്ളത്. ആ വ്യവസായത്തെ പുന:സംഘടിപ്പിക്കുകയും പുന:സംവിധാനം ചെയ്യണമെ ന്നുമുള്ള പരിദേവനങ്ങളോട് ഗവൺമെന്റ് നിസ്സംഗത പുലർത്തുന്നു എന്ന താണ് വസ്തുത. കയർ വ്യവസായം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ആളു കൾ പണിയെടുക്കുന്ന മത്സ്യബന്ധന മേഖലയിലും വലിയ ദു:സ്ഥിതി നേരി

ടുകയാണ്. കൃഷിയിലും നമ്മൾ തിരിച്ചടി നേരിടുകയാണ്. വളത്തിന്റെ വില വർദ്ധനവ്, ഉല്പാദനച്ചെലവിനനുസരിച്ച് ഉല്പന്നങ്ങൾക്ക് വില ലഭിക്കുന്നില്ല തുടങ്ങിയ ധാരാളം പ്രശ്നങ്ങൾ കൃഷിക്കാർ അഭിമുഖീകരിക്കുകയാണ്. വൈദ്യുതി മേഖലയിലും വലിയ പ്രയാസമാണ് നമ്മൾ അനുഭവിക്കുന്നത്. 'കേരളം ഇരുട്ടിലേയ്ക്ക്' എന്ന് എല്ലാ മാധ്യമങ്ങളും എഴുതുന്നു. ഏതെങ്കിലും ഒരു പുതിയ പദ്ധതി ആരംഭിക്കാൻ ഈ മൂന്നുവർഷ കാലയളവിനുള്ളിൽ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ? എല്ലാ മേഖലയിലും വലിയ തകർച്ചയും തിരിച്ചടിയുമാണ് ഈ ഗവൺമെന്റ് കഴിഞ്ഞ മൂന്ന് വർഷം കൊണ്ട് പ്രദാനം ചെയ്തത്. ഈ ഗവൺമെന്റിന്റ സാമ്പത്തിക നയങ്ങളിൽ ഗൗരവതരമായ മാറ്റം വരുത്തേണ്ടതാണ്. സംസ്ഥാനം സാമ്പത്തിക ക്രൈസിസ് നേരിടുന്നു എന്നുപറയുമ്പോൾ, ശ്രീ. എസ്. ശർമ്മ പറഞ്ഞതുപോലെ നമുക്ക് ലഭിക്കേണ്ട വരുമാനം നാം പിരിച്ചെടുക്കുന്നുണ്ടോ? ആയിരക്കണക്കിന് കോടിരൂപയുടെ ചോർച്ചയാണ് നമുക്കുണ്ടാകുന്നത്.  അന്തർസംസ്ഥാന കച്ചവടക്കാർ നമ്മുടെ ചെക്പോസ്റ്റുവഴി സാധനങ്ങൾ കടത്തിക്കൊണ്ടുവന്ന് വിൽപ്പന നടത്തി ജന ങ്ങളെയും ഗവൺമെന്റിനെയും കൊള്ളയടിക്കുകയാണ് ചെയ്യുന്നത്. ഇന്ന് ഡീസലിന്റെ വിലവർദ്ധനവുകൊണ്ട് സംസ്ഥാന ഗവൺമെന്റ് സന്തോഷിക്കു കയാണ്. മൂന്ന് വർഷത്തിനുള്ളിൽ ആദ്യ നാളുകളിൽ കേന്ദ്രം ഡീസലിന് വില വർദ്ധിപ്പിക്കുമ്പോൾ ഞാൻ അധികനികുതി ഉപേക്ഷിക്കുന്നു എന്ന് മുഖ്യ മന്ത്രി പറയുമായിരുന്നു. ഇപ്പോൾ അങ്ങനെ പറയാൻ ഈ ഗവൺമെന്റിന് നാവ് പൊങ്ങുമോ എന്നാണ് എന്റെ ചോദ്യം. എല്ലാ അർത്ഥത്തിലും ഈ ഗവൺമെന്റ് ഒരു പരാജയമാണ്. അതുകൊണ്ട് ഞാൻ ഈ ബില്ലിനെ എതിർക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, കേരള ചരിത്രത്തിൽ കൃത്യമായ ദിശാ ബോധത്തോടും വ്യക്തമായ കാഴ്ചപ്പാടോടുംകൂടി വികസന മുന്നേറ്റത്തിന്റെ മൂന്ന് വർഷങ്ങൾ പിന്നിട്ട യു.ഡി.എഫ്. സർക്കാർ, പാർലമെന്റ് തെരഞ്ഞെടുപ്പിൽ സംസ്ഥാനത്തുണ്ടായ ജന പിന്തുണയുടെ കരുത്തിൽ പുതിയ ജനവികസന മുന്നേറ്റവുമായി മുന്നോട്ടു പോകുന്ന കാഴ്ചയാണ് കാണുന്നത്. നടപ്പു സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ ചെലവുകൾക്കുള്ള 94,202,06,96,000 രൂപയുടെ ധനവിനിയോഗ ബില്ലാണ് മാണി സാർ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. നമ്മുടെ ചെലവുകൾക്കും വികസനങ്ങൾക്കും വേണ്ടിയുള്ള ധനവിനിയോഗ ബില്ലിനെ ഞാൻ അതിശക്തമായി പിന്തുണയ്ക്കുകയാണ്. മൂന്ന് വർഷത്തെ വികസനം പരിശോധിച്ചാൽ സർവ്വതല സ്പർശിയായ വികസനമാണ് കാണാൻ സാധിക്കുന്നത്. ഈ സർക്കാരിന് കൃത്യമായ കാഴ്ചപ്പാടുണ്ടായിരുന്നു. വൻകിട പദ്ധതികളുടെയൊക്കെ പ്രവർത്തനങ്ങൾ വളരെ കൃത്യമായി മുന്നോട്ടുപോവുകയാണ്. കൊച്ചി മെട്രോയിലൂടെയുള്ള ആദ്യ ട്രെയിനിന്റെ ചൂളംവിളി 2015 ഡിസംബർ മാസം 31-ാം തീയതി കേൾക്കാൻ കഴിയുമെന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് പ്രവർത്തനങ്ങൾ നടക്കുന്നത്. അതുപോലെ, മോണോറെയിൽ, സ്മാർട്ട്സിറ്റി, ലോകം നമ്മളെ ശ്രദ്ധിച്ച എമർജിംഗ് കേരള തുടങ്ങിയ വൻകിട പദ്ധതികൾ ഈ സംസ്ഥാനത്തിന്റെ മുഖച്ഛായതന്നെ മാറ്റി. വൻകിട പദ്ധതികൾ മാത്രമല്ല, സാധാരണക്കാരേയും പട്ടിണിപ്പാവങ്ങളേയും കാണുന്ന നിരവധി പ്രവർത്തനങ്ങളുമുണ്ട്. മറ്റുപല ഗവൺമെന്റുകൾക്കും വൻകിട പദ്ധതികളിലൂടെയുള്ള

തിളക്കം മാത്രമാണെങ്കിൽ കേരളത്തിലെ ഗവൺമെന്റിന് അങ്ങനെയല്ല. കേരളത്തിലെ ജനസമ്പർക്ക പരിപാടി ചരിത്രത്തിൽ തുല്യതയില്ലാത്തതും ഐക്യരാഷ്ട്ര സഭയുടെ അംഗീകാരം നേടിയതുമാണ്. അതിനെ ഇവിടെ പലരും ചെറുതാക്കി കാണിക്കാൻ ശ്രമിച്ചെങ്കിലും ചെറുതായില്ല. പാവങ്ങളുടെ കണ്ണുനീരൊപ്പുന്ന പദ്ധതിയാണ് കാരുണ്യ ബെനവലന്റ് ഫണ്ട്. സാമൂഹ്യനീതി വകുപ്പിന്റെയും പട്ടിക വിഭാഗങ്ങൾക്കും മത്സ്യമേഖലയിലും നിരവധി ജനക്ഷേമപദ്ധതികൾ നടപ്പാക്കി. വിവിധ സാമൂഹ്യസുരക്ഷാ പദ്ധതികളും വന്നു. നിർഭയ, വയോമിത്രം, സ്നേഹപൂർവ്വം തുടങ്ങിയവ അതിൽ ചിലതുമാത്രമാണ്. ശേഷിക്കുന്ന കാലത്തേയ്ക്കുള്ള 'മിഷൻ 676' പദ്ധതികൾ ചരിത്രത്തിൽ സ്ഥാനം പിടിക്കും. സമയബന്ധിതമായ പ്രവർത്തനങ്ങളാണ് ഈ ഗവൺമെന്റിന്റെ മുഖമുദ്ര. 1 രൂപയ്ക്ക് അരി കൊടുക്കുന്നതടക്കമുള്ള വിപ്ലവകരമായ തീരുമാനങ്ങൾ ഉണ്ടായത് '100 ദിന കർമ്മപരിപാടി' യിലൂടെയാണ്. പിന്നീട് ഒരു വർഷത്തെ കർമ്മപരിപാടി ഉണ്ടായി. ശേഷിക്കുന്ന സമയത്തേയ്ക്ക് 'മിഷൻ 676'. കേരള ചരിത്രത്തിൽ വികസന രംഗത്ത് ഇപ്രകാരം ഒരാസൂത്രണം ഇതിനുമുമ്പുണ്ടായിട്ടില്ലെന്ന് ഞാൻ പറയുന്നു. വികസന രംഗത്തുള്ള ആസൂത്രണത്തിന്റെ പേരിൽ ഈ സർക്കാർ ചരിത്രത്തിൽ സ്ഥാനംപിടിക്കും. 'മിഷൻ 676' –ലെ നവരത്ന പദ്ധതികളും മറ്റ് പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതോടെ ദൈവത്തിന്റെ സ്വന്തം നാടിന്റെ തിളക്കം കൂടുമെന്ന പക്ഷമാണ് എനിക്കുള്ളത്. ധനവിനിയോഗ ബില്ലിനെക്കുറിച്ച് പറയുകയാണെങ്കിൽ, ഓരോ ഹെഡ്ഡിലും ഓരോ കാലയളവിലും കൃത്യമായി പിൻവലിക്കേണ്ട സംഖ്യയെക്കുറിച്ചുള്ള

വ്യക്തമായ കാഴ്ചപ്പാടുണ്ട്. അതിൽ 3,600 കോടിയിൽപ്പരം രൂപയാണ് പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾക്കുള്ളതെന്നാണ് കാണാൻ സാധിക്കുന്നത്. ഇത് വളരെ സന്തോഷകരം തന്നെയാണ്. പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ തന്നെയാണ് നിർമ്മാണ മേഖലയിൽ കൺസ്ട്രക്റ്റീവായി കാണാൻ കഴിയുന്നത്. ഇവിടെ ഒരുകാര്യം പലരും ചൂണ്ടിക്കാണിച്ചതും ശ്രദ്ധയിൽപ്പെടുത്തിയതുമാണ്. കരാറുകാരുടെ കുടിശ്ശിക വലിയ പ്രശ്നമാണ്. അത് അടിയന്തരമായി പരിഹരിക്കാൻ സർക്കാരും ധനകാര്യ വകുപ്പുമന്ത്രിയും പ്രത്യേകം ശ്രദ്ധിക്കണം. അവിടെ ചെറിയ അലംഭാവം വന്നാൽ അത് ഈ ഗവൺമെന്റിന്റെ നൈരന്തര്യമുള്ള വികസന പ്രവർത്തനങ്ങൾക്ക് മങ്ങലേൽപ്പിക്കുമെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. മറ്റൊരു കാര്യം എം.എൽ.എ. മാരുടെ സുസ്ഥിര ആസ്തി വികസന ഫണ്ടിനെക്കുറിച്ചാണ്. നിലവിലുള്ള വ്യവസ്ഥ 5 കോടി രൂപ, 25 ലക്ഷത്തിൽ കുറയാതെ 10 പ്രവൃത്തികൾക്ക് ചെലവഴിക്കണമെന്നാണ്. ഇന്നലെ ബഹുമാനപ്പെട്ട ചിഫ് വിപ്പും മറ്റ് ആളുകളും സംസാരിച്ചപ്പോൾ 25 ലക്ഷംരൂപയെന്നുള്ളത് 10 ലക്ഷംരൂപയായി കുറയ്ക്കാമെന്ന് പറഞ്ഞു. പ്രവൃത്തികളുടെ എണ്ണവും വർദ്ധിപ്പിക്കണം. ഒരു പ്രവൃത്തിക്ക് മിനിമം കൊടുക്കാവുന്ന സംഖ്യ 10 ലക്ഷം രൂപയാകാം. പ്രവൃത്തികളുടെ എണ്ണം ഇപ്പോഴും 10 ആണ്. അതുകൂടി മാറ്റേതുണ്ട്. ചുരുങ്ങിയത് 25 പ്രവൃത്തിയെന്നെങ്കിലും ആക്കിമാറ്റണമെന്ന് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കുണ്ടെന്ന് കരുതുകയാണ്. ഒരു പ്രവൃത്തിക്ക് 10 ലക്ഷംരൂപവരെ താഴോട്ട് പോകാം. മൊത്തം പ്രവൃത്തികളുടെ എണ്ണം 25 എങ്കിലും ആക്കിയാൽ

മാത്രമേ 10 ലക്ഷംരൂപ ആക്കുന്നതുകൊണ്ടുള്ള പ്രയോജനം ലഭിക്കൂവെന്ന് ഞാൻ ഊന്നിപ്പറയുകയാണ്. പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിനും കൃഷിനാശത്തിനുമുള്ള നഷ്ടപരിഹാരം നൽകുന്നതിലും അടിയന്തര ശ്രദ്ധവേണം. 325 കോടി 71 ലക്ഷംരൂപ ഇതിനുവേണ്ടി നീക്കിവച്ചിട്ടുണ്ട്. മറ്റൊരുകാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. 2013-ലെ വരൾച്ച, കാലവർഷക്കെടുതി, 2014-ലെ വരൾച്ച, വേനൽമഴ ഇതിനൊന്നുമുള്ള നഷ്ടപരിഹാരം ഇതുവരെ നൽകിയിട്ടില്ല. എന്റെ കയ്യിലുള്ള കണക്കനുസരിച്ച് മണ്ണാർക്കാട് താലൂക്കിൽ മാത്രം 8 കോടിരൂപയിൽപ്പരം ഇക്കാര്യത്തിൽ നൽകാനുണ്ടെന്ന കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതിനൊരു അടിയന്തര പ്രാധാന്യം നൽകണം. കർഷകനേതാവ് കൂടിയായ ധനകാര്യ വകുപ്പുമന്ത്രി കൃഷിക്കാരുടെ കണ്ണുനീർ ഒപ്പുന്നതിന് പ്രത്യേക ശ്രദ്ധ കാണിക്കണമെന്ന് ചൂണ്ടിക്കാണിക്കുകയാണ്. അതുപോലെ ഈ സഭയിൽ നിരവധി തവണ ചർച്ച ചെയ്തിട്ടുള്ളതും വികസന ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിൽ പുതിയ കേന്ദ്രനിയമംവഴി ഉണ്ടായിട്ടുള്ളതുമായ പ്രശ്നങ്ങൾക്ക് അടിയന്തരമായി പരിഹാരം ഉണ്ടാകണമെന്ന് ചൂണ്ടിക്കാണിക്കുകയാണ്. കേരളത്തിൽ തുടർന്നുള്ള പുരോഗതിയിൽ ഐ.ടി. അധിഷ്ഠിത വ്യവസായങ്ങൾക്ക് വലിയ പ്രാധാന്യമാണുള്ളത്. ഐ.ടി. രംഗത്ത് ഇന്ന് കേരളം ഒന്നാം സ്ഥാനത്താണ്. നമുക്ക് വലിയ സാദ്ധ്യതയുള്ള മേഖലയാണത്. യു.ഡി.എഫ്. സർക്കാരും വ്യവസായ വകുപ്പുമന്ത്രിയും ഇക്കാര്യം തിരിച്ചറിഞ്ഞിട്ടുണ്ടെന്ന കാര്യത്തിൽ ഏറെ സന്തോഷമുണ്ട്. സംസ്ഥാനത്തെ എല്ലാ മേഖലകളിലും സംരംഭങ്ങൾക്ക് അനുയോജ്യമായ ഇടം സൃഷ്ടിക്കുകയെന്ന ലക്ഷ്യവുമായി Young Entrepreneurs Summit (YES) എന്ന പേരിൽ

'മിഷൻ 676' –ന്റെ ഭാഗമായി, വരുന്ന സെപ്റ്റംബർ മാസം നടക്കാൻ പോകുന്നുവെന്നുള്ളത് ഏറെ സ്വാഗതാർഹമാണ്. യുവസംരംഭകർക്ക് അവരുടെ ബിസിനസ്സ് സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ ലഭ്യമായ സേവനങ്ങളും സൗകര്യങ്ങളും ഒരുക്കിക്കൊടുക്കുവാനുള്ള ഈ ഉച്ചകോടി കേരള പുരോഗതിയിലെ സുപ്രധാന കാൽവെയ്പ്പാകും. കേരളീയരുടെ ആശയങ്ങൾ യാഥാർത്ഥ്യമാക്കുവാൻ അന്യനാട്ടുകാർ കാണിച്ച ആവേശം നാം ഇതുവരെ കാണിച്ചിട്ടുണ്ടോയെന്ന് സംശയമാണ്. ഭൗതികവും ആശയപരവുമായ വലിയ ചോർച്ച കഴിഞ്ഞ കാലങ്ങളിൽ ഈരംഗത്ത് സംഭവിച്ചിട്ടുണ്ട്. ഇനി നമ്മുടെ ആശയങ്ങൾ നമ്മുടെ നാട്ടിൽത്തന്നെ കൂടുതലായി യാഥാർത്ഥ്യമാകണം. അത്തരത്തിലുള്ള ആശയഗതികളുമായി കേരളത്തിന്റെ ആധുനീകരണത്തിനും പുരോഗതിക്കും അനിവാര്യമായി, അതിലേയ്ക്കുള്ള യാത്രയുടെ തുടക്കമാവട്ടെ YES എന്ന് നമുക്ക് ആശംസിക്കാം. ഇവിടെ മറ്റൊരു കാര്യം ശ്രദ്ധയിൽപ്പെടുത്താനുള്ളത്, വിദ്യാഭ്യാസരംഗത്ത് പുതിയ ധാരാളം പരിഷ്കാരങ്ങൾ വരുന്നതായി കാണുന്നുവെന്നതാണ്. വിദ്യാഭ്യാസ രംഗം ഇപ്പോൾ എത്ര ശാന്തമാണ്. അദ്ധ്യയന വർഷത്തിന്റെ തുടക്കത്തിൽ മുൻകാലങ്ങളിൽ നിരവധി പ്രശ്നങ്ങളാണ് ഉണ്ടായിരുന്നത്. വിദ്യാർത്ഥി സമരങ്ങൾകൊണ്ടും മറ്റ് പ്രശ്നങ്ങൾ കൊണ്ടും വിദ്യാഭ്യാസരംഗം പ്രക്ഷുബ്ധമാകുന്ന സമയമാണ്. ഇവിടെ ഇന്ന് സമരം ചെയ്യാൻ കാരണങ്ങളില്ല. ഞാനതിൽ രാഷ്ട്രീയം പറയുന്നില്ല. എസ്.എഫ്.ഐ. പോലും പഠിപ്പുമുടക്കുസമരം ഉപേക്ഷിച്ചു. എസ്.എഫ്.ഐ. യുടെ ദേശീയ പ്രസിഡന്റിന്റെ പഠിപ്പുമുടക്കിനെതിരായ ഇപ്പോഴത്തെ വർത്തമാനം കേട്ടാൽത്തോന്നും നമ്മുടെ നിർബന്ധത്തിന് വഴങ്ങിയാണ് മുമ്പ് പഠിപ്പുമുടക്കിയതെന്ന്. പഠിപ്പുമുടക്കിനെതിരായി എത്ര

ഷാർപ്പായ വാദമുഖങ്ങളാണ് ദൃശ്യ മാധ്യമങ്ങളിലൂടെ കണ്ണൂരിൽവച്ച് എസ്.എഫ്.ഐ. യുടെ അഖിലേൻഡ്യാ പ്രസിഡന്റ് പറഞ്ഞത്. ഏതായാലും എസ്.എഫ്.ഐ. ഇപ്പോഴെങ്കിലും കാലത്തിന്റെ ചുവരെഴുത്ത് വായിച്ചുവെന്നുള്ളതിൽ വലിയ സന്തോഷമുണ്ട്. വിദ്യാർത്ഥി സഖാക്കളോട് ഈ സമയം ഞാൻ നല്ല നമസ്കാരം പറയുകയാണ്. ഞാനത് പോസിറ്റീവ് ആയിട്ടാണ് കാണുന്നത്. കാരണം, വിദ്യാർത്ഥികൾ സമരം നടത്തുന്നതുകൊണ്ടുള്ള നഷ്ടം വിദ്യാർത്ഥികൾക്ക് മാത്രമാണ്. ആ തിരിച്ചറിവ് ധാരാളം സമരങ്ങൾക്ക് ശേഷം ഇപ്പോൾ എസ്.എഫ്.ഐ. ക്ക് ഉണ്ടായെന്നത് നല്ല കാര്യമാണ്. വികസനപരമായ അജണ്ടകളിലൊക്കെ നമുക്ക് എല്ലാവർക്കും ഒന്നിക്കാവുന്നതാണെന്ന് കൂടി ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. അതിനെത്തുടർന്ന് ചില തർക്കങ്ങളൊക്കെ പ്രതിപക്ഷത്ത് നടക്കുന്നുണ്ട്. അതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ഇവിടെ, വിദ്യാർത്ഥി സമരം കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളില്ലാത്തത് ഇന്ന് വിദ്യാഭ്യാസരംഗം ശാന്തമായതുകൊണ്ടാണ്. വിവാദങ്ങൾക്കുവേണ്ടി വളരെ ചെറിയ പ്രശ്നങ്ങൾ ഊതിപ്പെരുപ്പിച്ചെങ്കിലും നിഷ്പക്ഷമായി വിലയിരുത്തിയാൽ വിദ്യാഭ്യാസരംഗം വളരെ ശാന്തമാണ്. വിദ്യാഭ്യാസ മേഖലയിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാമ്പത്തികമായ വിഹിതമുണ്ടാകണമെന്നുകൂടി സൂചിപ്പിക്കുകയാണ്.

ശ്രീ. ആർ. രാജേഷ് : സർ, 600 എം.ബി.ബി.എസ്. മെരിറ്റ് സീറ്റ് ഈ സർക്കാരിന്റെ കാലത്ത് കൊടുക്കുന്നില്ല, സ്കൂൾ യൂണിഫോമില്ല, ഹയർ സെക്കണ്ടറി ഉൾപ്പെടെയുള്ള പാഠപുസ്തകങ്ങളില്ല.... ഇതാണോ അങ്ങ് പറയുന്ന ശാന്തമായ വിദ്യാഭ്യാസ മേഖല.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ക്ലാസ് തുടങ്ങുന്നതിനുമുമ്പ് പാഠപുസ്തകം കൊടുത്ത സംവിധാനമാണ് സർക്കാരിനുണ്ടായത്. 700 –ഓളം മെരിറ്റ് സീറ്റുകൾ നഷ്ടപ്പെട്ട വിഷയത്തിൽ പ്രതിപക്ഷത്തെപ്പോലെ അതിശക്തമായ നിലപാട് സ്വീകരിക്കുന്നവരാണ് ഭരണപക്ഷവും. 700–ഓളം മെരിറ്റ് സീറ്റുകൾ സ്വാശ്രയ കോളേജുകളിൽ നഷ്ടപ്പെടില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയ്ക്ക് ഉറപ്പുനൽകിയിട്ടുണ്ട്. ഒരുകാരണവശാലും അക്കാര്യത്തിൽ സർക്കാർ പുറകോട്ട് പോകരുതെന്ന അഭിപ്രായമാണ് എനിക്കുള്ളതെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ടും ഈ ധനവിനിയോഗ ബില്ലിന് എല്ലാവിധ പിന്തുണയും പ്രഖ്യാപിച്ചുകൊണ്ടും വികസനപരിപാടികൾ ഇനിയും അഭംഗുരം മുന്നോട്ട് കൊണ്ടുപോകാൻ ഈ ധനവിനിയോഗ ബിൽ സഹായകമാകട്ടെയെന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. മാത്യു റ്റി. തോമസ്: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. ശ്രീ. റ്റി. എൻ. പ്രതാപനെ ഒരു ഗവേഷകനായി കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചുകഴിഞ്ഞപ്പോൾ ഡോക്ടറേറ്റ് നൽകണമെന്ന് അങ്ങ് നിർദ്ദേശിച്ചു. 140 നിയമസഭാംഗങ്ങളുള്ള ഈ സഭയിൽ 9 അംഗങ്ങളുള്ള കക്ഷിനേതാവിന് എങ്ങനെ മുഖ്യമന്ത്രിയാകുമെന്നുള്ള ഗവേഷണത്തിലൂടെ ഒരു സൂത്രവാക്യമിതുവരെ അദ്ദേഹം കണ്ടുപിടിച്ചിട്ടില്ല, അതിനുവേണ്ടിയുള്ള അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നെഞ്ചത്ത് കൈവച്ചുകൊണ്ട് ഒരുത്തരം പറയണം, കേരളത്തിലെ ധനകാര്യ മാനേജ്മെന്റിൽ അങ്ങ് സംതൃപ്തനാണോ?

ട്രഷറി വലിയ സ്തംഭനാവസ്ഥയിലാണ്. ഇന്നത്തെ പത്രങ്ങളിൽ ഞങ്ങൾ കണ്ടത്, ധനകാര്യ ബിൽ ചർച്ചചെയ്യാൻ കൂടിയ സബ്ജക്ട് കമ്മിറ്റി യോഗത്തിൽ കുറെയധികം നികുതി നിർദ്ദേശങ്ങൾ പിൻവലിക്കുന്നു. പിൻവലിക്കേണ്ടത് പിൻവലിക്കണം അതിൽ ഞങ്ങൾക്ക് തർക്കമില്ല. അതുകൂടി കഴിയുമ്പോൾ കേരളത്തിന്റെ കമ്മി എത്രയാകും; ഫിസ്കൽ റെസ്പോൺസിബിലിറ്റി ആക്ടിനോട് നമുക്ക് നീതിപുലർത്താൻ കഴിയുന്നുണ്ടോ? ധനോത്തരവാദ നിയമത്തോട് നീതി പുലർത്തിയില്ലെങ്കിൽ നമുക്ക് ലഭിക്കാൻ പോകുന്ന കേന്ദ്ര വിഹിതങ്ങളടക്കം വെട്ടിക്കുറയ്ക്കപ്പെടും. എങ്ങനെയാണ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റ് ഇവിടെ അവതരിപ്പിക്കാൻ കഴിഞ്ഞത്? അത് പരിശോധിച്ച് അതിലെ നല്ല കാര്യങ്ങൾ കണ്ടെത്താൻ ഗവൺമെന്റിന് കഴിയണം. ഈ ഗവൺമെന്റിന്റെ മുഖമുദ്രയെന്താണ്; കുടിശ്ശിക വരുത്തുന്ന ഒരു ഗവൺമെന്റായി ഇത് മാറിയിരിക്കുകയാണ്. കരാറുകാർക്ക് കുടിശ്ശിക, നെല്ല് സംഭരണത്തിന് കുടിശ്ശിക, കൃഷി നശിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്ന കാര്യത്തിൽ കുടിശ്ശിക, കുളമ്പുരോഗം ബാധിച്ച കന്നുകാലികളുടെ നഷ്ടപരിഹാരം കൊടുക്കുന്നതിൽ കുടിശ്ശിക, ക്ഷേമ പദ്ധതികളിൽ കുടിശ്ശിക അങ്ങനെയെല്ലാ മേഖലകളിലും കുടിശ്ശികയാണ്. കുടിശ്ശികയെന്നുപറഞ്ഞുകഴിഞ്ഞാൽ കിട്ടാനുള്ള തുക കൊടുത്തില്ലായെന്നുള്ളിടത്ത് അവസാനിക്കുകയല്ല, പകരം നാട്ടിൽ മറ്റൊരു സാമ്പത്തിക മാന്ദ്യം വരുത്തിവയ്ക്കുകയാണ്. കരാറുകാർക്കുള്ള കുടിശ്ശിക കാരണം ഇവിടത്തെ നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലായി. രാവിലത്തെ അടിയന്തരപ്രമേയ വിഷയം അതായിരുന്നു. കരാറുകാർക്ക് കൊടുക്കാനുള്ള പണം കൊടുക്കണമെന്നതിനപ്പുറത്തേയ്ക്ക് പുതിയ പദ്ധതികൾ ഏറ്റെടുക്കാൻ അവർക്ക് കഴിയുന്നില്ല, ആ മേഖലയിലൊരു മാന്ദ്യമുണ്ടാകുന്നു

അവിടെ ക്യാഷ് ഫ്ളോയ്ക്ക് തടസ്സമുണ്ടാകുകയാണ്. കരാറുകാർ കരാറുകൾ എടുത്ത് നിർമ്മാണപ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ പല ആളുകളുടെ കൈകളിൽകൂടി പണം വരികയും പോകുകയുമാണ് ചെയ്യുന്നത്. അതില്ലാത്ത അവസ്ഥാവിശേഷം ഇവിടെയുണ്ടാക്കിയിരിക്കുകയാണ്. പുതിയ കരാറുകൾ ഏറ്റെടുക്കുമ്പോൾ അധികരിച്ച നിരക്കിൽ മാത്രം കരാർ ഏറ്റെടുക്കാൻ കരാറുകാർ തയ്യാറാകുമ്പോൾ നമ്മുടെ ഖജനാവിന് വലിയ നഷ്ടമുണ്ടാകുകയാണ്. നെല്ല് സംഭരണത്തെക്കുറിച്ച് ഞാനിവിടെ ആവർത്തിക്കുന്നില്ല, പലതവണ പറഞ്ഞതാണ്. നെല്ല് സംഭരണത്തിന് വില കൊടുക്കാതെ കുടിശ്ശിക വരുന്നതുകൊണ്ട് ഒരു മാന്ദ്യം കാർഷിക മേഖലയിലുണ്ടാകുന്നു, അടുത്ത കൃഷിയിറക്കാൻ കൃഷിക്കാരന് കഴിയുന്നില്ല. കൃഷി നശിച്ചവർക്ക് നഷ്ടപരിഹാരം നൽകാത്തതുകൊണ്ട് കാർഷിക മേഖലയിൽനിൽക്കുന്ന കൃഷിക്കാർക്ക് അത് ഫലപ്രദമായി നടത്താൻ കഴിയുന്നില്ല. ഈ കുടിശ്ശിക വരുത്തുന്നത് നാട്ടിലൊരു മാന്ദ്യം സൃഷ്ടിക്കുകയാണ്. കുടിശ്ശിക വരുത്തിക്കൊണ്ട് നാട്ടിൽ സാമ്പത്തിക മാന്ദ്യമുണ്ടാക്കുന്ന ഒരു സർക്കാരായി ഈ സർക്കാർ മാറുകയാണ്. കുളമ്പുരോഗം ബാധിച്ച പശുക്കൾക്കുള്ള നഷ്ടപരിഹാരം നൽകണമെന്ന് എത്രയോ നിയമസഭാ സമ്മേളനങ്ങളിലായി ഞങ്ങളിവിടെ ഉന്നയിക്കുന്നു. 20,000 രൂപ മൃഗസംരക്ഷണ വകുപ്പും 10,000 രൂപ ക്ഷീരവികസന വകുപ്പും 10,000 രൂപ മിൽമയും കൊടുക്കുമെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട ശ്രീ. കെ. ശിവദാസൻ നായർക്ക് അറിയാം, ഞങ്ങൾ ഡി.ഡി.സി.യിൽ ചർച്ച ചെയ്തതാണ്. മിൽമ എന്നുപറയുന്ന സ്ഥാപനം ഒരു കൃഷിക്കാരനും ഒരുപൈസപോലും കൊടുത്തിട്ടില്ല. ക്ഷീരവികസന വകുപ്പ് 10 ശതമാനത്തിൽതാഴെ മാത്രം കൊടുത്തിരിക്കുന്നു. കൂടുതൽ കൊടുത്തത് മൃഗസം

രക്ഷണ വകുപ്പാണെങ്കിലും അവർക്കും പൂർണ്ണമായും കൊടുക്കാൻ കഴിഞ്ഞിട്ടില്ല. അപ്പോൾ എന്താണ് അതിന്റെ ഫലം; അതും ഒരു മാന്ദ്യമുണ്ടാക്കുകയാണ്. പുതിയ പശുക്കളെ വാങ്ങി ക്ഷീരോൽപ്പാദനം നടത്തുന്ന ക്ഷീരകർഷകർക്ക് മുന്നോട്ടുപോകാൻ കഴിയാത്ത അവസ്ഥയുണ്ടാക്കി വച്ചിരിക്കുകയാണ്. കുടിശ്ശിക സർക്കാർ നാട്ടിൽ മാന്ദ്യം വരുത്തിവയ്ക്കുന്ന സ്ഥിതിവിശേഷമാണ് നമ്മളിപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. നികുതി പിരിവിൽ വന്നിരിക്കുന്ന വീഴ്ച ഇവിടെ പല ആളുകളും ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ അലംഭാവത്തിന്റെ പ്രയോജനം ലഭിക്കുന്നത് വൻകിടകാർക്കുമാത്രമാണ്. വൻകിടക്കാരുടെ നികുതി പിരിക്കുന്നതിൽ വലിയ വീഴ്ചവരുത്തിക്കൊണ്ട് അവരെ സഹായിക്കുകയാണ്. വിലക്കയറ്റം പിടിച്ചുനിർത്താൻ ഗവൺമെന്റിന് പണം ചെലവാക്കാൻ കഴിയുന്നുണ്ടോ? പൊതുവിതരണ മേഖലയിൽ കൂടുതൽ പണം നൽകിയെന്നാണ് പറയുന്നത്. കൂടുതൽ പണം നൽകിയിട്ട് കാര്യമില്ല. എന്റെ കുട്ടിക്കാലത്ത് ഒരു രൂപയ്ക്ക് 100 മത്തി വാങ്ങിയത് എനിക്കോർമ്മയുണ്ട്, ഇന്ന് 100 രൂപയ്ക്ക് 10 മത്തി കിട്ടില്ല. അപ്പോൾ കൂടുതൽ പണമല്ല, കൂടുതൽ തോതിൽ സാധനങ്ങൾ സംഭരിച്ച് പൊതുവിപണിയിലിടപെടാൻ തക്കവണ്ണം ആ സംവിധാനത്തെ സജ്ജമാക്കാനാവശ്യത്തിന് പണം കൊടുക്കാൻ ഈ ഗവൺമെന്റിന് കഴിയുന്നില്ല. നാട്ടിൽ വിലക്കയറ്റമുണ്ടാക്കുന്നു. സമസ്ത മേഖലകളിലും ധനകാര്യ മാനേജ്മെന്റിൽ വലിയ പാളിച്ച ഉണ്ടായിരിക്കുകയാണ്. ഓരോ വകുപ്പിന്റെയും പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് സമയക്കുറവുള്ളതുകൊണ്ട് ഞാനതിലേയ്ക്ക് പോകുന്നില്ല. ഇവിടെ യൂണിഫോമിനെപ്പറ്റി പറഞ്ഞു. 2014 ഫെബ്രുവരിയിൽ കൂടിയ സഭാസമ്മേളനത്തിൽ ഞങ്ങൾ, 2013-14 അദ്ധ്യയന വർഷത്തേയ്ക്കുള്ള

യൂണിഫോം വിതരണം ചെയ്തിട്ടില്ല, എന്നത്തേയ്ക്ക് കൊടുക്കുമെന്നുചോദിച്ചപ്പോൾ വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ പറഞ്ഞത്, സ്കൂൾ അടയ്ക്കുന്നതിനുമുമ്പ് കൊടുക്കാമെന്നാണ്. എന്താണ് അവധിക്കാലത്ത് ഉപയോഗിക്കാനാണോ യൂണിഫോം; എന്നിട്ട് സകൂൾ അടയ്ക്കുന്നതിനുമുമ്പ് കൊടുക്കാൻ കഴിഞ്ഞോ; കൊടുക്കാൻ കഴിഞ്ഞില്ല പല പ്രശ്നങ്ങളുണ്ടായി. യൂണിഫോം വിതരണവും എയ്ഡഡ് സ്കൂളുകളിലും നമ്മുടെ സർക്കാർ സ്കൂളുകളിലും പാഠപുസ്തക വിതരണവും സമയബന്ധിതമായി നടത്താൻ കഴിയാത്ത ഒരു സർക്കാരാണ് ഇന്ന് ഇവിടം ഭരിച്ചുകൊണ്ടിരിക്കുന്നത്. ഇന്നലെ നമ്മളെല്ലാ പേരും കൂട്ടായി റെയിൽവെ ബഡ്ജറ്റിനെതിരെ പ്രതിഷേധിച്ചു. റെയിൽവെയെന്ന പൊതുമേഖലാ സ്ഥാപനം സ്വകാര്യവൽക്കരിക്കുന്നതിനു വേണ്ടി വിദേശ നിക്ഷേപം കൊണ്ടുവരുന്നതിനുള്ള പരിശ്രമങ്ങളെയാണ് നമ്മൾ എതിർത്തത്.

<u>മി. സ്പീക്കർ</u>: യെസ് ശ്രീ. മാത്യു റ്റി. തോമസ്..

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: സർ, അവസാനിപ്പിക്കാം. പക്ഷെ എന്താണ് സ്ഥിതി; കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന്റെ ഒരാവർത്തനം മാത്രമായി ഈ ഗവൺമെന്റ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. മോദി സർക്കാർ ഒരു മൂന്നാം യു.പി.എ. ഗവൺമെന്റായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ആ ഗവൺമെന്റ് എന്തു നടപ്പാക്കിയോ അതുതന്നെ തുടരുകയാണ്. റെയിൽവെ സ്വകാര്യവൽക്കരിക്കുന്നുവെന്നുപറയുമ്പോൾ തന്നെ കേരളത്തിലെ കെ. എസ്.ആർ.ടി.സി.യെ നശിപ്പിക്കാനുള്ള തീരുമാനം ഇന്നലത്തെ മന്ത്രിസഭാ യോഗമെടുത്തു അതാണ് പത്രങ്ങളിൽ കാണുന്നത്. ഈ ഗവൺമെന്റുതന്നെ പുറപ്പെടുവിച്ച ദീർഘദൂര സർവ്വീസുകൾ, സൂപ്പർ ക്ലാസ്സുകളെല്ലാം കെ.എസ്. ആർ.ടി.സി നടത്തണമെന്ന തീരുമാനം തൽക്കാലത്തേയ്ക്ക് മരവിപ്പിക്കാൻ

ഇന്നലെ അർദ്ധരാത്രി തീരുമാനമെടുത്തിരിക്കുന്നു. ആവശ്യത്തിന് ബസുകളില്ലെന്നാണ് പറഞ്ഞത്, ബസുകളുണ്ട് എന്നതിന് ഞങ്ങളുടെ കൈയിൽ കണക്കുണ്ട്. അങ്ങനെ യു.പി.എ. ഗവൺമെന്റും മോദി ഗവൺമെന്റും കേരളത്തിലെ ഗവൺമെന്റും തുടരുന്ന ജനവിരുദ്ധനയങ്ങൾ ഒരേ സ്വഭാവത്തിലുള്ളവയാണ്. അവയെല്ലാം എതിർക്കപ്പെടേണ്ടവയാണ്. അതുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ ഞാനെതിർക്കുകയാണ്.

<u>മി. സ്പീക്കർ</u>: ശ്രീ. മാത്യു റ്റി. തോമസ് കൃത്യമായ സമയം പാലിച്ചതിന് നന്ദിയുണ്ട്.

<u>ശ്രീ. ജോസഫ് വാഴക്കൻ</u>: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്. പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനമാണ് നടക്കുന്നത്. സത്യത്തിൽ ഈ സമ്മേളനം അതിന്റെ അവസാന ദിവസങ്ങളിലേയ്ക്ക് നീങ്ങുകയാണ്. കേരള നിയമസഭയുടെ ചരിത്രത്തിൽ ഏറ്റവും ക്രിയാത്മകമായ ചർച്ചകൾ നടക്കുകയും ഏറ്റവും മാതൃകാപരമായ പ്രവർത്തനംകൊണ്ടും ഏറെ ശ്രദ്ധേയമായ ഒരു സഭയായിരുന്നു ഇത്തവണത്തെ പതിനൊന്നാം സമ്മേളനമെന്ന് ഞാൻ വിശ്വസിക്കുകയാണ്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം പ്രതിപക്ഷത്തിന് കാര്യമായ ആരോപണങ്ങളുന്നയിക്കാൻ ഇല്ലായിരുന്നുവെന്നുള്ളതാണ് അതിന്റെ പ്രധാനപ്പെട്ട കാരണം. ഗവൺമെന്റ് അതിനുള്ള ഒരവസരം സൃഷ്ടിച്ചില്ല. സ്വാഭാവികമായും പ്രതിപക്ഷം പ്രക്ഷുബ്ദ്ധമാകുന്നത് പലപ്പോഴും ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിൽ ധാരാളം തെറ്റുകളുണ്ടാകുമ്പോഴാണ്. ഈ ഗവൺമെന്റ് ഇത്തവണ അത്തരത്തിലൊരവസരമുണ്ടാക്കി കൊടുത്തില്ലായെന്നുള്ളതാണ് ഇത്രയും സമാധാനപരമായ രീതിയിൽ ഈ നിയമ

സഭ നടക്കാനുള്ള കാരണം. കേരളത്തിലെ ജനങ്ങൾ അതിനെ പ്രശംസിക്കും. കാരണം, നിയമസഭ നല്ലരീതിയിൽ നടക്കണം, എല്ലാ കാര്യങ്ങളും ചർച്ച ചെയ്യണം, ക്രിയാത്മകമായ നിർദ്ദേശങ്ങളുണ്ടാകണം ഇതൊക്കെ ജനങ്ങൾ ആഗ്രഹിക്കുന്നതാണ്. അങ്ങനെ ജനങ്ങളുടെ ആഗ്രഹത്തിനനുസരിച്ച് നമ്മുടെ സഭയുടെ നിലവാരമുയർന്നുവെന്നുള്ളത് ഈ പതിനൊന്നാം സമ്മേളന ത്തിന്റെ പ്രത്യേകതയായി ഞാൻ കാണുന്നത്. ശ്രീ. മാത്യു റ്റി. തോമസ് ഇവിടെ മാണിസാറിനെ മുഖ്യമന്ത്രിയാക്കുന്ന കാര്യമൊക്കെ പറഞ്ഞു. മാണി സാർ വളരെ പരിണിതപ്രജ്ഞനായ നേതാവാണ്, കേരള രാഷ്ട്രീയത്തിൽ എന്തുചെയ്യണമെന്നറിയാവുന്ന ഒരാളാണ്. അതുകൊണ്ട് അദ്ദേഹത്തെ സംബ ന്ധിച്ച് സംസാരിക്കുമ്പോൾ ഒരിക്കലും ഒരുതരം വിലകുറച്ച് ഇങ്ങനെ മുഖ്യമ ന്ത്രിയാകാൻ നടക്കുന്നുവെന്നുള്ള നിലയിൽ എപ്പോഴും സംസാരിക്കുന്നത് പ്രതിപക്ഷത്തിന് ചേർന്നൊരു കാര്യമല്ല എന്ന് ഞാൻ ഓർമ്മിപ്പിക്കാനാഗ്രഹി ക്കുകയാണ്. മോദി സർക്കാർ മൂന്നാം യു.പി.എ. സർക്കാരാണെന്നിവിടെ പറ ഞ്ഞു. യു.പി.എ. സർക്കാർ ഇവിടെ അധികാരത്തിലിരുന്നപ്പോൾ വികസന പ്രവർത്തനത്തിനുവേണ്ടി നാടിന്റെ മുന്നോട്ടുള്ള സാമ്പത്തിക ഭദ്രതയ്ക്കുവേ ണ്ടിയുള്ള ചില തീരുമാനങ്ങളൊക്കെ എടുക്കുമ്പോൾ ഈനാട്ടിൽ നിങ്ങളോ ടൊപ്പം കലാപം നടത്തി നടന്നവരാണ് ബി.ജെ.പി.യിലുള്ളവരും. എന്താ യാലും ഭരണത്തിൽ കയറിയപ്പോൾ അവർക്ക് കാര്യങ്ങളെക്കുറിച്ച് ഒരു യാഥാർത്ഥ്യബോധം അല്ലെങ്കിൽ ഇത് എങ്ങനെ കൊണ്ടുപോകാൻ കഴിയു മെന്നതിനെക്കുറിച്ച് ബോദ്ധ്യമുണ്ടായിട്ടുണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുക യാണ്. ഇനി നിങ്ങളാണ് നാളെ അധികാരത്തിൽ വരുന്നതെങ്കിലും ഒരു നാലാം യു.പി.എ. ആയിട്ടല്ലാതെ വേറൊരു തരത്തിലും നമ്മുടെ രാജ്യത്ത് ഭരണം മുന്നോട്ടുകൊണ്ടുപോകാനുള്ള വേറെ സൂത്രവാക്യങ്ങളൊന്നും നിങ്ങ

ളുടെ കൈയിലുമുണ്ടാകില്ല. അതുകൊണ്ട് ഈ യു.പി.എ.യെ ഇത്രയും കാലം ആക്ഷേപിച്ചത് മുൻകാല പ്രാബല്യത്തോടെ പിൻവലിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഏതായാലും ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം മൂന്നുവർഷത്തെ ഭരണം അഭിമാനകരമായിരുന്നു. പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടാണെങ്കിലും അത്ഭുതങ്ങൾ നടത്തിയ ഒരു ഗവൺമെന്റാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് എന്ന കാര്യത്തിലാർക്കും തർക്കമുണ്ടാകുമെന്ന് എനിക്കുതോന്നുന്നില്ല. സർക്കാരിന്റെ ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമുകളായ മെട്രോ റെയിൽവെ ആണെങ്കിലും സ്മാർട്ട് സിറ്റിയാണെങ്കിലും കണ്ണൂർ വിമാനത്താവളമാണെങ്കിലും വിഴിഞ്ഞം തുറമുഖവും മോണോ റെയിൽ പദ്ധതിയും ഇപ്പോൾ അവസാനം മിഷൻ 676 ഉൾപ്പെടെയുള്ള എല്ലാം സമയബന്ധിതമായി ഈ ഗവൺമെന്റ് ആഗ്രഹിച്ച രീതിയിൽ കാര്യങ്ങൾ മുന്നോട്ടുപോകുകയാണ്.

2015-ൽ കണ്ണൂർ വിമാനത്താവളത്തിൽനിന്ന് വിമാനം പറന്നുയരുമെന്ന് ഡേറ്റുവച്ച് പറഞ്ഞിരിക്കുകയാണ്. ഈസഭ കഴിയുന്നതിനുമുമ്പ് ശ്രീ. റ്റി. വി. രാജേഷിന് കണ്ണൂരിൽനിന്നും ഫ്ളൈറ്റിൽ തിരുവനന്തപുരത്ത് എത്താവുന്നൊരു സാഹചര്യത്തിലേയ്ക്ക് ഈ ഗവണ്മെന്റ് സമയബന്ധിതമായ കാര്യങ്ങളുമായിട്ടാണ് മുന്നോട്ടുപോകുന്നത്. പി.ഡബ്ല്യു.ഡി., വാട്ടർ അതോറിറ്റി കോൺട്രാക്ടർമാരുടെ പണം കൊടുക്കണമെന്ന് ഇന്ന് രാവിലെ ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചു. ശ്രീ. മുല്ലക്കര രത്നാകരൻ അടിയന്തര പ്രമേയം അവതരിപ്പിച്ചുവെങ്കിലും അദ്ദേഹത്തിന്റെ സ്വതസിദ്ധമായ പരിസ്ഥിതി സ്നേഹവും ഹിപ്പോക്രസിയും പറഞ്ഞതല്ലാതെ ഇതിനെക്കുറി

ച്ചൊന്നും പറഞ്ഞില്ല. സാധാരണക്കാരന്റെയും പാവപ്പെട്ടവന്റെയും തൊഴിലാളിയുടെയും കാര്യമാണ് അദ്ദേഹമിവിടെ പറഞ്ഞത്. യഥാർത്ഥത്തിലുള്ള വിഷയം അദ്ദേഹം പറഞ്ഞില്ല. അതുകൊണ്ട് യഥാർത്ഥത്തിലുള്ള വിഷയത്തിലേയ്ക്ക് ഞാൻ കടക്കാം. വാട്ടർ അതോറിറ്റിയുടെയും പി.ഡബ്ല്യു.ഡി. –യുടെയും കോൺട്രാക്ടർമാർക്കുള്ള പണം കൊടുക്കേണ്ടതായിട്ടുണ്ട്. കാരണം, കഴിഞ്ഞ മൂന്നുവർഷം വികസനരംഗത്ത് അതിവേഗം ഒരുപാട് കാര്യങ്ങൾ ചെയ്തിട്ടുള്ളതാണ്. അതിന്റെ സ്പീഡിൽ കുറവ് വരാതിരിക്കാനുള്ള പ്രത്യേകമായ ശ്രദ്ധയുണ്ടാകണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞൊരു കാര്യത്തിന് ഞാൻകൂടി അടിവരയിടുകയാണ്. അതായത് നമ്മുടെ ആസ്ഥി വികസന ഫണ്ട് കുറഞ്ഞതുക ഉപയോഗിക്കാനുള്ളത് 10 ലക്ഷംരൂപയാക്കി കുറച്ചാൽ കുറേക്കൂടി പ്രോജക്ടുകൾക്ക് കൊടുക്കാൻ കഴിയും. ഏതായാലും ഇക്കാര്യം പരിഗണനയിലുണ്ട് എന്നറിയുന്നതിൽ സന്തോഷമുണ്ട്. ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമുകൾ ഇത്രയൊക്കെ നടക്കുമ്പോൾ, ശബരി റെയിൽവേ ഞങ്ങൾക്കും അങ്ങേയ്ക്കും എല്ലാവർക്കും വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. എറണാകുളം, കോട്ടയം ജില്ലകളുടെ, മധ്യകേരളത്തിന്റെ കിഴക്കൻ മേഖലയുടെ വികസനം മാത്രമല്ല, ശബരിമലയെന്ന പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രത്തിലേയ്ക്കുള്ള ശബരി റെയിൽവേയ്ക്കുവേണ്ടിയുള്ള ഭൂമിയുടെ അലൈൻമെന്റ് ഫിക്സ് ചെയ്ത് ഭൂമി മാറ്റിയിട്ടിട്ട് ഏതാണ്ട് 15 വർഷം കഴിഞ്ഞിരിക്കുകയാണ്. പക്ഷെ ഇതുവരെയും ആ ഭൂമി ഏറ്റെടുക്കുകയോ ഭൂമിയുടെ വില കൊടുക്കുകയോ ചെയ്തിട്ടില്ല. ഏതാണ്ട് ഒരു സ്തംഭനാവസ്ഥയിൽ നിൽക്കുകയാണ്. കേന്ദ്ര റെയിൽവേ നടത്തേണ്ട കാര്യമാണ്,

അത് ഇവിടെ പറയേണ്ട കാര്യമല്ല. പക്ഷെ ഇന്നിപ്പോൾ ഭൂമി ഏറ്റെടുക്കുന്നതിൽ സംസ്ഥാന ഗവൺമെന്റുകൾ സഹകരിക്കണമെന്ന് റയിൽവെ ചില കണ്ടീഷൻസ് മുന്നോട്ട് വയ്ക്കുന്നുണ്ട്. അങ്ങനെ സഹകരിക്കണമെന്ന് ഞങ്ങൾ പറയില്ല. കാരണം, അത് കേന്ദ്രംതന്നെ നടത്തേണ്ടതാണ്. ഒരു ഓൺ ഗോയിംഗ് പ്രോജക്ടാണ്. അതുകൊണ്ട് ഇടയ്ക്കുവച്ച് നമ്മൾ പണം കൊടുക്കണമെന്ന് പറയുന്നത് ശരിയല്ല. എന്നാൽ അത് നടപ്പിലാക്കാനുള്ള വഴി നമ്മൾ ആലോചിക്കണം. ഇന്നിപ്പോൾ കൊല്ലം ബൈപ്പാസ്, ആലപ്പുഴ ബൈപ്പാസ്, കൊച്ചി മെട്രോ തുടങ്ങിയവയ്ക്കൊക്കെ കേരള ഗവണ്മെന്റുംകൂടി പണം മുടക്കുന്നുണ്ടല്ലോ. അതുകൊണ്ട് വളരെ പ്രധാനപ്പെട്ട ശബരി റെയിൽവേയുടെ കാര്യത്തിൽ അനുകൂലമായൊരു തീരുമാനം സംസ്ഥാന ഗവണ്മെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി കേന്ദ്രത്തെക്കൊണ്ട് മുഴുവൻ തുകയും ചെലവാക്കിയാൽ അത്രയും നല്ല കാര്യം. ഏതായാലും അതിൽ നമ്മുടെ പ്രയോറിറ്റി പുറകോട്ട് പോകരുത് എന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. കൂടംകുളം ആണവനിലയത്തിൽനിന്നുള്ള ലൈൻ വലിക്കുന്നതിനെക്കുറിച്ച് ഇവിടെ സബ്മിഷൻ വന്നിട്ടുള്ളതാണ്. ആ ഇലക്ട്രിക് ലൈൻ വലിച്ചില്ലെങ്കിൽ നമ്മൾ നാളെ അന്ധകാരത്തിലേയ്ക്ക് പോകുമെന്നതൊരു സത്യമാണ്. അതിന്റെ തടസ്സമെന്താണെന്ന് എനിക്ക് ഇതുവരെ മനസ്സിലായിട്ടില്ല. ഈ ലൈനിന്റെ ബഹുഭൂരിപക്ഷവും റബ്ബർതോട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. നാട്ടുകാരുടെ എതിർപ്പുണ്ടെങ്കിലും ഇല്ലെങ്കിലും ഇപ്പോൾ കൂടംകുളം വൈദ്യുതി നിലയത്തിൽനിന്ന് ലൈൻ ഇടമൺവരെ അവർ എത്തിച്ചിട്ടുണ്ട്. തമിഴ്നാടിന്റെ പ്രദേശത്ത് ഒരു പ്രശ്നവുമില്ല. ഇടമൺ മുതൽ പള്ളിക്കര വരെ പത്തനംതിട്ട, കോട്ടയം, എറണാകുളം ജില്ലവരെയുള്ള പ്രദേശത്ത് അത് എത്രയുംവേഗം പൂർത്തിയാ

ക്കാൻ ഗവണ്മെന്റിന്റെ പ്രയോറിറ്റിയിൽ ഒന്നാമത്തെ സ്ഥാനം നൽകണം. വികസനരംഗത്തെ ഹിപ്പോക്രസി അവസാനിപ്പിക്കണം. കാരണം, യു.ഡി. എഫ്. ഗവണ്മെന്റ് കേരളത്തിൽ ആരംഭിച്ച ഒരുപദ്ധതിപോലും വയബിളല്ലാതെ വരികയോ നിയമവിരുദ്ധമായി ആരംഭിക്കുകയോ ചെയ്തിട്ടുള്ളതല്ല എന്ന് ഞാൻ അഭിമാനത്തോടുകൂടി പറയുകയാണ്. എല്ലാം നിയമാനുസൃതമായി ആരംഭിച്ചിട്ടുള്ളതാണ്. നിങ്ങളുടെ ഗവണ്മെന്റ് അധികാരത്തിൽവന്ന സമയത്ത് തിരിച്ചുപറയേണ്ട അവസ്ഥ ഞങ്ങൾക്കുണ്ടായിട്ടില്ല. പക്ഷെ ഇന്നിപ്പോൾ അങ്ങനെയല്ല. ഇന്ന് നിങ്ങൾ മാറ്റണം എന്നാവശ്യപ്പെടുന്ന, നിങ്ങൾ എതിർക്കുന്ന എല്ലാ പദ്ധതികളും നിങ്ങളുടെകാലത്ത് ആരംഭിച്ചിട്ടുള്ളതാണ്. നിങ്ങൾ ആരംഭിച്ചുവെന്നേയുള്ളൂ. അതിന്റെ 75-80 ശതമാനം പൂർത്തിയാക്കി സർട്ടിഫിക്കറ്റ് കൊടുക്കേണ്ട സമയമാകുമ്പോഴാണ് അത് കൊടുക്കാൻ പറ്റില്ല, നിയമവിരുദ്ധമാണ്, അത് ഇവിടത്തെ മുതലാളികളെ സഹായിക്കാൻവേണ്ടിയുള്ളതാണ് എന്നൊക്കെ നിങ്ങൾ പറയുന്നത്. ആറന്മുളയുടെ കാര്യത്തിൽ സി.&എ.ജി. റിപ്പോർട്ടുണ്ട്. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ ഭരണകാലത്ത് ചെയ്തിട്ടുള്ള കാര്യങ്ങളാണ് ഈ സി.&എ.ജി. റിപ്പോർട്ടിൽ കൂടുതലും പറഞ്ഞിരിക്കുന്നത്. ഇതിന്റെ അവസാനം ചെറിയൊരു ഭാഗംമാത്രമാണ് യു.ഡി. എഫ്–നുള്ളത്. ഒരുപ്രദേശത്തെ 10-20 ഏക്കർ സ്ഥലം മണ്ണിട്ട് നികത്തി എല്ലാം റെഡിയാക്കികഴിഞ്ഞിട്ട് ഇപ്പോൾ നിങ്ങൾ ഞങ്ങളോട് പറയുന്നു, ഞങ്ങളിട്ട മണ്ണ് നിങ്ങൾ കോരിമാറ്റി പഴയ സ്ഥിതിയിലാക്കണമെന്ന്. അങ്ങനെയാക്കാൻ കഴിയുമോ? ചിലവന്നൂരിൽ ഡി.എൽ.എഫ്.–ന് ഫ്ളാറ്റ് പണിയാൻ ഞങ്ങളാണോ പെർമിഷൻ കൊടുത്തത്; നിങ്ങളുടെ കോർപ്പറേഷനല്ലെ കൊടുത്തത്? കൊച്ചിൻ കോർപ്പറേഷൻ എല്ലാ അനുമതികളും കൊടുത്ത്

പണിയും പൂർത്തിയാക്കിയതിനുശേഷം അവസാന സർട്ടിഫിക്കറ്റ് കൊടുക്കാറായപ്പോൾ കൊടുക്കാൻ പാടില്ലായെന്നുപറഞ്ഞാൽപിന്നെ അതെല്ലാം ഇടിച്ചുനിരത്താൻ കഴിയുമോ? ഇതൊക്കെ പ്രായോഗികമായി നിങ്ങളുണ്ടാക്കിയ പ്രശ്നങ്ങളാണ്. ഇതൊക്കെ പെർമിഷൻ കൊടുക്കുന്ന സമയത്ത് അന്വേഷിക്കണം. ഓരോരുത്തർക്കും പെർമിഷൻ കൊടുത്ത് പണി പൂർത്തിയാക്കിയതിനുശേഷം ജനങ്ങളെ കബളിപ്പിക്കാനുള്ള ഹിപ്പോക്രസി കാണിക്കാൻ അവസാന നിമിഷം ഇത് പൊളിക്കണമെന്ന് പറയുന്നത് ശരിയായ കാര്യമല്ല. ഞാൻ അതിനെ പൊളിക്കണമെന്നോ പൊളിക്കണ്ടയെന്നോ പറയുന്നില്ല. പക്ഷെ ഇതിനുള്ള സാങ്ഷൻ കൊടുക്കുന്നതിനുമുമ്പ് ആലോചിക്കേണ്ടതാണ്. പാറ്റൂരിലെ മാളിന്റെ കാര്യത്തിലും ഇതാണ് സംഭവിച്ചത്. ഈ മാളിന് അനുമതി കൊടുത്തത് നിങ്ങളാണ്. അതുവഴിയുള്ള ഡ്രെയ്നേജിന്റെ ലൈൻ മാറ്റാനുള്ള അനുമതി കൊടുത്തതും നിങ്ങളാണ്. ഇതുപോലെ കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് ചെയ്തിട്ടുള്ള ഓരോകാര്യങ്ങളും അതിന്റെ അവസാനഘട്ടമെത്തുമ്പോൾ അതുമുഴുവൻ മാറ്റണമെന്നുപറഞ്ഞുകൊണ്ട് അതിന്റെ പഴിമുഴുവൻ യു.ഡി.എഫ്. സർക്കാരിന്റെ തലയിൽ വയ്ക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങളിൽനിന്ന് ഇനിയെങ്കിലും നിങ്ങൾ പുറകോട്ടുപോകണം. നിയമസഭയിൽ നിങ്ങൾ കാണിച്ചിട്ടുള്ള ഈ പക്വത ഇനിയാണെങ്കിലും ഒരു ഗവണ്മെന്റിനെ സംബന്ധിച്ച് വരുമ്പോൾ നിങ്ങൾ ആരംഭിച്ചിട്ടുള്ള കാര്യത്തിലെങ്കിലും മര്യാദകാണിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ റവന്യൂ വകുപ്പിന്റെ കീഴിലുള്ള ഇത്തരം നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതായിട്ടുണ്ട്. സമയക്കുറവുകൊണ്ട് ഞാൻ ദീർഘിപ്പിക്കുന്നില്ല. എല്ലാപേരും ഒരു മാതൃക കാണിച്ചിരിക്കുന്നതുകൊണ്ടും ഞാനായിട്ട് ആ മാതൃക ലംഘിക്കാൻ ആഗ്രഹിക്കാത്തതുകൊണ്ടും

ഞാനെന്റെ പ്രസംഗം അവസാനിപ്പിച്ചുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ പിന്തുണയ്ക്കുന്നു.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u>: സർ, 2014-15 വർഷത്തേയ്ക്കുള്ള ചെലവുകൾക്കായി തൊണ്ണൂറ്റിനാലായിരത്തി ഇരുന്നൂറ്റിരണ്ട് കോടി ആറ് ലക്ഷത്തി തൊണ്ണൂറ്റാറായിരം രൂപയുടെ ധനവിനിയോഗ ബില്ലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഇതിനുമുമ്പ് വോട്ട് ഓൺ അക്കൗണ്ടായി മുപ്പത്തൊന്നായിരത്തി നാന്നൂറ് കോടി അറുപത്തെട്ട് ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരംരൂപ അനുവദിച്ചിരുന്നു. അനുവദിച്ച തുകയിൽ എത്രമാത്രം ഈ കാലയളവിൽ ചെലവഴിച്ചു എന്നുള്ളത് സംബന്ധിച്ചുള്ള വിശദീകരണം ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽനിന്നും പ്രതീക്ഷിക്കുകയാണ്. ഇതിൽ ഏറിയകൂറും ചെലവഴിച്ചിട്ടില്ലെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. അനുവദിച്ച തുകയിൽ ഏറിയകൂറും ചെലവഴിക്കാത്ത സാഹചര്യത്തിൽ ഇത്രയുംതുക അനുവദിക്കേണ്ടതില്ല. അതുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. കേരളത്തിലെ ധനകാര്യ മാനേജ്മെന്റിനെ സംബന്ധിച്ച് വളരെ വിശദമായി എനിക്കുമുമ്പ് സംസാരിച്ച ആളുകൾ വിശദീകരിച്ചിട്ടുണ്ട്. ഇന്നലെ ധനകാര്യ ബില്ലുമായി ബന്ധപ്പെട്ട് മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസകും വിശദമായി സംസാരിച്ചിട്ടുണ്ട്. അതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് ആരാണ് ഉത്തരവാദി? വളരെ മിതമായ ഭാഷയിൽ പറഞ്ഞാൽ ഉമ്മൻ ചാണ്ടി സർക്കാരാണ് ഉത്തരവാദി. ഈ സർക്കാരിന്റെ കെടുകാര്യസ്ഥതയും അഴിമതിയുമാണ് ഇന്നത്തെ രീതിയി

ലേയ്ക്ക് കേരളത്തെ എത്തിച്ചിരിക്കുന്നത്. പാവപ്പെട്ടവനിൽനിന്നും കടവും നികുതിയും പിരിച്ചെടുക്കുന്നതിനുവേണ്ടി ശക്തമായ നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. എന്നാൽ നമ്മുടെ രാജ്യത്തെ കള്ളക്കടത്തുകാർ, നികുതി വെട്ടിപ്പുകാർ, വൻകിട വ്യാപാരികൾ, ബാർ ഹോട്ടലുകൾ, വില കുറച്ച് പ്രമാണം രജിസ്റ്റർ ചെയ്യുന്ന റിയൽ എസ്റ്റേറ്റ് വ്യാപാരികൾ ഇവരോടെല്ലാം സ്വീകരിക്കുന്ന സമീപനമെന്താണ്? ഇവരെല്ലാം വൻതോതിൽ നികുതി വെട്ടിപ്പ് നടത്തുകയല്ലേ. ഇപ്പോൾ 1,555 കോടിരൂപയുടെ പുതിയ നികുതികൾ ചുമത്തി. ഇതിന്റെ ആവശ്യമുണ്ടോ? നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ പോലീസും ഭരണകൂടവും ഉണ്ടല്ലോ. എന്തുകൊണ്ട് വളരെ ആർജ്ജവത്തോടെ, നിശ്ചയദാർഢ്യത്തോടെ നടപടികൾ സ്വീകരിക്കുന്നില്ല. ഇവർക്കെല്ലാം കൂട്ടുനിൽക്കുന്ന സമീപനമാണ് ഇവിടുത്തെ ഭരണാധികാരികളും ധനകാര്യ മാനേജ്മെന്റും സ്വീകരിക്കുന്നത്. ഉദ്യോഗസ്ഥൻമാരും അവർക്ക് നേതൃത്വം കൊടുക്കുന്ന ഭരണനേതൃത്വത്തിന്റെയും ഒത്താശയോടുകൂടിയാണ് വെട്ടിപ്പും തട്ടിപ്പും നടക്കുന്നത്. കാരണം ഇതിന്റെ ഒരു വിഹിതം അവർക്കുമുണ്ട് എന്നാണ് മനസ്സിലാകുന്നത്. എല്ലാ മേഖലയും സ്തംഭിച്ചിരിക്കുകയാണ്. റവന്യൂ വരുമാനം റവന്യു ചെലവിന് തികയുന്നില്ല. അതുപോലെ വികസനപ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുന്നത് കടം വാങ്ങിയാണ്. 2014-15 കഴിയുമ്പോൾ ഒരു ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി അഞ്ഞൂറ്റി എഴുപത്തിയെട്ട് കോടി എൺപത്തിമൂന്നായിരം രൂപ കേരളത്തിന്റെ കട ബാധ്യതയായി വരും. ഈ ഗവൺമെന്റിന്റെ കാലാവധി തീരുമ്പോൾ കേരളത്തിന്റെ കടം എത്രയാകും? ചിലപ്പോൾ രണ്ടോ മൂന്നോ ലക്ഷമായെന്നു വരും. ഈ രീതിയിൽ കേരളത്തെ കടക്കെണിയിലേയ്ക്ക് കടത്തിൽ മുങ്ങി

ത്താഴുന്ന സ്റ്റേറ്റായി മാറ്റാൻ വേണ്ടി യു.ഡി.എഫ്.–ന്റെ ഗവൺമെന്റ് ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് ഈ തുക അനുവദിക്കേണ്ടതില്ലെന്ന ശക്തമായ അഭിപ്രായം ഞാൻ പ്രകടിപ്പിക്കുന്നത്. ശമ്പളമോ പെൻഷനോ കൊടുക്കാൻ ഗവൺമെന്റിന് കഴിയുന്നില്ല. നിത്യനിദാന ചെലവിന് പോലും കടംവാങ്ങിക്കുന്ന ഗതികേടിലേയ്ക്ക് ഈ ഗവൺമെന്റ് എത്തിച്ചേർന്നിരിക്കുന്നു. ക്ഷേമ പെൻഷന്റെ സ്ഥിതി എന്താണ്? ഞാൻ വിശദീകരിക്കുന്നില്ല. കേരളത്തിലെ വൻകിട വികസനപ്രവർത്തനങ്ങളെല്ലാംതന്നെ സ്തംഭിച്ചിരിക്കുകയാണ്. കോൺട്രാക്ടർമാരുടെ കാശ് കൊടുത്തുതീർത്തിരുന്നെങ്കിൽ ഇങ്ങനെയൊരു സ്ഥിതിയുണ്ടാകുമോ? എന്തിനായിരുന്നു കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ മുപ്പത്തിയൊന്നായിരത്തിൽപ്പരം കോടിരൂപ ചെലവഴിക്കാൻ വേണ്ടി അങ്ങ് വാങ്ങിയത്. ഇങ്ങനെയുള്ള ഒരുപാട് പ്രശ്നങ്ങളുണ്ട്. 2013-14 – ൽ റവന്യൂ ചെലവ് 76 ശതമാനം– ലക്കുംലഗാനുമില്ലാത്ത രീതിയിലാണ് ഭരണം മുന്നോട്ട് പോകുന്നത്. ചെലവിന് കണക്കുണ്ടോ? ഓരോ മന്ത്രിമാരും ചെലവിന്റെ കാര്യത്തിൽ മത്സരിക്കുകയല്ലേ? ഇതെല്ലാം നിയന്ത്രിക്കണമെന്നാണ് വിനീതമായി പറയാനുള്ളത്. കേന്ദ്രത്തിൽനിന്ന് ന്യായമായ വിഹിതം കിട്ടുമോ? നിങ്ങളുടെ ഭരണകാലത്ത് കേന്ദ്രവും സംസ്ഥാനവും ഒരേ മുന്നണിയും പാർട്ടിയുംതന്നെ ഭരിക്കുകയാണെങ്കിൽ നമ്മുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടും. ധാരാളം ആനുകൂല്യങ്ങൾ കിട്ടും, എന്നിട്ട് കിട്ടിയോ. ഇപ്പോൾ വിലപിക്കുകയാണ്. ബി.ജെ.പി. ഗവൺമെന്റ് വളരെ ശക്തമായ മുന്നറിയിപ്പാണ് റെയിൽവേ ബഡ്ജറ്റിലൂടെ നമുക്ക് നൽകിയിരിക്കുന്നത്. ഞങ്ങളെ പ്രതീക്ഷിക്കേണ്ടതില്ല, ഞങ്ങളുടെ ഭാഗത്തുനിന്നും കാര്യമായി ഒന്നും കിട്ടുകയില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ

മോഹനസുന്ദര സ്വപ്നങ്ങളെല്ലാം കരിഞ്ഞുണങ്ങിപ്പോകുന്ന അവസ്ഥയിലേയ്ക്കാണ് പോയികൊണ്ടിരിക്കുന്നത്. കൂടുതലൊന്നും തന്നെ പ്രതീക്ഷിക്കേണ്ടതില്ലെന്നാണ് അത് സംബന്ധിച്ച് പറയാനുള്ളത്. എൽ.ഡി.എഫ് ഭരണം വിട്ടൊഴിയുന്ന സമയത്ത് കേരളത്തിന്റെ ഖജനാവിൽ എത്ര കാശ് മിച്ചമുണ്ടായിരുന്നെന്ന് സാറിനറിയാമല്ലോ. ഇപ്പോൾ ഇങ്ങനെയാവാൻ കാരണമെന്താണ്? എൽ.ഡി.എഫ്.-ന്റെ കാലത്തും കടമെടുത്തിരുന്നു. അങ്ങനെ കടമെടുത്ത് വികസനപ്രവർത്തനങ്ങൾ നടത്തുമ്പോൾ മാണി സാറിന്റെയും ശ്രീ. ഉമ്മൻ ചാണ്ടിയുടെയും പ്രസംഗം അപ്പുറത്തിരുന്ന് നമ്മൾ കേട്ടിട്ടുണ്ടല്ലോ. അന്ന് കടമെടുക്കുന്നതിനെ സംബന്ധിച്ചും അത് ചെലവഴിക്കുന്നതിനെ സംബന്ധിച്ചും വികസന പ്രവർത്തനങ്ങൾ നടത്തുന്ന കാര്യത്തെക്കുറിച്ചുമെല്ലാമുള്ള ലോജിക്കുകൾ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി വളരെ വിശദമായി ക്ലാസെടുക്കുന്ന രീതിയിലാണ് ഇവിടെ അവതരിപ്പിച്ചത്. അതൊന്നും മാണിസാറിനും അന്നത്തെ പ്രതിപക്ഷനേതാവിനും ബോധ്യമായിട്ടില്ല. അങ്ങനെയുള്ള മാണിസാറാണ് ഇപ്പോൾ ഒരുലക്ഷത്തിമുപ്പത്തിയൊന്നായിരത്തിൽപ്പരം കോടിരൂപയുടെ കടബാദ്ധ്യത വരുത്തിയിരിക്കുന്നത്. ഇത് അവസരവാദപരമായ സമീപനമല്ലേ? കടമെടുക്കുന്നതിനെ സംബന്ധിച്ച് ഇന്നലെ മാണി സാർ ഇവിടെ പറഞ്ഞു. അത് തന്നെയാണ് ഡോ. തോമസ് ഐസക്കും അന്ന് പറഞ്ഞത്. അന്ന് അംഗീകരിക്കാൻ കഴിയാതിരുന്നത് എന്താണ്? കടമെടുത്ത് മുടിയുന്ന സർക്കാരിനെ നമുക്കാവശ്യമുണ്ടോ? കേരളത്തിന് ഇങ്ങനെയൊരു സർക്കാരിനെ ആവശ്യമില്ല, ജനങ്ങൾ തീർച്ചയായും ഇതിനെതിരായി വിധിയെഴുതും അതുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. ഇവിടെ അവതരിപ്പിച്ച അടിയന്തരപ്രമേയത്തോട് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ഷിബു ബേബി ജോൺ കാണിച്ച ധിക്കാ

രപരമായ സമീപനം ഒരു മന്ത്രിക്ക് ചേർന്നതാണോ. അദ്ദേഹം ഒരു വിപ്ലവ പാർട്ടിയുടെ നേതാവല്ലേ. ആ നേതാവ് പറയുകയാണ് വിഷയ ദാരിദ്ര്യം കൊണ്ടാണ് ശ്രീ. മുല്ലക്കര രത്നാകരൻ ഇവിടെ ഈ പ്രമേയം കൊണ്ടുവന്ന തെന്ന്. കേരളത്തിൽ ഇന്ന് വികസനപ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ? കമ്പി യുടെയും മണ്ണിന്റെയും സിമന്റിന്റെയും പാറയുടെയും വില വർദ്ധിച്ചിരിക്കു ന്നു. പാറ കിട്ടാനുണ്ടോ? എന്റെനാട്ടിൽ ഒരു ഫിഷറീസ് തുറമുഖമുണ്ട്, അവിടെ ടൺകണക്കിന് ഭാരമുള്ള കല്ല് വേണം. ആ കല്ല് കിട്ടാനില്ല. കല്ലിന് വേണ്ടി കോൺട്രാക്ടർ ആറേക്കർ സ്ഥലം വിലയ്ക്കെടുത്തു പക്ഷെ ഗവൺമെന്റ് അംഗീകാരം കൊടുക്കുന്നില്ല. നാട്ടുകാർ അനുവദിക്കുന്നില്ല. പിന്നെങ്ങനെ ഇവിടെ വികസനപ്രവർത്തനം നടക്കും. പുഴയോരങ്ങളും കടൽഭിത്തിയും കായൽഭിത്തിയും കെട്ടണം. എവിടെ നിന്ന് കല്ല് കൊണ്ടു വരും. ഗവൺമെന്റ് ഇത് സംബന്ധിച്ച് ശരിയായ സമീപനം സ്വീകരിക്കണം. ഇക്കാര്യത്തിൽ ഒരു നയം വേണം. വികസനപ്രവർത്തനത്തിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയതുകൊണ്ടോ ഡി.പി.ആർ. തയ്യാറാക്കിയതുകൊണ്ടോ കാര്യമില്ല. അതിനാവശ്യമായ മെറ്റീരിയൽസ് കൊടുക്കണം. അത് നിങ്ങൾ കൊടുക്കുന്നില്ല. ഇത്തരത്തിലുള്ള പ്രശ്നമാണ് ഇവിടെ ഉന്നയിച്ചത്. അതിന് ധിക്കാരപരമായ സമീപനമാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സ്വീകരിച്ചത്. ഇത്തരം സമീപനങ്ങൾ തിരുത്തണമെന്നാണ് ഇതുമായി ബന്ധപ്പെട്ടുകൊണ്ട് പറയാനുള്ളത്. ഇന്നലെ ശ്രീ. പി. സി. വിഷ്ണുനാഥ് കോൺഗ്രസ്സിന്റെ പരാജ യത്തെ ലോകകപ്പ് ഫുട്ബോളിൽ ബ്രസീലിന്റെ സെമി ഫൈനൽ പരാജയവു മായി ബന്ധപ്പെടുത്തിക്കൊണ്ട് അതിനെ ലഘൂകരിക്കുന്നതിന് വേണ്ടി, വെള്ള പൂശുന്നതിന് വേണ്ടി തയ്യാറായി. എന്തൊരു കഷ്ടമാണ് ശ്രീ. വിഷ്ണുനാഥ് ഇത്. രണ്ട് പ്രധാനപ്പെട്ട ലോകോത്തര താരങ്ങൾ, നെയ്മറിന്റെ നട്ടെല്ല് പൊട്ടി

കിടപ്പിലാണ്. അവരുടെ ക്യാപ്റ്റൻ തിയാഗോ സിൽവ രണ്ട് മഞ്ഞ കാർഡ് കണ്ട് പുറത്തിരിക്കുകയാണ്. പ്രധാനപ്പെട്ട കപ്പിത്താൻമാരാണ് പോയത്. കപ്പിത്താൻമാരില്ലാത്ത കപ്പലാണ് നമ്മൾ കണ്ടത്. കോൺഗ്രസ്സിന്റെ പരാജയത്തെ ബ്രസീലിന്റെ പരാജയവുമായി ചേർത്ത് പറയുമ്പോൾ...... ഇവിടെ കപ്പിത്താൻമാരുണ്ടായിരുന്നു ശ്രീമതി സോണിയാ ഗാന്ധി അതു പോലെ തന്നെ ശ്രീ. രാഹുൽ ഗാന്ധി നടന്നും പറന്നും ഓടിയും ചാടിയും എല്ലാം നേതൃത്വം കൊടുത്തില്ലേ; എന്നിട്ടെന്താണ് പരാജയപ്പെട്ടുപോയത്? ഇവിടെ നേതൃത്വം ഉണ്ടായിരുന്നു, അവിടെ നേതൃത്വമില്ലാത്തതുകൊണ്ടാണ് പരാജയപ്പെട്ടത്. അതിനെ താരതമ്യപ്പെടുത്തിയിട്ട് കാര്യമില്ല. കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരത്ത് ആറ് ലക്ഷംരൂപയ്ക്ക് അനധികൃതമായി ഒരു കബഡി ക്ലബ്........ എം.എൽ.എ.യ്ക്കോ ജില്ലാ ഭരണകൂടത്തിനോ കബഡി അസോസിയേഷനോ ഇതിനെപ്പറ്റി അറിയില്ല. ഡി.ഡി.സ ഏകകണ്ഠമായി പ്രമേയം പാസാക്കി വിജിലൻസിന് കൊടുത്തു. ഇന്നും അത് സംബന്ധിച്ച് ഒരു നടപടിയുമില്ല. ഇങ്ങനെ സ്പോർട്സ് കൗൺസിലിന്റെ പണം തട്ടിയെടുക്കാമെന്നാണോ? അന്വേഷിക്കണം, ഗൗരവമായ നടപടി സ്വീകരിക്കണം. അതുകൊണ്ട് മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കാതെ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ: സർ, പ്രതിഭാശാലിയായ കേരളത്തിന്റെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മുന്നോട്ടുവയ്ക്കുന്ന ഈ ധനവിനിയോഗ ബില്ലിനെ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. പ്രതിപക്ഷനിരയിൽനിന്ന് സംസാരിക്കുന്നവരെല്ലാം ശക്തമായ വിമർശനങ്ങൾ ഉന്നയിച്ച് ഈ

ഗവൺമെന്റിനെ മുൾമുനയിൽ നിർത്താൻ നിരന്തരം നടത്തുന്ന ശ്രമങ്ങൾ ദയനീയമായി പരാജയപ്പെടുന്നത് നാം കണ്ടുകൊണ്ടിരിക്കുകയാണ്. ഏതു നടപടിയുടെ പേരിൽ ഗവൺമെന്റിനെ വിമർശിക്കണമെന്നതിനെ സംബന്ധിച്ച് വ്യക്തമായ ഒരു ധാരണ പ്രതിപക്ഷത്തിനില്ലാതെ പോയിയെന്നുള്ളത് അവരുടെ പ്രസംഗങ്ങളിൽ നിന്നുതന്നെ വളരെ വ്യക്തമാണ്. ഗവൺമെന്റിനെ അംഗീകരിക്കേണ്ടി വരുന്ന പല വസ്തുതകളെയും മറച്ചുവച്ച്, ഗവേഷണം നടത്തി എന്തെങ്കിലും കുറ്റം കണ്ടെത്തേണ്ട അവസ്ഥയിലാണ് പലപ്പോഴും ധനകാര്യമുൾപ്പെടെയുള്ള കാര്യങ്ങളിൽ ഈ വിമർശനങ്ങൾ ഉന്നയിക്കുന്നത്. ഇവിടെ മാണിസാറിന്റെ സാമ്പത്തികനയത്തെയും ഈ ഗവൺമെന്റിന്റെ നയങ്ങളെയും ഈ ധനവിനിയോഗ ബില്ലിന്റെ ചർച്ചയിൽ വിമർശിക്കുമ്പോൾ നമുക്കെല്ലാവർക്കും ഒരുകാര്യം വളരെ വ്യക്തമാണ്. കഴിഞ്ഞകാല ഗവൺമെന്റുകളുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ വികസന പ്രവർത്തന ങ്ങൾക്ക് നേതൃത്വം നൽകിയ ഗവൺമെന്റാണിതെന്നും കേരളത്തിന്റെ 14 ജില്ല കളിലും എടുത്തുപറയാവുന്ന വികസന പ്രവർത്തനങ്ങൾ – ജനങ്ങളുടെ സൗകര്യത്തിനും ഉന്നമനത്തിനും വേണ്ടി മുന്നോട്ടുവച്ച ഒരു ഗവൺമെന്റാണ് എന്നുള്ളതും നടപടികളിലൂടെ തെളിയിച്ച ഒരു ഗവൺമെന്റാണിത്.

കപ്പിത്താനില്ലാതെ പോയതുകൊണ്ടാണ് ബ്രസീൽ പരാജയപ്പെട്ടതെന്ന് കുഞ്ഞിരാമേട്ടൻ ഇവിടെ സൂചിപ്പിച്ചു. കപ്പിത്താനുണ്ടായിട്ടും കഴിഞ്ഞ വർഷ ങ്ങളിൽ ഭരിച്ചിരുന്ന ഇടതുപക്ഷ ഗവൺമെന്റിന് കേരളത്തിലെ ജനങ്ങൾക്കു വേണ്ടി കാര്യമായി ഒന്നും ചെയ്യാൻ കഴിയാതെ പോയതും കേരളത്തിലെ ജനങ്ങൾ കണ്ടതാണ്. ഞങ്ങൾക്ക് ഒരു കപ്പിത്താനുണ്ട്, ഞങ്ങളുടെ ക്യാപ്റ്റനായ മുഖ്യമന്ത്രി. ഈ ഗവൺമെന്റിനെ ഒറ്റക്കെട്ടായി, അഭിപ്രായവ്യ

ത്യാസമില്ലാതെ കേരളത്തിലെ ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി മുന്നോട്ടുനയിക്കുന്ന കാഴ്ച കഴിഞ്ഞ മൂന്നുവർഷമായി കേരളം കണ്ടുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ നാലാം വർഷത്തിലേയ്ക്ക് കടന്നു. ഞങ്ങളുടെ വിജയങ്ങളോരോന്നും ജനങ്ങൾ നൽകിയ അംഗീകാരങ്ങളായിരുന്നു. ഉപതെരഞ്ഞെടുപ്പുകളിലെ വിജയം ഞങ്ങളുടെ കപ്പിത്താനും ഈ ടീമിനും ഈ ഗവൺമെന്റിനും കേരളത്തിലെ ജനങ്ങൾ നൽകിയ അംഗീകാരമായിരുന്നു. ലോക്സഭാ തെരഞ്ഞെടുപ്പിൽ 2004 ആവർത്തിക്കുമെന്ന് പ്രഖ്യാപിച്ച് പ്രസ്താവനകൾ ഇറക്കിയ നേതാക്കന്മാരെ മുഴുവൻ നിരാശപ്പെടുത്തിക്കൊണ്ട്, 16 സീറ്റിൽ യു.ഡി.എഫ്. വിജയിച്ച ഒരു തെരഞ്ഞെടുപ്പിനുശേഷം തിരിച്ചടി നേരിടാൻ പോകുകയാണ് എന്ന് പ്രചരിപ്പിക്കുകയും വിശ്വസിപ്പിക്കുകയും ചെയ്തിരുന്ന ആളുകളെ മുഴുവൻ നിരാശപ്പെടുത്തിക്കൊണ്ടാണ് വീണ്ടും ഐക്യജനാധിപത്യമുന്നണിക്ക് മേധാവിത്വമുണ്ടായത്. ഞങ്ങളെ നയിച്ചത് ഞങ്ങളുടെ കപ്പിത്താൻ തന്നെയായിരുന്നു. ആ കപ്പിത്താന്റെ നേതൃത്വത്തിൽ കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങളെ പരാജയപ്പെടുത്തിക്കൊണ്ട് നല്ല റിസൾട്ടുണ്ടാക്കാൻ ഐക്യജനാധിപത്യമുന്നണിക്ക് കഴിഞ്ഞത്, ഈ ഗവൺമെന്റ് ഇവിടത്തെ ജനങ്ങൾക്ക് നടത്തിയ വികസനപ്രവർത്തനങ്ങളെ ജനങ്ങൾ അംഗീകരിക്കുന്നുവെന്നതുകൊണ്ടുതന്നെയാണ് എന്ന കാര്യത്തിൽ സംശയമില്ല. അവിടെയും പ്രതിഭാശാലികളായ ഒട്ടനവധി മന്ത്രിമാരുണ്ടായിരുന്നു. അവരിൽ പലരും വലിയ പ്രതിഭാശാലികളാണ്, ജീനിയസ്സുകളാണ്, ഗവേഷണം നടത്തിയിട്ടുള്ളയാളുകളാണ്, വിവരമുള്ള ആളുകളാണ്. പക്ഷേ ഒരു ടീമെന്ന നിലയ്ക്ക് കേരളത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് വേണ്ടി പ്രവർത്തിക്കാൻ അവർക്ക് കഴിയാതെപോയി എന്നുള്ളത് ഒരു വസ്തുത

യാണ്. അവർക്ക് അവരുടെ കപ്പിത്താനെ വിശ്വാസമുണ്ടായിരുന്നില്ല. ക്യാപ്റ്റന്റെ കാലുകളിലേയ്ക്ക് ബോൾ കൊടുത്താൽ എതിർപോസ്റ്റിലേ യ്ക്കാണോ സ്വന്തം പോസ്റ്റിലേയ്ക്കാണോ അടിക്കുക എന്നുറപ്പില്ലാത്തതു കൊണ്ട് സെൽഫ് ഗോളടിക്കുന്നത് ഒഴിവാക്കാൻവേണ്ടി ക്യാപ്റ്റനെ അവഗണിക്കുന്ന ഒരു സമീപനമായിരുന്നു അവർക്കുണ്ടായിരുന്നത് എന്നുള്ളത് വസ്തുതയാണ്. അപ്പോൾ കപ്പിത്താനുള്ളതുകൊണ്ടുമാത്രം കാര്യമില്ല. കേരളത്തിന്റെ മുഖ്യമന്ത്രി ഇതുപോലെ കേരളത്തെ ഒന്നിച്ച് കൊണ്ടുപോകുന്നതുകാണാനുള്ള യോഗം ജനങ്ങൾക്ക് വന്നത് ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ് എന്ന കാര്യത്തിൽ സംശയമില്ല.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. സ്ഥാനാർത്ഥിയായിരുന്ന ബഹുമാനപ്പെട്ട എം. പി. വീരേന്ദ്രകു മാറിനുവേണ്ടി നന്നായി പ്രവർത്തിച്ച ഒരാളാണ് ശ്രീ. ഷാഫി പറമ്പിൽ എന്ന് എനിക്കറിയാം. എന്നിട്ടും ഒരുലക്ഷത്തിൽപ്പരം വോട്ടിന് പരാജയപ്പെട്ടു. അതിനുള്ള കാരണക്കാരൻ താങ്കളാണെന്ന് ശ്രീ. ആർ. ബാലകൃഷ്ണ പിള്ളയുടെ റിപ്പോർട്ടിൽ പറയുന്നുവെന്ന് കേട്ടു. അതിൽ വല്ല വസ്തുതയു മുണ്ടോ?

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഞാൻ ശ്രീ. എം. പി. വീരേന്ദ്രകുമാറിന്റെ വിജയത്തിനുവേണ്ടി ആത്മാർത്ഥമായി പ്രവർത്തിച്ചുവെന്ന് അങ്ങ് അംഗീകരി ച്ചതിൽ എന്റെ സന്തോഷം രേഖപ്പെടുത്തുന്നു. ശ്രീ. ആർ. ബാലകൃഷ്ണപി ള്ളകമ്മിറ്റിയുടെ റിപ്പോർട്ട് ഇതുവരെ വന്നിട്ടില്ല. സിറ്റിംഗ് നടന്നുകൊണ്ടിരി ക്കുകയാണ്, അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. ആ റിപ്പോർട്ടിന കത്ത് അങ്ങനെയൊന്നുമില്ല, തീർച്ചയായും അങ്ങനെയൊന്നുമുണ്ടാകില്ല.

ഇതൊക്കെ അവിടത്തെ ജനങ്ങൾക്ക് ബോധ്യമുള്ള കാര്യമാണ്. ഞാൻ അതിലേയ്ക്ക് ദീർഘമായി കടക്കാൻ ആഗ്രഹിക്കുന്നില്ല.

ഈ ഗവൺമെന്റിന്റെ ധനവിനിയോഗ ബില്ലിനെ പിന്തുണച്ചുകൊണ്ട് സംസാരിക്കുമ്പോൾ നേട്ടങ്ങളെ പിന്തുണച്ചു സംസാരിക്കുന്നതിന്റെ സംതൃപ്തി ലഭിക്കുന്നു. ഈ ഗവൺമെന്റ് കഴിഞ്ഞ മൂന്നുവർഷക്കാലം എന്തുചെയ്തു എന്നചോദ്യം വരുമ്പോൾ പലതും ചെയ്യാൻ ശ്രമിച്ചുവെന്ന മറുപടിയല്ല മറിച്ച് പലതും ചെയ്തു എന്ന മറുപടി തന്നെ പറയാൻ കഴിയുന്ന തരത്തിൽ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ ക്രോഡീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിന്റെ ചരിത്രത്തിലില്ലാത്തവിധം സാമൂഹ്യക്ഷേമ നടപടികളിലും വികസനപ്രവർത്തനങ്ങളിലും ഒരുപോലെ മുന്നോട്ടുപോയ ഒരു ഗവൺമെന്റാണിത്.

<u>ശ്രീ. റ്റി. എൻ. പ്രതാപൻ</u>: ബഡ്ജറ്റിന്റെ ചർച്ചകൾ പൂർത്തിയാക്കി ധനവിനിയോഗത്തെ സംബന്ധിച്ചാണ് ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇന്ന് കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്ര ബഡ്ജറ്റിൽ നമ്മുടെ രാഷ്ട്രപിതാവിനെ അപമാനിക്കുന്ന സാഹചര്യമുണ്ടായത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഈ ലോകത്തിന് തന്നെ മാതൃകയായ ഒന്നാണ്. രാഷ്ട്രപിതാവിന്റെ പേരിലുള്ള മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽനിന്ന് മഹാത്മാഗാന്ധിയുടെ പേരെടുത്തു കളഞ്ഞ് ജനസംഘത്തിന്റെ സ്ഥാപക നേതാക്കളിലൊരാളായ ശ്യാമപ്രസാദ് മുഖർജിയുടെ പേരിട്ട് രാഷ്ട്രപിതാവിനെ അപമാനിച്ച ഒരു ഗവൺമെന്റാണ് കേന്ദ്രത്തിലുള്ളത്. ആ ഗവൺമെന്റിന്റെ നടപടി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഞാനെന്റെ കഴിഞ്ഞ പ്രസംഗത്തിൽ ഇവിടെ പറയാൻ ആഗ്രഹിച്ച ഒരു കാര്യമാണ്. നല്ല ദിനങ്ങൾ വരാനിരിക്കുന്നു, നല്ല ദിനങ്ങൾ വരാനിരിക്കുന്നു എന്ന പരസ്യം നടത്തി അധികാരത്തിലേറിയ ഒരു ഗവൺമെന്റ് അധികാരമേറ്റ് രണ്ടു മാസം കഴിയുമ്പോഴേയ്ക്കും ആ ഗവൺമെന്റിന്റെ യഥാർത്ഥ സ്വഭാവമെന്താണെന്ന് തെളിയിച്ചിരിക്കുകയാണ്. ഈ ബഡ്ജറ്റിലുൾപ്പെടെ നമുക്ക് നിരാശയാണുള്ളത് എന്ന് ഇപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കുന്ന വാർത്തകൾ പറയുന്നു. ഇതിലും ഭേദം കോൺഗ്രസ് ഗവൺമെന്റ് തന്നെയായിരുന്നു എന്നുള്ളത് ഈ സമയം കൊണ്ടു തന്നെ ജനങ്ങൾ പറഞ്ഞുകഴിഞ്ഞു. ഇതാണ് നല്ല ദിനങ്ങളെങ്കിൽ ഇനി ദിനങ്ങൾ അല്പം മോശമായാലും വേണ്ടില്ല എന്ന് ജനങ്ങൾ പറയാനാരംഭിച്ചിരിക്കുന്നു. ഞാൻ കഴിഞ്ഞ പ്രസംഗത്തിൽ സൂചിപ്പിച്ചു 'നമോ, നമോ' എന്ന് വിളിച്ചുനടന്നിരുന്ന ആളുകൾ ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ തുടങ്ങിയപ്പോഴേക്കും 'എന്റമ്മോ' എന്ന് കരയുന്ന അവസ്ഥയിലേയ്ക്ക് ഈ രാജ്യം മാറിയിട്ടുണ്ട്. കോൺഗ്രസായിരുന്നു ശരി എന്നുള്ളത് ആവർത്തിച്ച് വ്യക്തമാക്കാൻ രണ്ടുമാസത്തെ ബി.ജെ.പി.-യുടെ നേതൃത്വത്തിലുള്ള എൻ.ഡി.എ.-യുടെ ഭരണം കൊണ്ടുതന്നെ സാധിച്ചിരിക്കുന്നു എന്നുള്ളത് എല്ലാവർക്കും ബോധ്യമുണ്ട്. രാഷ്ട്രപിതാവിനെ എന്നല്ല രാജ്യത്തിന്റെ സെക്കുലർ ക്രെഡൻഷ്യൽസിനെ മുഴുവൻ തകർക്കാൻ ഈ ഗവൺമെന്റ് നേതൃത്വം നൽകുമെന്ന് തെരഞ്ഞെടുപ്പ് സമയത്ത് കോൺഗ്രസ് മുന്നോട്ടുവച്ച ആശങ്കയെ ശരിവയ്ക്കുന്ന തരത്തിലാണ് ഇപ്പോൾ അവരുടെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത്.

ഈ ഗവൺമെന്റിനെ പിന്തുണയ്ക്കുമ്പോൾ ധനവിനിയോഗബില്ലിൽ ചർച്ചയിൽ പങ്കെടുത്തു സംസാരിക്കുമ്പോൾ അഭിമാനത്തോടു കൂടി സ്മാർട്ട് സിറ്റിയുടെ പ്രവർത്തനങ്ങളെ എടുത്തുകാണാൻ കഴിയും. അത്തരം പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമ്പോൾ അത്തരം ഇൻവെസ്റ്റ്മെന്റ് ഈ സ്റ്റേറ്റിലുണ്ടാകുന്നതിനുവേണ്ടി ശ്രമങ്ങൾ നടത്തുന്നതിന്റെ ഭാഗമായി ചില എക്സംപ്ഷൻസ് കൊടുക്കുമ്പോൾ അതിനെ എന്തോ മഹാപാതകം ചെയ്യു ന്നതുപോലെ തെറ്റായി ചിത്രീകരിക്കുന്ന ഒരു അവസ്ഥ സി.& എ.ജി. ഉൾപ്പെ ടെയുള്ളവരുടെ........ ആ സമീപനം മാറ്റണം. സമീപനത്തിൽ മാറ്റം വരുത്താതെ ഇൻവെസ്റ്റ്മെന്റ് മേഖലയിൽ മുന്നോട്ടുപോകാനാകില്ല. ഇവിടെ ഇൻവെസ്റ്റ്മെന്റുണ്ടാകണമെന്ന് എല്ലാവരും പറയുന്നു. നമുക്ക് വരുമാനം വേണം, പക്ഷേ അത് വെറുതെയിരുന്നാൽ ഉണ്ടാകുമോ? ഇൻവെസ്റ്റ്മെന്റ് നടത്താൻ തയ്യാറായി വരുന്നയാളുകളെയും സ്ഥാപനങ്ങളെയും നെഗറ്റീവ് അപ്രോച്ചോടുകൂടി ആട്ടിയോടിക്കാൻ ഗവേഷണം നടത്തുന്നയാളുകൾ ഇപ്പോഴും നമുക്കിടയിലുണ്ട്. ആ കാഴ്ചപ്പാട് മാറിയേ പറ്റൂ. സ്മാർട്ട് സിറ്റി യുടെ പ്രവർത്തനങ്ങൾ കേരളത്തിലെ ചെറുപ്പക്കാർക്ക് മോചനമന്ത്രമാകു മെന്നതു തന്നെയാണ് യുവാവ് എന്ന നിലയിൽ .......

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: സ്മാർട്ട് സിറ്റിയെ കുറിച്ചാണ് അങ്ങ് പറയുന്നത്. കഴിഞ്ഞ ദിവസം സി. & എ.ജി. യുടെ റിപ്പോർട്ടിൽ സ്മാർട്ട് സിറ്റി പദ്ധതിക്കുവേണ്ടി റവന്യൂ വരുമാനം നഷ്ടപ്പെടുത്തി, മുദ്രവില ഈടാ ക്കുന്നതിൽനിന്ന് എക്സംപ്റ്റ് ചെയ്തു, ധാരാളം ആനുകൂല്യം കൊടുത്തു എന്നൊക്കെ പറയുന്നു. അതിനോടൊപ്പംതന്നെ ആറന്മുള വിമാനത്താവള ത്തിന് ഓഹരി എടുക്കുന്നതിനായി എന്തോ മഹാപാതകം ചെയ്തുവെ

ന്നൊക്കെ സി.& എ. ജി. തന്നെ പ്രഖ്യാപിച്ചിരിക്കുന്നു. ഇത്തരം പോളിസി ഡിസിഷന്റെ കാര്യത്തിൽപ്പോലും സി.& എ.ജി. അഭിപ്രായം പറയുന്നത് ശരിയാണോ; അങ്ങേയ്ക്ക് അതിൽ അഭിപ്രായമുണ്ടോ?

ശ്രീ. ഷാഫി പറമ്പിൽ: സർ, കേരളത്തിന്റെ താല്പര്യങ്ങൾക്ക് വിരുദ്ധമായ കാഴ്ചപ്പാടും ഇടപെടലുകളുമാണ് അത്. ഇൻവെസ്റ്റ്മെന്റിനെ പ്രൊമോട്ട് ചെയ്യാതെ സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതിക്ക് വലിയ വളർച്ചയുണ്ടാകുമെന്ന് പ്രഖ്യാപിക്കാൻ കഴിയില്ല. ഒരു കൺസ്യൂമർ സ്റ്റേറ്റ് എന്ന നിലയ്ക്ക് കൂടുതൽ ഇൻവെസ്റ്റ്മെന്റ് വന്നിട്ടില്ലെങ്കിൽ എല്ലാകാലത്തും നമുക്ക് ഇതുപോലെ മാത്രമേ മുന്നോട്ടുപോകാൻ കഴിയൂ. കേരളത്തിന്റെ വികസന മുന്നേറ്റത്തിന് തടസ്സമായി നിലനിൽക്കുന്ന ഇത്തരം നിലപാടുകളിൽ ശക്തമായ ക്ലാരിറ്റി ഗവൺമെന്റ് വരുത്തണമെന്നുതന്നെയാണ് എന്റെ അഭിപ്രായം.

സ്മാർട്ട് സിറ്റി, മോണോ റെയിൽ, വിഴിഞ്ഞം തുറമുഖം, കണ്ണൂർ വിമാനത്താവളം, കൊച്ചി മെട്രോ, സ്റ്റാർട്ട് അപ് വില്ലേജുകൾ, കാരുണ്യ ലോട്ടറി, അസറ്റ് ഡെവലപ്മെന്റ് ഫണ്ട്, എല്ലാ കർഷകർക്കും പെൻഷൻ, അദ്ധ്യാപക പാക്കേജ്, മലയാള സർവ്വകലാശാല, പുതുതായി ആരംഭിക്കുന്ന ഐ.എ. എസ്. അക്കാഡമികൾ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ മണ്ഡലത്തിലുൾപ്പെടെ സർക്കാർ എയ്ഡഡ് കോളേജുകളില്ലാത്ത എല്ലാ സ്ഥലങ്ങളിലും സർക്കാർ എയ്ഡഡ് കോളേജുകൾ, ഭൂരഹിതരില്ലാത്ത കേരളത്തെ സ്വപ്നം കാണുന്നതിനുള്ള നടപടികൾ, 12 പുതിയ താലൂക്കുകൾ, പട്ടികജാതി വകുപ്പിന് കീഴിൽ ഒരുപുതിയ മെഡിക്കൽ കോളേജ്, ചരിത്രത്തിലാദ്യമായി സർക്കാർ മേഖലയിൽ ഒരുമിച്ചു തുടങ്ങാൻ 8-9

മെഡിക്കൽ കോളേജുകൾ, ടൂറിസം രംഗത്ത് ഓസ്കാർ അവാർഡ്, ഫിഷറീസ് ഡിപ്പാർട്ട്മെന്റിലെ ചരിത്രനേട്ടങ്ങൾക്ക് തുടക്കം കുറിക്കൽ, പട്ടിക ജാതി–പട്ടികവർഗ്ഗ രംഗത്തെ വികസനക്ഷേമ പ്രവർത്തനങ്ങൾക്ക് മുൻകാല ത്തെക്കാൾ പ്രാധാന്യം കൊടുക്കൽ, കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി പോലുള്ള സാമൂഹികക്ഷേമ പ്രവർത്തനങ്ങൾ ഇത്തരത്തിൽ സമാനതകളി ല്ലാത്ത ജനക്ഷേമപ്രവർത്തനങ്ങൾക്കും വികസന പദ്ധതികൾക്കും നേതൃത്വം നൽകുന്ന ഒരു ഗവൺമെന്റാണിത്. മുൻകാലങ്ങളെ അപേക്ഷിച്ച് ശബരിമല ദർശനമുൾപ്പെടെയുള്ള കാര്യങ്ങൾ സൗകര്യപ്രദമായി നടത്തിയ, എല്ലാ ക്ഷേമ പെൻഷനുകളും വർദ്ധിപ്പിച്ച, കേരളത്തിലെ 14 ജില്ലകളിലും പാവപ്പെട്ട വനുവേണ്ടി ജനസമ്പർക്ക പരിപാടി ഉൾപ്പെടെ നടപ്പിലാക്കിയ ഒരു ഗവൺമെന്റിന്റെ ധനവിനിയോഗ ബില്ലിനെ ആത്മാർത്ഥമായി പിന്തുണച്ചു കൊണ്ട് നിർത്തുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, ശ്രീ. കെ. എം. മാണിസാർ അവതരിപ്പിച്ച ധനകാര്യ ബില്ലിനെ പിന്താങ്ങുകയാണ്. ഇവിടെ ഒരു ഗവൺമെന്റിന്റെ മുഖം എന്നുപറയുന്നത് ആ നാട്ടിൽനടക്കുന്ന വികസനപ്രവർത്തനങ്ങളാണ്. സാമൂ ഹിക ജീവകാരുണ്യമേഖലയിലും വിദ്യാഭ്യാസ മേഖലയിലും അടിസ്ഥാനപര മായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലും കാണിക്കുന്ന മികവാണ് ഒരു ഭരണ ത്തിന്റെ മികവായി വിലയിരുത്തപ്പെടുന്നത്. ഈ ഗവൺമെന്റ് നിലവിൽ വന്ന പ്പോൾ കഴിഞ്ഞ ഗവൺമെന്റ് എ.എസ്. കൊടുത്ത് ഫണ്ട് കണ്ടെത്താനാകാതെ ഇട്ടിരുന്ന അയ്യായിരത്തിലേറെ കോടിരൂപയുടെ എ.എസ്.–ന് മുഴുവനും പ്രവർത്തനം നടത്താൻ അനുമതി കൊടുത്തത് ബഹുമാന്യനായ ധനകാര്യ

വകുപ്പുമന്ത്രിയാണ്. അത് മുഴുവനും ബാധ്യതയായി ഏറ്റെടുത്തുകൊണ്ടാണ് ഗവൺമെന്റ് അധികാരത്തിൽ വരുന്നത്. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) റവന്യൂ വരുമാനത്തെക്കുറിച്ച് പറയുന്നത് കേട്ടു. 2011–12–ലെ റവന്യൂ വരുമാനത്തേക്കാൾ 6,126.94 കോടിരൂപ 2012–13–ൽ വർദ്ധനവുണ്ടായി. 2011 –12–ൽ 38,010.36 കോടി രൂപയായിരുന്നതാണ് 44,137.30 കോടിരൂപയായി ഉയർന്നത്. വസ്തുത കാണാതിരുന്നിട്ട് കാര്യമില്ല. നമ്മുടെ നാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് ധനസമാഹരണം നടത്തണം. ഈവർഷം നികുതിയിനത്തിൽ കുറവ് വന്നിട്ടുണ്ട്. ഏറ്റവും കൂടുതൽ മൂല്യവർദ്ധിത നികുതി ലഭിക്കുന്നത് മോട്ടോർ വാഹനത്തിൽനിന്നാണ്. ഇപ്പോൾ മോട്ടോർ വാഹനത്തിന്റ സെയിൽസ് വളരെ കുറഞ്ഞുപോയി. സ്വാഭാവികമായും നികുതിയും കുറയും. ഗുണപരമായ ചൂണ്ടുപലകയുള്ളത് മദ്യത്തിന്റ വരുമാനം കുറഞ്ഞുവെന്നത് നല്ല കാര്യമാണ്. വരുമാനം ശുഷ്ക്കിച്ചുപോയതിനാൽ മദ്യത്തിന്റെ നികുതിനിരക്ക് രണ്ടോ മൂന്നോ ശതമാനം വർദ്ധിപ്പിച്ചാൽ ഇന്നുള്ള വരുമാനം ഒന്നുകൂടി വർദ്ധിപ്പിക്കാനും അതുവഴി മദ്യപാനികളെ കുറയ്ക്കാനും സാധിക്കും. ഇതുവഴി ഒരു വെടിക്ക് രണ്ട് പക്ഷിയെന്ന കാര്യം നിറവേറ്റാൻ കഴിയും. അതുകൊണ്ട് മൂന്ന് ശതമാനമെങ്കിലും മദ്യത്തിന് നികുതി വർദ്ധിപ്പിക്കണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. ബഡ്ജറ്റ് അവതരിപ്പിച്ച ശ്രീ. കെ. എം. മാണി സാറിനെക്കാൾ വലിയ പരിചയ സമ്പന്നനായ ധനകാര്യ വിദഗ്ദ്ധൻ വേറെയില്ല. എനിക്കുമുമ്പ് ബഹുമാന്യനായ ഷാഫി പറമ്പിൽ പറഞ്ഞ കാര്യങ്ങളൊന്നും ഞാൻ ആവർത്തിക്കുന്നില്ല. ഏത് മേഖലയാണ് ശുഷ്ക്കമായിട്ടുള്ളത്. ഇവിടെ എല്ലാ മേഖലയിലും വളർച്ചയുണ്ടായിട്ടുണ്ട്. റോഡുകൾ നമ്മുടെ രാജ്യത്തിന്റെ വികസനത്തിന്റെ മുഖമുദ്രയാണ്. റബ്ബറൈസ്ഡ്

ചെയ്ത മനോഹരമായ റോഡുകളല്ലാതെ കുണ്ടും കുഴിയുമുള്ള റോഡുകളുടെ കാര്യമൊന്നും പറയാനില്ല. അത് അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവർക്കെല്ലാം ചെയ്തുകൊടുത്തിട്ടുണ്ട്. ഇവിടെ സ്മാർട്ട് സിറ്റിയുടെ കാര്യം പറഞ്ഞത് ഞാൻ ആവർത്തിക്കുന്നില്ല. യുവ ശാസ്ത്രജ്ഞന്മാരെ കണ്ടെത്തുന്നതിനും പുതിയ പദ്ധതികൾക്ക് അവർക്ക് വേണ്ട പ്രോത്സാഹനം നൽകുന്നതിനും സ്റ്റാർട്ടപ്പ് വില്ലേജെന്ന പുതിയ ആശയം കൊണ്ടുവന്നു. യു.ഡി.എഫ്. ഗവൺമെന്റ് മുൻകാലങ്ങളെ അപേക്ഷിച്ച് ഒരുപാട് ആശയങ്ങൾ ഈ സമൂഹത്തിന്റെ മുമ്പിൽ സമർപ്പിച്ച് വിജയകരമായി കാണിച്ച ഗവൺമെന്റാണെന്ന് പറയാൻ കഴിയും. ജീവകാരുണ്യ പ്രവർത്തനം മുമ്പ് ഉണ്ടായിരുന്നോ? ശ്രീ. കെ. കുഞ്ഞിരാമനേട്ടൻ ഈ രംഗത്തുള്ള ആളുകൂടിയാണ്. ഒരു രോഗം വന്നാൽ, വൃക്ക രോഗം വന്നാൽ, ക്യാൻസർ രോഗം വന്നാൽ, ഹാർട്ട്അറ്റാക്ക് വന്നാൽ പാവപ്പെട്ടവൻ മരിക്കാൻവേണ്ടി കാത്തിരിക്കുകയാണ്. കാരണം ചികിത്സിക്കാൻ ലക്ഷക്കണക്കിന് രൂപവേണം. ഇന്ന് എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ ഓപ്പറേഷൻ നടത്താൻ വേണ്ടിയുള്ള പണം കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്ന് ലഭിക്കും. അപ്പുറത്തും ഇപ്പുറത്തുള്ള എം.എൽ.എ. മാർക്ക് ധൈര്യമായി അതിനുള്ള അപേക്ഷ വാങ്ങിക്കാം. അത്തരക്കാർ ഉണ്ടോയെന്ന് ചോദിച്ചുകൊണ്ട് പണം വാങ്ങിച്ചുകൊടുക്കാൻ സാധിക്കും. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് എന്തെങ്കിലും സംഭവിച്ചാൽ, ശ്രീ. എ. പി. അനിൽ കുമാറിനോട് പറഞ്ഞാൽ അപ്പോൾ തന്നെ ഹർജിപ്പുറത്ത് ഉത്തരവാണ്. അപ്പുറത്തും ഇപ്പുറത്തുമുള്ള എല്ലാവർക്കും ലഭിക്കും. നേരത്തേ എം.എൽ.എ. ഫണ്ട് 75 ലക്ഷംരൂപ ഉണ്ടായിരുന്നത് ഇപ്പോൾ എല്ലാ എം.എൽ.എ. മാർക്കും അസെറ്റ് ഡെവലപ്പ്മെന്റ് ഫണ്ട്

അഞ്ച് കോടി രൂപയാണ്. കുഞ്ഞിരാമൻ ചേട്ടനും ഓരോവർഷവും അഞ്ച് കോടിരൂപ ലഭിക്കും. ഇതെല്ലാം പുതിയ ആശയമല്ലേ; മുമ്പുണ്ടായിരുന്നോ? ഓരോ നാട്ടിലും വ്യത്യസ്തമായ കാഴ്ചപ്പാടായിരിക്കും വ്യത്യസ്തമായ ആവശ്യങ്ങളായിരിക്കും. കുടിവെള്ള പദ്ധതി ആവശ്യമുള്ളിടത്ത് റോഡ് വേണ്ടി വരില്ല. റോഡ് ആവശ്യമുള്ളിടത്ത് മറ്റ് എന്തെങ്കിലും ആയിരിക്കും. നഗരപ്രദേശങ്ങളിൽ റോഡിനേക്കാൾ ഡ്രെയിനേജ് പോലെയുള്ള സംവിധാനമായിരിക്കും ആവശ്യമായി വരുന്നത്. ഏത് പ്രവൃത്തി ചെയ്യണമെന്നുള്ളത് ഒരു എം. എൽ.എ.ക്ക് തീരുമാനിക്കാനും അതിനനുസൃതമായി പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യാം. എന്റെ നിയോജമണ്ലത്തിൽ അസെറ്റ് ഡെവലപ്പ്മെന്റ് ഫണ്ടുപയോഗിച്ച് സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന സമഗ്ര വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട് 33-ഓളം ഗവൺമെന്റ് സ്കൂളുകളിലും 66-ഓളം വരുന്ന എയ്ഡഡ് സ്കൂളുകളിലും ഉദ്യോഗസ്ഥന്മാരോടൊപ്പം ഞാൻ നേരിട്ടുപോയി അടിസ്ഥാനസൗകര്യങ്ങൾ സംബന്ധിച്ച് പരിശോധന നടത്തി. എയ്ഡഡ് സ്കൂളുകളിൽ മാനേജ്മെന്റും അവിടത്തെ പൂർവ്വവിദ്യാർത്ഥി സംഘടനകളും ചേർന്ന് അതിന് ആവശ്യമായ സംവിധാനം ചെയ്തു. ഗവൺമെന്റ് സ്കൂളിൽ നേരിട്ട് ഫണ്ട് കൊടുത്തുകൊണ്ട് നിലവിലുള്ള സ്കൂളുകൾ നന്നാക്കുന്നതിനും മൂത്രപ്പുര, ചുറ്റുമതിൽ, ക്ലാസ് മുറികൾ, ലൈബ്രറി, ലബോറട്ടറി തുടങ്ങിയ കാര്യങ്ങൾ ഇല്ലാത്ത സ്കൂളുകൾ പ്രത്യേകമായി സ്ക്രൂട്ടിനൈസ് ചെയ്ത് അവിടെയുള്ള പി.ടി.ഐ കമ്മിറ്റികൂടി തയ്യാറാക്കിയ പദ്ധതി അനുസരിച്ച് പി.ഡബ്ല്യൂ.ഡി.ക്ക് കൊടുത്ത് ടെൻഡർ ചെയ്യാനുള്ള നടപടി സ്വീകരിക്കുകയും ഫണ്ടിന് ഫൈനാൻസ് ഡിപ്പാർട്ട്മെന്റിൽനിന്നും അനുമതി ലഭിക്കുകയും ചെയ്തു.

എന്റെ നിയോജകമണ്ഡലത്തിലുള്ള 33 സ്കൂളിനെയും അന്താരാഷ്ട്രനില വാരമുള്ള സ്കൂളാക്കി മാറ്റി. അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർന്ന തിന്റെ ഭാഗമായി അവിടെ ഗ്രീൻ ബോർഡ് വച്ചപ്പോൾ, ഗ്രീൻ ബോർഡ് വച്ചു എന്ന് പറഞ്ഞ് വലിയ അട്ടഹാസം നടത്തുകയാണ്. ശ്രീ. എ. പ്രദീപ് കുമാർ ചുവപ്പിന്റെ വക്താവായിട്ടും അദ്ദേഹം നടക്കാവ് സ്കൂളിനെ അന്താരാഷ്ട്ര സ്കൂളാക്കി ഉയർത്തുന്നതിന്റെ ഭാഗമായി പച്ചബോർഡ് വച്ചപ്പോൾ വിവാദമാ യില്ല. ശ്രീ. പി. ശ്രീരാമകൃഷ്ണൻ പച്ചക്കുപ്പായമിട്ടപ്പോൾ പ്രശ്നമാകുന്നില്ല, നമ്മളെല്ലാവരും പച്ച കവറുംകൊണ്ട് നിയമസഭയിലേയ്ക്ക് വരുന്നത് പ്രശ്ന മാകുന്നില്ല. പക്ഷേ മുസ്ലീം ലീഗുകാരനായ എം.എൽ.എ. സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി പച്ച ബോർഡ് വച്ചപ്പോൾ വിവാദമായി. കേരള ത്തിലും പുറത്തും സി.ബി.എസ്.ഇ. സ്കൂളുകളിലും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് പോലുള്ള സ്ഥാപനങ്ങളിലും വലിയ വിദ്യാഭ്യാസ സ്ഥാപ നങ്ങളിലും സ്ഥാപിച്ചിട്ടുള്ള ഗ്രീൻ ബോർഡാണ് അന്താരാഷ്ട്ര നിലവാര ത്തിന്റെ ഭാഗമായി തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയത്. ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ മണ്ഡലത്തിലല്ല. എന്റെ മണ്ഡലമായ തിരൂരിലാണ് നടപ്പിലാക്കാൻ തീരുമാനിച്ച് ടെൻഡർ കൊടുത്തിരിക്കുന്നത്. നാലുമാസം കൊണ്ട് അന്താരാഷ്ട്ര നിലവാരത്തിൽ ഉയരുന്നതിന്റെ ഭാഗമായി അതും ഉയരും. അക്കൂട്ടത്തിൽ തന്നെ അവിടെയുള്ള എല്ലാ സ്കൂളുകളിലും ഇംഗ്ലീഷ്, ഹിന്ദി തുടങ്ങിയ ഭാഷകൾ പഠിക്കാൻ ലാഗ്വേജ് ലാബുകൾ കൊടുക്കുന്നുണ്ട്. സാധാരണക്കാരുടെ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ നന്നായി വരണം. കാലാകാലങ്ങളായി ഓല ഷെഡ്ഡും കറുത്ത ബോർഡുമായി നിൽക്കുന്ന അവ സ്ഥയാണോ വേണ്ടത്? ചുവപ്പിന്റെ വക്താവായ ശ്രീ. എ. പ്രദീപ്കുമാറിനും

ശ്രീ. പി. ശ്രീരാമകൃഷ്ണന് പച്ചകുപ്പായത്തോട് ആഭിമുഖ്യം കാണിക്കാമെങ്കിൽ, നമ്മളെല്ലാം  പ്രകൃതിയോട് സ്നേഹം കാണിക്കണമെന്ന് പറയുമ്പോഴും മറ്റുള്ളിടത്ത് വച്ചതുപോലെ തിരൂർ നിയോജകമണ്ഡലത്തിൽ ഗ്രീൻബോർഡ് വയ്ക്കുമ്പോൾ അവിടെ മാത്രം വയ്ക്കാൻ പറ്റില്ലെന്ന് പറയുന്നത് ന്യായീകരിക്കാൻ കഴിയുമോ? നാട് വളരണം, ഇനിയും ഒരുപാട് ഉയർന്ന ചിന്തകളുമായി മുന്നോട്ടുപോകണം. ശ്രീമതി ഗീതാ ഗോപിയുടെ സാരിയും ശ്രീ. മാത്യൂ ടി. തോമസിന്റെ ഷർട്ടും പച്ചയാണ്.  ജനതാദൾ–ന്റെ കൊടിയുടെ നിറംതന്നെ പച്ചയാണ്. പ്രകൃതിയുടെ നിറം പച്ചയാണ്. ദൈവത്തിന്റെ സൃഷ്ടിപ്പ് മുഴുവൻ പച്ചയാണ് അതുകൊണ്ട് അതിനെ എതിർത്തതുകൊണ്ട് എന്തെങ്കിലും കാര്യമുണ്ടോ? എല്ലാ സ്കൂളിലും ഗ്രൗണ്ട് പുല്ല് വിരിച്ച് നടപ്പാക്കാൻ പറഞ്ഞു. പച്ച പുല്ലേ കിട്ടാനുള്ളൂ. ചുവപ്പ് പുല്ല് കണ്ടുപിടിച്ചിട്ടില്ല. അങ്ങനെവല്ലതും ഉണ്ടെങ്കിൽ ആലോചിക്കാമായിരുന്നു. നമ്മുടെ നാട്ടിലെ പ്രകൃതിക്ക് അനുയോജ്യമായി രീതിയിൽ എക്കോ ഫ്രണ്ട്ലിയായി ചെയ്തതാണ്. ഗ്രീൻ ട്രിബ്യൂണൽ ലീഗിന്റേതാണോ; മാതൃഭൂമി ചാനൽ ടാഗ് കൊടുക്കുന്നത് പച്ചയിലാണ്, പത്രങ്ങൾ മുഴുവൻ മെയിൻ ഹെഡ്ഡിംഗ് കൊടുക്കുന്നത് പച്ചയിലും മറ്റ് കളറിലുമാണ്. കളർഫുള്ളായി വരുന്ന നമ്മുടെ നാടിന്റെ മാറ്റം ഉൾക്കൊള്ളാൻ നമ്മൾ തയ്യാറാകണം. കുടുസ്സായി, സങ്കുചിതമായി ചിന്തിക്കുന്ന അവസ്ഥയിലേയ്ക്ക് പോകരുത്. നമ്മളെ സംബന്ധിച്ചിടത്തോളം നാട്ടിൽ ഉണ്ടാകുന്ന വികസനം സാധാരണക്കാരുടെ കയ്യിലെത്തിക്കുന്നതിനുവേണ്ടിയാണ് ഗവൺമെന്റ് സ്കൂളുകൾ ശക്തിപ്പെടുത്തേണ്ടത്. ഇവിടത്തെ ഗവൺമെന്റ് സ്കൂളുകളുടെ സ്ഥിതി ശോച്യമായിരുന്നു. ഇന്നത് മാറി  മനോഹരമായ അവസ്ഥയിലേയ്ക്ക് വരുന്നതിന് യു.ഡി.എഫ്. ഗവൺമെന്റിന് വലിയ പങ്കാണുള്ളത്.

പ്ലസ് ടു പഠിക്കുന്ന കുട്ടികൾക്ക് ASAP (Additional Skill Acquisition Programme) എന്ന പുതിയ സ്കീം കൊണ്ടുവന്നു. ആ പ്രോഗ്രാം അനുസരിച്ച് പ്ലസ് ടു കഴിയുന്ന കുട്ടികൾക്ക് സ്കിൽഡായിട്ടുള്ള എന്തെങ്കിലും പഠിപ്പിക്കുക. അത് നല്ല ആശയമാണ്. വിദ്യാഭ്യാസമേഖലയിൽ മലയാള സർവ്വകലാശാല ഒരു സ്വപ്നമായിരുന്നു. അത് യാഥാർത്ഥ്യമായി. 98 ദിവസംകൊണ്ടാണ് അവിടെ പ്രീ-ഫാബ്രിക്കേറ്റഡായി കെട്ടിടം പണിത് കോഴ്സ് തുടങ്ങിയത്. ഇപ്പോൾ രണ്ടാമത്തെ വർഷം തുടങ്ങുന്നു. പുതിയ പരിപാടികൾ മുന്നോട്ടു പോകുന്നു. ചില കാര്യങ്ങൾ നീണ്ടുപോകുന്നതുകൊണ്ടുള്ള തകരാറുകൾ സാമ്പത്തികനഷ്ടവും സമയനഷ്ടവുമുണ്ടാക്കുന്നു. ഉദാഹരണത്തിന്, ഒരു പദ്ധതി ആവിഷ്ക്കരിച്ചു. വകുപ്പിന്റെ ഏകോപനമില്ലാത്തതിന്റെ പേരിൽ സമയം വൈകുന്നതുകൊണ്ട് വീണ്ടും റിവൈസ്ഡ് എസ്റ്റിമേറ്റുണ്ടാക്കുമ്പോൾ ധാരാളം പണം നഷ്ടമാകുന്നു. അതൊഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കെ.എം. മാണി സാർ ഒരിക്കൽ തിരൂർ ജില്ലാ ആശുപത്രിയിൽ വന്നു. അവിടെ ആയിരത്തോളം ക്യാൻസർ രോഗികൾ ഓരോ മാസവും വരികയാണ്. അതുകണ്ട് കഷ്ടം തോന്നിയ അദ്ദേഹം അവിടെ ഒരു ബ്ലോക്കുണ്ടാക്കുന്നതിനുവേണ്ടി തീരുമാനമെടുത്തു. മലപ്പുറം ജില്ലയിൽ ക്യാൻസർ രോഗം കൂടുതലാണ്, പ്രത്യേകിച്ച് മലബാറിൽ. തലശ്ശേരിയിലുള്ള ക്യാൻസർ സെന്റർ മാത്രമാണ് ആകെയുള്ള ആശ്രയം. അവിടെന്ന് വരുന്ന വണ്ടികൾ ക്യാൻസർ രോഗികളെക്കൊണ്ട് നിറഞ്ഞുവരുന്നു. അതിന് പരിഹാരമാകാൻ അവടെ ഒരു ക്യാൻസർ ബ്ലോക്കിനുവേണ്ടി ബഹുമാനപ്പെട്ട കെ. എം. മാണി സാർ അംഗീകാരം

കൊടുത്തു. ദൈവം കനിഞ്ഞിട്ടും പൂജാരി കനിഞ്ഞില്ലായെന്നുള്ള അവസ്ഥ യാണ്. അതിന്ന് ക്വറിയിട്ട് പോയിരിക്കുകയാണ്. അഞ്ച് മാസമായി കറങ്ങി നടക്കുന്നു. അതിന് നടപടി സ്വീകരിക്കണമെന്ന് ഞാൻ പറയുകയാണ്. അസ്സറ്റ് ഡെവലപ്മെന്റ് ഫണ്ടിന് പ്രയോറിറ്റി കൊടുക്കണമെന്നു പറഞ്ഞ് ഒരു സർക്കുലറുണ്ട്. അത് പോര. പ്രയോറിറ്റി കൊടുക്കുന്നതിന് പ്രത്യേക ഉത്ത രവും നടപടിയുമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നമ്മുടെ രാജ്യത്ത് പാവപ്പെട്ടവരേയും സാധാരണക്കാരെയും സഹായിക്കുന്നതിന് വിദ്യാഭ്യാസ-സാമൂഹ്യ-സാംസ്കാരിക മേഖലയിൽ ശക്തമായ മുന്നേറ്റം നടത്തിയ നമ്മുടെ ഗവൺമെന്റിന്റെ ധനവിനിയോഗ ബില്ലിനെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീമതി കെ.കെ. ലതിക: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. നമ്മുടെ ഗവൺമെന്റ് ഈ നാട്ടിലെ ഏറ്റവും സാധാര ണക്കാരന് കൊടുക്കേണ്ട ക്ഷേമപെൻഷനുകൾപോലും കൊടുക്കുന്നില്ല. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്ത്, ഉത്സവകാലങ്ങളിലൊക്കെ ഉദ്യോ ഗസ്ഥർക്ക് നൽകുന്നതുപോലെ, അഡ്വാൻസായി കൊടുത്തുകൊണ്ടിരുന്ന ക്ഷേമ പെൻഷനുകൾ ഇന്ന് പൂർണ്ണമായും നിന്നിരിക്കുകയാണ്. ഈ ഗവൺമെന്റിനെ വാഴ്ത്തുന്നെന്ന് അപ്പുറത്തുനിന്ന് പറഞ്ഞ ആളുകൾ പോലും ഇത്തരം കുറേ കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടു വന്നെന്നുപറഞ്ഞാൽ അവരും ഇതിനെ എതിർക്കുന്നു എന്നുതന്നെ യാണർത്ഥം. പൊതുമരാമത്ത് വകുപ്പിനുകീഴിൽ വളരെ വേഗത്തിൽ നടക്കുന്ന വർക്കിനുപോലും, ഊരാളുങ്കൽ ലേബർ കോൺട്രാക്ട്

സൊസൈറ്റി (Uralungal Labour Contract Society) പോലെയുള്ള സൊസൈറ്റികളുൾപ്പെടെയുള്ളവരുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത രൂപത്തിൽ, കോടിക്കണക്കിന് രൂപകൊടുക്കാൻ ബാക്കിയാണ്. അപ്പോൾ ഒന്നുംരണ്ടും വർക്കെടുക്കുന്ന സാധാരണ കോൺട്രാക്ടർമാരുടെ അവസ്ഥ പറയാനില്ലല്ലോ. അപ്പുറത്തുനിന്ന് ഈ കാര്യങ്ങളൊക്കെ പറഞ്ഞതാണ്.

ശ്രീ. പി. റ്റി. എ. റഹീം: സർ, കോൺട്രാക്ടർമാർക്ക് പണം ലഭിക്കാത്തതുകൊണ്ട് പ്രവൃത്തികളൊന്നും നടക്കുന്നില്ല എന്നാണല്ലോ ഇവിടെ സൂചിപ്പിച്ചത്. 141 എം.എൽ.എ. മാർക്ക് 705 കോടിരൂപയാണ് ആസ്തിവികസന ഫണ്ടിനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതിന്റെ ബില്ലുകളും, സാധാരണ പി.ഡബ്ല്യൂ.ഡി. കരാറുകാർക്ക് കൊടുക്കുന്ന ബില്ലിന്റെ പ്രയോറിറ്റി അനുസരിച്ചേ കൊടുക്കൂ എന്നാണ് ഇപ്പോൾ ഗവൺമെന്റ് പറയുന്നത്. ഇത് നമ്മുടെ വർക്കിനെ വല്ലാത്ത രീതിയിൽ ബാധിക്കുന്നു. പൊതുമരാമത്ത് വർക്കിന് യഥേഷ്ടമായി എ.എസ്. കൊടുക്കുന്ന വർക്കുകളാണ്. നമ്മൾ ലിമിറ്റഡായി കൊടുക്കുന്നതാണ്. അതുകൊണ്ട് എം.എൽ.എ. മാരുടെ ആസ്തിവികസന ഫണ്ടിലെ ബില്ലുകൾക്ക് മുൻഗണന കൊടുക്കണമെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

ശ്രീമതി കെ. കെ. ലതിക: സർ, തീർച്ചയായും അഭിപ്രായമുണ്ട്. അതുപോലെ അസ്സറ്റ് ഡെവലപ്മെന്റ് ഫണ്ടിനെക്കുറിച്ച് പറയുമ്പോൾ അതിൽ ക്വറിയിട്ട് പോകുന്ന അവസ്ഥയും അവസാനിപ്പിക്കണം. എം.എൽ.എ. മാർ കൊടുക്കുന്ന വർക്കുകൾ വേഗം തീർക്കുവാനും അതിന്റെ ബില്ല് കൃത്യമായി കൊടുക്കുവാനും ഇതിന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനാവശ്യ

മായ കാര്യങ്ങൾ നടക്കേണ്ടതായിട്ടുണ്ട്. 2013-ലെ വരൾച്ചാ ദുരിതാശ്വാസത്തിന്റെയും കാലവർഷക്കെടുതിയുടെയും ഫണ്ട് ഇതുവരെ ലഭിച്ചിട്ടില്ല. നമ്മുടെ കയ്യിൽ ഫണ്ട് ധാരളമുണ്ടെങ്കിലും അത് എന്തുകൊണ്ടാണ് ലഭിക്കാത്തത്. വിദ്യാഭ്യാസ മേഖലയിൽ മാത്രമല്ല ഏത് മേഖലയിലെ സമരമായാലും അത് അതാത് കാലത്തെ പ്രശ്നത്തിന്റെ അടിസ്ഥാനത്തിലാണ്. സ്വാതന്ത്ര്യ സമരത്തിന് സ്കൂളുകളിൽ പഠിപ്പ് മുടക്കുക മാത്രമല്ല സ്കൂളുകൾ വിട്ട് ഇറങ്ങിവന്നിട്ടുണ്ട്. ഇന്നിപ്പോൾ വിദ്യാഭ്യാസ മേഖലയെന്ന് പറയുന്നതു തന്നെ ഗവൺമെന്റും എയ്ഡഡ് മേഖലയും പോലുമില്ലാതാകുന്ന വലിയ രൂപത്തിലേയ്ക്ക് അൺ എയ്ഡഡ് മേഖലയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള അവസ്ഥയും, പ്രശ്നങ്ങളുണ്ടാകുന്ന രൂപത്തിലേയ്ക്ക് എയ്ഡഡ് മേഖലയ്ക്ക് വലിയ പ്രാധാന്യം കൊടുത്തുകൊണ്ടിരിക്കുകയുമാണ്.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, അങ്ങ് വിദ്യാഭ്യാസ മേഖലയെക്കുറിച്ചാണല്ലോ പറഞ്ഞുതുടങ്ങിയത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിലാണ് കേരള ചരിത്രത്തിലാദ്യമായി കേരളത്തിലെ പന്ത്രണ്ടായിരത്തി എഴുന്നൂറോളം വരുന്ന സ്കൂളുകളിൽ ഫിക്സേഷൻ നടക്കാത്തത്. ഫിക്സേഷൻ നടത്തുമെന്ന് ഈ സഭ തുടങ്ങുന്നതിനുമുമ്പേ കേരളത്തിലെ ക്യാബിനറ്റ് തീരുമാനിച്ചുവെന്ന് പത്രങ്ങളിലെല്ലാം വാർത്തവന്നു. അക്കാര്യംപോലും ശ്രീ. കെ.എം. മാണി തടഞ്ഞിട്ട് ഒരക്ഷരംപോലും പറയാൻ വിദ്യാഭ്യാസ വകുപ്പിനോ മറ്റുള്ളവർക്കോ സാധിച്ചില്ലെന്നുള്ള വസ്തുത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി കെ. കെ. ലതിക: സർ, തീർച്ചയായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിലെ വളരെ പ്രധാനപ്പെട്ട പ്രശ്നമാണിത്. അതു

പോലെ പ്ലസ് ടു വിദ്യാർത്ഥികൾക്ക് ഇപ്പോൾ ഹയർ സെക്കണ്ടറി സീറ്റില്ല. അതിനെക്കുറിച്ച് ഇവിടെ ഒന്നും പറയുന്നത് കേട്ടില്ല. അതുപോലെ ശ്രീ. ഷാഫി പറമ്പിൽ നേരത്തെ സംസാരിച്ചപ്പോൾ അവരുടെ തെരഞ്ഞെടുപ്പ് വിജ യങ്ങളെക്കുറിച്ചാണ് പറഞ്ഞത്. ലോകസഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞതിനു ശേഷം 35 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് തെരഞ്ഞെടുപ്പ് നട ന്നിട്ടുണ്ട്. ഒരു വാർഡിൽ എതിരാളിപോലുമില്ലാതെ എൽ.ഡി.എഫ്.–ന് ജയി ക്കാൻ കഴിഞ്ഞു. ഒന്നിൽ എൽ.ഡി.എഫ്. സ്വതന്ത്രൻ ജയിച്ചു. 38 വാർഡിലും എൽ.ഡി.എഫ്. ജയിച്ചത് ശ്രീ. ഷാഫി പറമ്പിൽ അറിഞ്ഞിട്ടു ണ്ടാവില്ല. ഈ വലിയരൂപത്തിലുള്ള മുന്നേറ്റം ഇടതുപക്ഷ മുന്നണിക്ക് വരുന്ന കാലങ്ങളിലുണ്ടാക്കാൻ കഴിയുമെന്നുള്ളതുതന്നെയാണ് ഇത് തെളി യിക്കുന്നത്. ഇവിടെ ധനവിനിയോഗ ബില്ലിനെ എതിർക്കുമ്പോൾ, ഇന്ന് കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിക്കുന്ന ദിവസമാണ്. ഈ വേളയിലാണ് നമ്മുടെ ബില്ലിന്റെ ചർച്ച നടക്കുന്നത്. ഭരണഘടനയിൽ ഇന്ത്യൻ ജനാധിപത്യം മതേ തര സോഷ്യലിസ്റ്റ് റിപ്പബ്ലിക്കായിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്. അങ്ങ നെ വിഭാവനം ചെയ്ത സോഷ്യലിസ്റ്റ് റിപ്പബ്ലിക് എന്നുള്ള വാക്കുപോലുമി ല്ലാതാകുന്ന രൂപത്തിൽ അതിന്റെ എല്ലാ സങ്കൽപ്പങ്ങളെയും കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും ഇല്ലാതാക്കുന്ന ഒരവസ്ഥയാണ് നമ്മൾ കാണുന്നത്. ഇന്നലെ പാർലമെന്റിൽ അവതരിപ്പിച്ച സാമ്പത്തിക സർവ്വെയുടെ വളർച്ച കൈവരിക്കണമെങ്കിൽ സബ്സിഡി പൂർണ്ണമായും ഇല്ലാ താക്കണമെന്നാണ് അതിന്റെ കാതൽ. 1991–ൽ നരസിംഹ റാവുവിന്റെ നേതൃത്വത്തിലുള്ള കോൺഗ്രസ്സ് ഗവൺമെന്റിന്റെ മന്ത്രിസഭയിലും മുൻ പ്രധാന മന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമായിട്ടുള്ള മൻമോഹൻസിം

ഗാണ് ഈ സബ്സിഡി വെട്ടിച്ചുരുക്കുക എന്നുപറയുന്ന ജനാധിപത്യ വിരുദ്ധവും ഭരണഘടനയുടെ സോഷ്യലിസ്റ്റ് അന്തസത്തക്ക് നിരക്കാത്തതുമായ ഒരു പരിപാടിയുടെ ഉത്ഘാടകനായി വന്നിട്ടുള്ളത്. പെട്രോൾ, ഡീസൽ, രാസവളം, ഭക്ഷ്യധാന്യങ്ങൾ, മണ്ണെണ്ണ തുടങ്ങി ജനജീവിതത്തിന്റെ എല്ലാ മേഖലയും ദുസ്സഹമാക്കുന്ന വിധത്തിൽ സബ്സിഡി വെട്ടിച്ചുരുക്കുന്ന നടപടിയാണ് കേന്ദ്രത്തിലെ യു.പി.എ. സർക്കാരും ഇപ്പോൾ അതിനെയൊക്കെ വെല്ലുന്ന രൂപത്തിൽ എൻ.ഡി.എ. സർക്കാരും ചെയ്തിട്ടുള്ളത്. സബ്സിഡി വെട്ടിച്ചുരുക്കൽ മാത്രമല്ല ഭക്ഷ്യധാന്യങ്ങളുടെയും മണ്ണെണ്ണയുടെയും കാര്യത്തിലും ഇതേ അവസ്ഥതന്നെയാണ്. മണ്ണെണ്ണക്കിപ്പോൾ വലിയ ട്രം കൊണ്ടുപോകേണ്ട ആവശ്യമില്ല. ഒരു മഷിക്കുപ്പിയുംകൊണ്ട് പോയാൽ മണ്ണെണ്ണ റേഷൻ കടയിൽനിന്ന് ലഭിക്കുമെന്നുള്ള അവസ്ഥയിലേക്ക് സബ്സിഡി പൂർണ്ണമായും ഇല്ലാതാക്കുന്ന അവസ്ഥയാണ്. എല്ലാ മേഖലയും വിദേശ നിക്ഷേപത്തിനുവേണ്ടി തുറന്നുകൊടുത്താൽ സാമ്പത്തിക പ്രതിസന്ധിയിൽനിന്നും കരകയറാമെന്നാണ് ഇവരുടെ മറ്റൊരു സങ്കൽപ്പം. കോൺഗ്രസ്സ് 26 ശതമാനം വിദേശ നിക്ഷേപത്തിലാണ് തുടങ്ങിയിട്ടുള്ളത്. അത് 51 ശതമാനമാക്കിയപ്പോഴാണ് നിർത്തിയിട്ടുള്ളത്. ബി.ജെ.പി. 100 ശതമാനം വിദേശനിക്ഷേപം സ്വീകരിക്കുന്ന നയമെടുക്കാനാണ് പോകുന്നത്. ഇങ്ങനെപോയാൽ നമ്മുടെ ജനാധിപത്യ ക്രമം എവിടെയാണ് എത്തുക. സായിപ്പിന്റെ സാമന്തൻമാരായി എത്രകാലമാണ് നമുക്ക് തുടരാൻ കഴിയുക. കേന്ദ്ര സർക്കാർ ഇത്തരത്തിൽ ഇന്ത്യയെ നശിപ്പിക്കുമ്പോൾ അതിനെല്ലാ രീതിയിലും ചൂട്ട് പിടിച്ചുകൊടുക്കുന്ന ഒരു നയമല്ലേ കെ.എം. മാണി സാർ പിന്തുടരുന്നത്. അതുകൊണ്ട് ഈ നയത്തിനും കർഷക ജനതയുടെ ബന്ധുവെന്ന്

ഊറ്റംകൊള്ളുന്ന അല്ലെങ്കിൽ ആ രൂപത്തിലാണെന്ന് പറയുന്ന കെ.എം. മാണിസാർ തീർച്ചയായും അതിൽനിന്ന് പിൻമാറേണ്ടതാണ്. സായിപ്പിന്റെ നിക്ഷേപത്തിന് കൈനീട്ടാതെ, നമ്മുടെ വിദേശ ഇന്ത്യക്കാർ ജോലി ചെയ്തുണ്ടാക്കുന്ന ഡോളറുകളുണ്ട്, ആ സമ്പാദ്യം ശാസ്ത്രീയമായ രൂപ ത്തിലേക്ക് നമുക്ക് നിക്ഷേപിക്കുവാൻ കഴിയണം. കേരളത്തിലേക്ക് ഒരു വർഷം 5000 കോടി രൂപയുടെ നിക്ഷേപം ഓരോ വർഷവും പ്രവാസികൾ നൽകുന്നുണ്ട്. ഈ നിക്ഷേപം ഏത് വഴിക്കാണ് പോകുന്നത് എന്നുള്ളതിന്റെ ഒരു സാമ്പത്തിക സർവ്വേ ഇതുവരെ നടത്തിയിട്ടില്ല. ഇങ്ങനെവരുന്ന 5,000 കോടിരൂപ പ്രത്യുൽപ്പാദനപരമായിട്ടുള്ള ഒരു മേഖലയിലേക്ക് നിക്ഷേപിക്കു ന്നില്ല. റിയൽ എസ്റ്റേറ്റ് ബിസിനസ്സ്, സ്വർണ്ണത്തിന്റെ ബിസിനസ്സ്, സാമ്പത്തിക മായി മറ്റ് രൂപത്തിലുള്ള തട്ടിപ്പും കാര്യങ്ങളുമൊക്കെയുള്ള മേഖലയിലേ യ്ക്കാണ് പണം ഒഴുകുന്നത്. കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് നാൽപ്പതിനായിരം കോടിരൂപയുടെ റോഡ് നിർമ്മാണത്തിനെക്കുറിച്ച് ഡോ. ടി.എം. തോമസ് ഐസക് ബഡ്ജറ്റിൽ നിർദ്ദേശം വച്ചപ്പോൾ ഇവിടെ അതിനെ കളിയാക്കുകയായിരുന്നു. യു.ഡി.എഫ്. പരിഹസിക്കുകയാണ് ചെയ്തത്. പ്രവാസികളുടെ പണമെടുത്ത് അടിസ്ഥാന സൗകര്യവികസന ത്തിന് ഉപയോഗിച്ചതിനാൽ നമ്മുടെ പശ്ചാത്തല സൗകര്യങ്ങളും തൊഴിൽ അവസരങ്ങളും ആഭ്യന്തര ഉൽപ്പാദനവും വർദ്ധിപ്പിക്കാൻ കഴിയും. സാമ്പ ത്തിക പ്രയാസമുണ്ടാകുമ്പോൾ ആപത്തിനെ അവസരമാക്കുകയാണെന്ന് പറഞ്ഞുകൊണ്ട് ഇവിടെ പദ്ധതി അവതരിപ്പിച്ചാണ് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി മലബാർ പാക്കേജ് ഉൾപ്പെടെയുള്ള ധാരാളം പദ്ധതികൾ

ഏറ്റെടുത്ത് കഴിഞ്ഞപ്പോൾ ഈ നാട്ടിൽ ധാരാളം സമ്പത്ത് വന്നപ്പോൾ അതിന്റെ നേട്ടവും ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

ആഭ്യന്തര ഉല്പാദനം നമുക്ക് വർദ്ധിപ്പിക്കാൻ കഴിയും. ഇത്തരത്തിലുള്ള ഒരു ദിശാബോധം പ്രകടിപ്പിക്കാനുള്ള ഇച്ഛാശക്തി യു.ഡി.എഫ്-ന് ഇല്ലാതെപോയതാണ് കേരളത്തിന്റെ ഏറ്റവും വലിയ ശാപം. കേന്ദ്രഗവൺമെന്റ് തുടർന്നുവന്ന അതേ നയങ്ങൾ നടപ്പിലാക്കുന്നതുകൊണ്ടാണ് കേരളത്തിന് വലിയ പ്രയാസം അനുഭവപ്പെടുന്ന അവസ്ഥയിന്നുണ്ടായിട്ടുള്ളത്. 1957 -ൽ ജനാധിപത്യഭരണം സ്ഥാപിതമായതുമുതൽ കേരളം ലോകത്തിനുതന്നെ മാതൃകയാണ്. സാമൂഹ്യസുരക്ഷാപദ്ധതികളിൽ കേരളം കൈവരിച്ച നേട്ടങ്ങൾ ഇല്ലാതാക്കാൻ പ്രിയപ്പെട്ട മാണിസാർ കൂട്ടുനിൽക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സാമൂഹ്യസുരക്ഷാപദ്ധതികൾ ഏറ്റവും നല്ല രൂപത്തിൽ കൊണ്ടുവരാനാവശ്യമായിട്ടുള്ള പ്രവർത്തനങ്ങൾ നടത്തണം. സമൂഹത്തിൽ സ്ത്രീകളുടെ പദവി എത്രത്തോളം ഉയർന്നുനിൽക്കുന്നുവോ അത്രമാത്രം സാമ്പത്തികമായ സ്വാതന്ത്ര്യവും സമൂഹം അവർക്ക് അനുവദിക്കുന്നു. അതൊക്കെ ഒരു സമൂഹത്തിന്റെ വളർച്ചയുടെ ലക്ഷണമാണ്. സ്ത്രീയെ ഉപഭോഗവസ്തുവായിക്കാണുന്ന ഒരു സംസ്കാരത്തിലേക്ക് സമൂഹം ഇന്ന് നീങ്ങിക്കൊണ്ടിരിക്കുകയാണ്. സ്ത്രീകളുടെ ആത്മഹത്യാനിരക്ക്, അതുപോലെ കുടുംബങ്ങളിൽനിന്ന് നിഷ്ക്കാസരാകുന്ന സ്ത്രീകളുടെ എണ്ണം, സ്ത്രീകളായാലും കുഞ്ഞുങ്ങളായാലും വൃദ്ധരായാലും അവർക്കെതിരെ നടക്കുന്ന ലൈംഗികാതിക്രമങ്ങൾ ഇതെല്ലാം വലിയ രൂപത്തിൽ വർദ്ധിച്ചുവരികയാണ്. സമൂഹത്തിൽ സ്ത്രീകൾ അഭിമുഖീകരി

ക്കുന്ന സങ്കീർണ്ണങ്ങളായ വിവിധ പ്രശ്നങ്ങളുണ്ട്. ഇന്നുള്ള പുത്തൻ സാമ്പത്തിക വ്യവസ്ഥയും, ഏറ്റവും ശക്തമായി മുന്നോട്ടുപോകുമ്പോൾ സ്ത്രീ 'ചരക്ക് ' എന്നുള്ള രൂപത്തിലായിമാറുന്ന ഒരവസ്ഥയുണ്ട്. ഈ നയങ്ങൾക്കെതിരെ ശക്തമായ രൂപത്തിലുള്ള പ്രവർത്തനങ്ങൾ നടത്തിയാൽ സ്ത്രീകളെ സമൂഹത്തിന്റെ പകുതി ഭാഗമാക്കി മാറ്റാനും വ്യക്തമായ സ്വാതന്ത്ര്യം കൊടുക്കുന്ന ഒരവസ്ഥയുമുണ്ടാകും. സാമൂഹ്യ-സാമ്പത്തിക സുരക്ഷ എന്നിവ ഉൾപ്പെടുത്തി ഒരു പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. സ്ത്രീസമൂഹത്തിനും ദുർബല ജനവിഭാഗങ്ങൾക്കെതിരായിട്ടും നേടിയെടുത്ത നേട്ടങ്ങളെയാകെ നഷ്ടപ്പെടുത്തുന്ന രൂപത്തിലേക്ക് ഈ ഗവൺമെന്റ് പോകുന്നതുകൊണ്ട് അതിനുവേണ്ടി പണം അനുവദിക്കേണ്ടതില്ല. അതുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ ശക്തമായി എതിർക്കുകയാണ്.

<u>മി. ചെയർമാൻ:</u> സഭയുടെ ശ്രദ്ധയിലേക്ക്, നിയമസഭാ നടപടിചട്ടം 153 (2) അനുസരിച്ച് ധനവിനിയോഗ ബിൽ 1.30-ന് വോട്ടിനിടണം. ഇനിയും നിരവധിയാളുകൾ സംസാരിക്കാനുണ്ട് . ചർച്ച പൂർത്തിയാകാത്ത സാഹചര്യത്തിൽ പ്രസ്തുത ചട്ടം താല്ക്കാലികമായി സഭയുടെ അനുമതിയോടെ ഇളവ് ചെയ്യുന്നു. വേവ് ചെയ്യുന്നതായി അറിയിക്കുന്നു.

<u>ഡോ. എൻ. ജയരാജ്:</u> സർ, ഞാൻ ഈ ധനവിനിയോഗബില്ലിനെ പിന്താങ്ങുകയാണ്. അഞ്ചുവർഷക്കാലം കേരളം ഭരിച്ച ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ വികസനത്തിന്റെ കാര്യത്തെ

ക്കുറിച്ച് ചിന്തിക്കുമ്പോൾ, അടുത്തകാലത്ത് അന്തരിച്ച വളരെ പ്രശസ്തനായ എഴുത്തുകാരൻ ഗബ്രിയേൽ മാർകേസിന്റെ കഥകളിലെല്ലാം ഒരു മാജിക്കൽ റിയലിസത്തിന്റെ കാഴ്ചപ്പാടിലൂടെയാണ് കടന്നുപോയത്. ഈ മൂന്ന് വർഷ ങ്ങൾക്ക് മുൻപ് അത്തരമൊരു മാജിക്കൽ റിയലിസത്തിന്റെ കാഴ്ചപ്പാടിലൂടെ യാണ് കേരളം കടന്നുപോയതെങ്കിൽ ഇന്ന് യാഥാർത്ഥ്യബോധമുള്ള ഒട്ടേറെ വികസനപ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുവാനും അതോടൊപ്പം അത് പൂർത്തീകരിക്കുവാനും കഴിഞ്ഞ ഒരു ഗവൺമെന്റിന്റെ ധനവിനിയോഗബില്ലി നെയാണ് പിന്താങ്ങുന്നതെന്നുള്ള ആത്മാഭിമാനത്തോടുകൂടി ഞാൻ ഒരി ക്കൽകൂടി ഇതിനെ പിന്താങ്ങുന്നു. ഇവിടെ ചർച്ചയിൽ പലപ്പോഴും ഉയർന്നു വന്നിട്ടുള്ള ഒരു കാര്യം, ഈ ഗവൺമെന്റ് വന്നശേഷം നമ്മുടെ കടത്തിന്റെ അളവും, കരാറുകാർക്ക് കൊടുക്കുന്ന പണത്തിന്റെ കാര്യങ്ങളുമാണ്. ഒരു കാര്യം ഞാൻ ഓർമ്മിപ്പിക്കുവാൻ ആഗ്രഹിക്കുന്നത് കഴിഞ്ഞ ഗവൺമെന്റ് അധികാരത്തിൽനിന്ന് പോകുന്ന സമയത്താണ് ഏതാണ്ട് 5,000 കോടിരൂപ യുടെ മാന്ദ്യ പാക്കേജ് പ്രഖ്യാപിച്ചത്. യു.ഡി.എഫ്. ഗവൺമെന്റ് അധികാര ത്തിൽ വന്നശേഷം അന്ന് എ.എസ്. കൊടുത്ത 5,000 കോടി രൂപയുടെ ഒരു വർക്കിന്റെപോലും ഭരണാനുമതി പിൻവലിക്കാതെ ആ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ് ചെയ്തത്. ആ കാലഘട്ടത്തിൽ എ.എസ്. കൊടുത്ത എല്ലാ വർക്കുകളും അതിന്റെ പേയ്മെന്റിന്റെ ഭാരം പിന്നീട് വന്ന ഗവൺമെന്റാണ് ഏറ്റെടുക്കേണ്ടി വന്നതെന്നുള്ള യാഥാർത്ഥ്യം നമ്മുടെ മുന്നി ലുണ്ട്. അതുകൊണ്ട് ഒരു ഭാരിച്ച ധനകാര്യ ഉത്തരവാദിത്വം ഗവൺമെന്റിന് ഏറ്റെടുക്കേണ്ടി വന്നു. കഴിഞ്ഞ മൂന്നുവർഷക്കാലമായി സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിഴിഞ്ഞം ഹാർബർ, കൊച്ചി മെട്രോ, സ്മാർട്ട്

സിറ്റി, 5 മെഡിക്കൽ കോളേജുകളിൽ 2 മെഡിക്കൽ കോളേജുകളുടെ പ്രവർത്തനവും, മൊബിലിറ്റി ഹബ്ബിന്റെ പ്രവർത്തനം തുടങ്ങിയ ഒട്ടനവധി മെഗാ പ്രോജക്ടുകളെ ഏറ്റെടുക്കാനും അത് മുന്നോട്ടുപോകുവാനും കഴിഞ്ഞു. ഇന്ന് ആ മേഖലയിൽ ചെലവഴിക്കുന്ന പണത്തിന്റെ റിട്ടേൺ നമുക്ക് കിട്ടണമെങ്കിൽ ഇനി ഏറെക്കാലം മുമ്പോട്ടുപോകണ്ടി വരും. സ്വാഭാവികമായി ഇനിഷ്യൽ എക്സ്പെൻഡിച്ചർ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമ്പോൾ; ഈ മെഗാപ്രോജക്ടുകൾ കേരളത്തിന്റെ സാമ്പത്തികരംഗത്തുണ്ടാക്കാൻപോകുന്ന നേട്ടങ്ങളുംകൂടി ഇതിനെ വിമർശിക്കുന്നവർ കാണേണ്ടതുണ്ട്. കാരണം ഇത്തരം വൻകിട പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന ഭാവിയിലെ സുരക്ഷയെക്കുറിച്ചുള്ള കാഴ്ചപ്പാടുള്ള ഒരു ഗവൺമെന്റിന് മാത്രമേ അത്തരം പദ്ധതികൾക്ക് തുടക്കമിടാൻ കഴിയുകയുള്ളൂ എന്ന യാഥാർത്ഥ്യം നമ്മുടെ മുന്നിലുണ്ട്. ഇവിടെ ചർച്ചയിലൂടെ ഉയർന്നുവന്ന ഒരു കാര്യമുണ്ട്, കഴിഞ്ഞപ്രാവശ്യം ഫിനാൻസ് കമ്മീഷനുകൾ ഒരു ഫെഡറൽ സംവിധാനത്തിലായിരുന്നു. നമ്മുടെ കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിൽ കാലത്തിനനുസരിച്ചുള്ള മാറ്റങ്ങൾ ഉണ്ടാകേണ്ടതുണ്ട്. സംസ്ഥാന ഗവൺമെന്റിന് ഫിനാൻസ് കമ്മീഷൻ വിഹിതം നിർവ്വഹിക്കുമ്പോൾ, കഴിഞ്ഞ പ്രാവശ്യം ഏതാണ്ട് 800 കോടിരൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ട്. അങ്ങനെ കുറവ് സംഭവിക്കുന്നതിനുകാരണം നമ്മുടെ സംസ്ഥാനം വിദ്യാഭ്യാസ രംഗത്തും ആരോഗ്യരംഗത്തും നേടിയ നേട്ടങ്ങളാണ്. നമ്മൾ ആ രംഗത്ത് മുന്നോട്ടുപോയതുകൊണ്ട് ആ മേഖലയ്ക്ക് നൽകുന്ന അലോട്ട്മെന്റ് പലപ്പോഴും കുറഞ്ഞുപോകുന്നുവെന്നുള്ള യാഥാർത്ഥ്യം മുന്നിലുണ്ട്. സംസ്ഥാനഗവൺമെന്റ് 5 മെഡിക്കൽ കോളേജുകളുൾപ്പെടെ ആരോഗ്യരംഗത്ത്

പുതിയ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നു. കേന്ദ്ര–സംസ്ഥാനബന്ധങ്ങളിൽ അതുമായി ബന്ധപ്പെട്ട ചർച്ചകളിൽ ഒരു മാറ്റം ഉണ്ടാകേണ്ട കാലഘട്ടത്തിലൂടെയാണ് കടന്നുപോകുന്നുവെന്നതിൽ യാതൊരു സംശയവുമില്ല. നമ്മുടെ ധനകാര്യ മാനേജ്മെന്റിനെ സംബന്ധിച്ച് ഇന്ന് പത്രത്തിൽ വന്ന വാർത്ത വളരെയേറെ സന്തോഷകരമായ ഒരു കാര്യമാണ്. ഇൻഡ്യാഗവൺമെന്റ് പുറത്തിറക്കിയ സാമ്പത്തിക സർവ്വേയിൽ കേരളത്തെ സംബന്ധിച്ചിടത്തോളം മികച്ച പ്രകടനമാണ് കഴിഞ്ഞകാലഘട്ടത്തിൽ കാഴ്ചവെച്ചത്. ജനസംഖ്യാ വളർച്ചയുടെ കാര്യത്തിലും സ്ത്രീ–പുരുഷ അനുപാതത്തിന്റെ കാര്യത്തിലും ദാരിദ്ര്യ നിരക്കിന്റെ കാര്യത്തിലും മികച്ച പ്രകടനം കേരളത്തിന് കാഴ്ചവെയ്ക്കാൻ കഴിഞ്ഞു. സാമൂഹ്യരംഗത്തുണ്ടായ മാറ്റത്തിന്റെ പിന്നിൽ ഇവിടെ സൂചിപ്പിച്ചതുപോലെ ധനകാര്യ മാനേജ്മെന്റ് പ്രത്യേകിച്ച് ഫണ്ട് അലോക്കേഷന്റെ കാര്യത്തിൽ സാമൂഹ്യനീതിയുമായി ബന്ധപ്പെട്ട മേഖലയ്ക്ക് നൽകുന്ന ഉത്തേജനം വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. അതിലേക്ക് പോകുമ്പോൾ സോഷ്യൽ സെക്യൂരിറ്റിയുമായി ബന്ധപ്പെട്ട് എൽ.ഡി.എഫ്.–ന്റെ കാലത്ത് പെൻഷൻ നൽകിക്കൊണ്ടിരുന്നത് 300 രൂപയായിരുന്നു. ഈ ഗവൺമെന്റിന് 600 രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. ഇവിടെ നികുതി കുറവിനെപ്പറ്റി സൂചിപ്പിച്ചു. കേരളത്തിൽ നികുതി കുറവുണ്ടായതിൽ ഏറ്റവും പ്രധാനപ്പെട്ട വിഷയം കേരളത്തിന്റെ സാമ്പത്തികരംഗത്ത് വളരെയേറെ മാന്ദ്യമുണ്ടാക്കിയതും റബ്ബറിന്റെ വിലയിടിവുമാണ്. ഞാൻ റബ്ബർ കൃഷി ചെയ്യുന്ന മേഖലയിൽനിന്ന് വരുന്ന ഒരു ജനപ്രതിനിധിയാണ്. ആ പ്രദേശത്തുള്ള ആളുകളുടെ ചെലവ് പല മേഖലകളിലും കുറഞ്ഞുവരുന്ന പ്രവണതയുണ്ട്. ഉപഭോക്തൃസംസ്ഥാനമെന്ന നിലയിൽ സെയിൽസ് ടാ

ക്സിന്റെ അളവ് വളരെ കുറഞ്ഞുവരുവാനായി റബ്ബറിന്റെ വിലയിടിവ് ഉൾപ്പെടെയുള്ള കാര്യങ്ങൾ വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഓരോ കാലഘട്ടങ്ങളിലും കേന്ദ്രഗവൺമെന്റ് എടുക്കുന്ന നിലപാടിൽ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ പെട്രോളിയംപോലുള്ള ഉല്പന്നങ്ങളുടെ വിലവർദ്ധിപ്പിക്കുന്ന സമയത്ത് ആ ടാക്സ് വേണ്ടെന്ന് വയ്ക്കാനുള്ള നടപടികൾ ഉണ്ടാകണം. പലപ്പോഴും സബ്സിഡികൾ വെട്ടിക്കുറയ്ക്കുമ്പോൾ സാധാരണ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻവേണ്ടി ആ ഭാരം ഏറ്റെടുക്കുവാനായി ഈ ഗവൺമെന്റ് തയ്യാറാകുമെന്നുള്ള കാര്യം സംശയമാണ്. അരിയുടെയും വെളിച്ചെണ്ണയുടെയും വില പൂർണ്ണമായി ടാക്സിൽനിന്ന് ഒഴിവാക്കി. പലവ്യഞ്ജനങ്ങളിൽ പലതിനും ഒരുശതമാനം നികുതി കുറയ്ക്കുകയുണ്ടായി. സാധാരണ ജനങ്ങളുമായി ബന്ധപ്പെടുന്ന മേഖലകളിൽ അവർക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻവേണ്ടി പ്രധാനപ്പെട്ട ചില തീരുമാനങ്ങളെടുക്കുമ്പോൾ സ്വാഭാവികമായി സംസ്ഥാനത്തിന്റെ നികുതിയുടെ കാര്യത്തിൽ കുറവുണ്ടാകുമെന്നത് ഒരു യാഥാർത്ഥ്യമാണ്. പക്ഷെ, അവിടെ ഒരു പ്രധാനപ്പെട്ട കാര്യമുണ്ട്. ഈ നികുതി കുറവിന്റെയിടയിലും സംസ്ഥാനം മുമ്പോട്ടുകൊണ്ടുപോയിട്ടുള്ള പ്രവർത്തനങ്ങളും ഇൻഫ്രാസ്ട്രക്ചറൽ ഡെവലപ്പമെന്റിന്റെ കാര്യത്തിലും പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്ന കാര്യത്തിലും അതോടൊപ്പം വികസനം മാത്രമല്ല കരുതലും എന്നുള്ള ഒരു കൺസെപ്റ്റ് അതിന്റെ പൂർണ്ണമായ അർത്ഥത്തിൽതന്നെ നമ്മുടെ സാമൂഹ്യ-സുരക്ഷാരംഗത്ത് നടപ്പാക്കാൻ കഴിഞ്ഞു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. മാണിസാറിനെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ‘വേയ്സ് & മീൻസ്’ അഡ്വാൻസിലേക്ക് എത്രയോ പ്രാവശ്യം.............

കേരളം കഴിഞ്ഞ മൂന്ന് വർഷക്കാലത്തിനിടയിൽ 'വേയ്സ് & മീൻസ് ' അഡ്വാൻസിലേക്ക് പോയത് ഒറ്റപ്രാവശ്യം മാത്രമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഓവർഡ്രാഫ്റ്റിലേയ്ക്ക് പോയെങ്കിൽ ഇന്ന് ആ ഒരു ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലേക്ക് കേരളം പോയില്ലായെന്നുള്ള കാര്യത്തിൽ ഈ ഗവൺമെന്റിന്റെ ധനകാര്യ മാനേജ്മെന്റ് എത്രമാത്രം വൈദഗ്ദ്ധ്യത്തോടുകൂടിയാണ് നിർവ്വഹിക്കുന്നു എന്ന് ഞാൻ സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്.

ജീവനക്കാരുടെ ഡി.എ. വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. ഇതുവരെയുള്ള ഡി.എ. പൂർണ്ണമായി കൊടുത്തുതീർക്കാൻ ഗവൺമെന്റിന് കഴിഞ്ഞുവെന്നുള്ളത് ജീവനക്കാരോടുള്ള ഗവൺമെന്റിന്റെ പ്രതിബന്ധതയുടെ ഒരു ഭാഗമാണ്. വാർഷിക പദ്ധതിയുടെ കാര്യത്തിലും വലിയ മുന്നേറ്റമാണുള്ളത്. 20,000 കോടി രൂപയുടെ വാർഷിക പദ്ധതിയാണ് ഇപ്പോഴുള്ളത്. മുൻവർഷത്തേക്കാൾ ഏകദേശം 17.65% അധികമാണ്. ഗവൺമെന്റിന്റെ കാഴ്ചപ്പാടിനെപ്പറ്റി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ 20,000 കോടി രൂപയിൽ ഏകദേശം 17 ശതമാനത്തോളം വർദ്ധനവുണ്ടാകുമ്പോൾ ഏതാണ്ട് 31 ശതമാനത്തോളം സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്കാണ് മാറ്റി വച്ചിരിക്കുന്നത്. ഒരു ഗവൺമെന്റ് 100 രൂപ ചെലവഴിക്കുമ്പോൾ അതിന്റെ മൂന്നിലൊന്ന് ഭാഗത്തോളം സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് മാറ്റി വയ്ക്കുകയും അതോടൊപ്പം മറ്റ് വികസനപ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുകയും ചെയ്യുമ്പോൾ വളരെ ബാലൻസിംഗായിട്ടുള്ള ഒരു ധനകാര്യ മാനേജുമെന്റ് ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. വികസന

പ്രവർത്തനങ്ങൾക്ക് പണമില്ലെന്ന് മാണി സാർ ഒരിക്കലും പറഞ്ഞിട്ടില്ല. ഈ നിയമസഭയിൽതന്നെ അദ്ദേഹം പലപ്പോഴും മറുപടി പറയുമ്പോൾ ജനപ്രതി നിധികളുൾപ്പെടെ എം.എൽ.എ. മാരൊക്കെ വികസനപ്രവർത്തനത്തിന്റെ കാര്യത്തിൽ മുമ്പോട്ടുവരുമ്പോൾ പണമില്ലാത്തതിന്റെ പേരിൽ ഒരു വികസന പ്രവർത്തനവും ഇവിടെ നടക്കാതെ വരുന്നില്ല. ബഹുമാനപ്പെട്ട മുൻ ധനകാര്യവകുപ്പുമന്ത്രി പറഞ്ഞത് വികസനത്തിന്റെ ടാപ്പ് തുറന്നിടണമെന്നാണ്. വികസനത്തിന്റെ ടാപ്പ് തുറന്നിട്ട കാലഘട്ടമാണിത്. ചെറിയ ട്യൂബിൽ നിന്ന് വലിയൊരു സംവിധാനത്തിലേക്ക് നമ്മുടെ വികസന പ്രവർത്തന ത്തിനെ മാറ്റുവാൻ സാധിച്ചിട്ടുണ്ട്. വിഴിഞ്ഞം പദ്ധതിക്ക് 2011-ൽ 197 കോടി രൂപ കൊടുത്തു. 2013-2014-ൽ 110 കോടി രൂപയും കൊച്ചിൻ മെട്രോ, കണ്ണൂർ എയർപോർട്ട് എന്നീ പദ്ധതികൾക്ക് ഗവൺമെന്റ് ഓരോ കാലഘട്ട ത്തിലും പണം നീക്കിവച്ചുകൊണ്ടിരിക്കുകയാണ്. 2013-2014-ൽ കെ.എസ്.ടി. പി-ക്ക് 172 കോടി രൂപയാണ് നീക്കിവച്ചത്. ഈ വർഷം 218 കോടി രൂപ നീക്കിവച്ചിരിക്കുകയാണ്. കാർഷിക മേഖലയുമായ് ബന്ധപ്പെട്ട് 964.82 കോടി രൂപ നീക്കിവച്ചു. വികസന ചെലവുമായി ബന്ധപ്പെട്ടുള്ള കാര്യത്തിലാണ് സർക്കാരിനെ തിരിച്ചറിയേണ്ടത്. വികസനമേഖലയിൽ ചെലവഴിച്ച കണക്കിവിടെ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. 2011 -2012-ൽ 28,923 കോടി രൂപയായിരുന്നു വികസന ചെലവ്. 2012-2013-ൽ അത് 34,482 കോടി രൂപയായും 2013-2014-ൽ അത് 37,286 രൂപയായും വർദ്ധിച്ചു. 2014-2015-ൽ 47,401 കോടി രൂപയാണ് വികസന ചെലവിനായി മാറ്റി വച്ചിരിക്കുന്നത്. കേരളത്തിന്റെ വികസന മേഖലയുടെ ഗ്രാഫ്

വളരെയേറെ മുമ്പോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. നമ്മൾ ഒരു ഗവൺമെന്റിനെ തിരിച്ചറിയേണ്ടതും പ്രവർത്തനത്തെ കാണേണ്ടതും ആ വികസനത്തിന്റെ ദിശ എങ്ങോട്ടുപോകുന്നുവെന്നുള്ളതിലൂടെയാണ്. അതുകൊണ്ട് ഇവിടെയുണ്ടാകുന്ന ചില പ്രശ്നങ്ങൾ സൂചിപ്പിക്കുമ്പോൾ ഇനിഷ്യലായിട്ടുള്ള എക്സ്പെൻഡീച്ചർ നടത്തുമ്പോഴുണ്ടാകുന്ന റിട്ടേണുകൾ കൃത്യമായി മടങ്ങിവരാത്തത്..... പക്ഷേ ഇതിന്റെ ആത്യന്തികമായ ഫലം കേരളം വരും കാലങ്ങളിൽ അനുഭവിക്കും. അതിന്റെ നന്മകൾ തീർച്ചയായും കേരളത്തിലെ ജനങ്ങൾക്ക് ലഭിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇവിടെ എല്ലാവരും സംസാരിച്ച മറ്റൊരു കാര്യമാണ് ലോട്ടറി. ചൂതാട്ടത്തെ എത്രമാത്രം ജനകീയമാക്കാൻ കഴിഞ്ഞു അത് കാരുണ്യപൂർണ്ണമായ ഒരു പ്രവർത്തനമാക്കി മാറ്റാൻ കഴിഞ്ഞുവെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. എനിക്ക് മാണി സാറിനോട് പറയാനുള്ളത് 'മംഗല്യ' എന്നൊരു പദ്ധതി കഴിഞ്ഞ പ്രാവശ്യമിവിടെ അനൗൺസ് ചെയ്തിരുന്നു. നമ്മുടെ നാട്ടിലെ പാവപ്പെട്ട പെൺകുട്ടികൾ വിവാഹത്തിന് വളരെയേറെ ബുദ്ധിമുട്ടനുഭവിക്കുന്നത് ജനപ്രതിനിധികൾക്കൊക്കെ നന്നായറിയാം. സംസ്ഥാന ഗവൺമന്റ് കാരുണ്യ ലോട്ടറി പോലെ തന്നെ ഈ നാട്ടിലെ പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് മംഗല്യ ലോട്ടറി പോലുള്ള ഒരു പദ്ധതിക്ക് മുൻകയ്യെടുക്കണം. അദ്ദേഹം അതൊരിക്കൽ സൂചിപ്പിച്ചിരുന്നുവെങ്കിലും അതുമായി മുമ്പോട്ടു പോയില്ല. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ലോട്ടറിയിൽ നിന്നുള്ള വരുമാനം 500 കോടി രൂപയായിരുന്നു. 5000 കോടി രൂപയിലേക്കാണ് അതിന്റെ വരുമാനം ഇനി വരാൻപോകുന്നത്. മൂന്ന് വർഷംകൊണ്ട് ഈ രംഗത്തുണ്ടായ മാറ്റം വളരെ പ്രധാനപ്പെട്ടതാണ്. ബഹുമാനപ്പെട്ട

എം.എൽ.എ.-മാരെല്ലാം സൂചിപ്പിച്ച ഒരു കാര്യമാണ്. നിയോജക മണ്ഡല ആസ്തി വികസന ഫണ്ട്. അത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് എടുത്ത് നൽകണമെന്നുള്ളൊരു നിർദ്ദേശം ധനകാര്യ വകുപ്പിൽ നിന്നുണ്ടായിട്ടുണ്ട്. പ്രത്യേകിച്ച് നമ്മുടെ തദ്ദശസ്വയംഭരണ സ്ഥാപനങ്ങൾ എൻജിനിയറിംഗ് ഉൾപ്പെടെ ഏറെ ബുദ്ധിമുട്ടുന്നൊരു സാഹചര്യത്തിൽ പ്രായോഗികമായി പലപ്പോഴും അത് നടപ്പാക്കാൻ കഴിഞ്ഞി ട്ടില്ല. അത് പരിഹരിക്കണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽകൂടി ഈ ധനവിനിയോഗ ബില്ലിനെ പിൻതാങ്ങിക്കൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുകയാണ്. നമ്മുടെ സംസ്ഥാനം നേരിടുന്ന ഗൗരവതരമായ ചില പ്രശ്നങ്ങൾ ബഹുമാന്യനായ മാണിസാറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. പാർലമെന്റ് തെരഞ്ഞെടുപ്പ് കാലത്ത് കേരളത്തിലെ സാമ്പ ത്തിക പ്രതിസന്ധി ചർച്ചയായയെങ്കിലും അതിന് അദ്ദേഹം മറുപടിയൊന്നും പറയാൻ തയ്യാറായിട്ടില്ല. ശമ്പളം, പെൻഷൻ, സറണ്ടർ, കരാറുകാരുടെ കുടി ശ്ശിക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം മുടങ്ങിയ കാര്യം ഇതെല്ലാം ചർച്ച ചെയ്യപ്പെട്ടതാണ്. ചർച്ച ചെയ്യപ്പെട്ടെങ്കിലും സർക്കാർ അതെല്ലാം നിഷേധിക്കുകയാണ് ചെയ്തത്. അതിലെല്ലാം വസ്തുതയായിരു ന്നുവെന്നുള്ളത് എല്ലാവർക്കുമറിയാം. ട്രഷറി നിയന്ത്രണ നിർദ്ദേശങ്ങൾ പുറത്തുപറയുന്ന ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കുമെന്നുവരെ ട്രഷറി ഡയറക്ടർ സർക്കുലർ ഇറക്കിയിരുന്നു. സർക്കാരിനെക്കുറിച്ചുള്ള പൊതു വിമർശനങ്ങൾക്കൊന്നും പലപ്പോഴും മാണിസാർ കാര്യമായി മറുപടി

പറയാറില്ലെങ്കിലും സാമ്പത്തിക രംഗത്തെക്കുറിച്ച് പ്രത്യേകിച്ച് ധനകാര്യ വകുപ്പിനെക്കുറിച്ച് ഉയർന്നുവരുന്ന ഏത് വിമർശനങ്ങൾക്കും മറുപടി പറയാറുണ്ടായിരുന്നു. എന്നാൽ നമ്മുടെ മുൻ ധനകാര്യവകുപ്പുമന്ത്രി ഡോ. തോമസ് ഐസക് ഈ വിഷയത്തിൽ പരസ്യമായ ചർച്ചയ്ക്ക് തയ്യാറുണ്ടോ യെന്ന് അദ്ദേഹത്തെ വെല്ലുവിളിച്ചപ്പോൾ വെല്ലുവിളി ഞാൻ സ്വീകരിക്കുന്നു വെന്ന് പറഞ്ഞതല്ലാതെ ഒരു ന്യായീകരണവും അദ്ദേഹത്തിന്റെ ഭാഗത്തു നിന്നുമുണ്ടായില്ല എന്ന കാര്യം ഞാൻ ഓർമ്മപ്പെടുത്തുകയാണ്. നമ്മുടെ സാമ്പത്തിക പ്രതിസന്ധി അതിരൂക്ഷമാണ്. അത് അങ്ങേയ്ക്ക് നല്ലതുപോലെ ബോധ്യപ്പെട്ടുവരികയാണ്. 2014–2015–ലെ കേരളത്തിന്റെ ആകെ വരവ് 68,452 കോടി രൂപയും ചെലവ് 71,794 കോടി രൂപയുമാണ്. 75.15 ശതമാനം വിൽപ്പന നികുതിയിൽ നിന്നും 08.79 ശതമാനം സ്റ്റാമ്പ് ഡ്യൂട്ടിയിൽനിന്നും 07.55 ശതമാനം എക്സൈസ് നികുതിയിൽനിന്നും 06.59 ശതമാനം മോട്ടോർ വാഹന നികുതിയിൽനിന്നും ലഭിക്കുന്നതായിരുന്നു. അതുപോലെ 01.92 ശതമാനം മാത്രമാണ് മറ്റുള്ളവയിൽനിന്ന് ലഭിക്കുന്നത്. ഇവിടെ വരവ് കുറവും ചെലവ് കൂടുതലുമാണെന്നുകാണാൻ കഴിയും. ശമ്പളം, പെൻഷൻ, പലിശ എന്നിവയ്ക്കായി 70.81 ശതമാനം ചെലവഴിക്കുന്നു. ഓരോ വർഷവും 20 ശതമാനം വർദ്ധനവുണ്ടായാൽ മാത്രമേ ഇതിനെല്ലാം പരിഹാരമുണ്ടാക്കാൻ സാധിക്കൂ എന്നതാണ് വസ്തുത. കടം ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ആഭ്യന്തരകടം 90,000 കോടി രൂപയിൽ കൂടുതലാണ്. കേന്ദ്രലോൺ 7,193 കോടി രൂപയാണ്. ദേശീയ സമ്പാദ്യ പദ്ധതിയിൽ നിന്ന് 12,374 കോടി രൂപയാണ് കടമെടുത്തത്. പി.എഫ്. വിഹിതം 17,461 കോടി

രൂപയാണ്. മറ്റെല്ലാംകൂടി 3,927 കോടി രൂപ വരും. ചുരുക്കിപ്പറഞ്ഞാൽ 1,31,578 കോടി രൂപയ്ക്ക് നമ്മൾ പലിശ നൽകേണ്ടതായിട്ടുണ്ട്. 2015 മാർച്ച് ആകുമ്പോൾ ഇത് 01.4 ലക്ഷം കോടി രൂപയായി തീരുമെന്ന് അങ്ങുതന്നെ നേരത്തേ സൂചിപ്പിട്ടുള്ളതാണ്. കേരളത്തെക്കാൾ വലിയ സംസ്ഥാനങ്ങൾ ഇത്രവലിയ തോതിൽ കടമെടുക്കുകയോ അതിൽ പലിശ കൊടുക്കേണ്ടി വരുകയോ ചെയ്യുന്നില്ല എന്നത് ഒരു വസ്തുതയാണ്. കർണ്ണാടകം, ബീഹാർ, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങൾ മൊത്തം വാർഷിക വരുമാനത്തിന്റെ 10.21 ശതമാനം മാത്രമാണ് പലിശയിനത്തിൽ കൊടുത്തുവരുന്നത്. എന്നാൽ നാം കൊടുത്തുകൊണ്ടിരിക്കുന്ന പലിശ ഏകദേശം 15 ശതമാനമാണ്. കൃത്യമായി പറഞ്ഞാൽ 14.80 ശതമാനമാണ്. കേന്ദ്ര വിഹിതം നമുക്ക് കിട്ടുന്നത് കുറവാണെന്ന് അങ്ങ് അംഗീകരിക്കുമെന്ന് ഞാൻ കരുതുകയാണ്. കഴിഞ്ഞ മൂന്ന് വർഷക്കാലം കേന്ദ്രം ഭരിച്ചുകൊണ്ടിരുന്നത് യു.പി.എ. സർക്കാരാണെന്നും കേന്ദ്രവും സംസ്ഥാനവും സമാനമായ ചിന്താഗതിയുള്ള കക്ഷികൾ ഭരിച്ചാൽ എല്ലാം ഭംഗിയായി നടക്കുമെന്നുപറഞ്ഞതും ഓർക്കുന്നു ണ്ടാവും. തമിഴ്നാട്ടിന് ലഭിക്കുന്ന കടത്തിനനുസരിച്ച് നമുക്ക് കേന്ദ്രത്തിൽ നിന്നും കടം ലഭിക്കുന്നില്ല. 7,104 കോടി രൂപയാണ് നമുക്ക് കേന്ദ്രത്തിൽ നിന്ന് കിട്ടുന്ന വിഹിതം. കർണ്ണാടകത്തിന് 13,090 കോടി രൂപയും തമിഴ്നാ ടിന് 15,030 കോടി രൂപയും ആന്ധ്രാപ്രദേശിന് 21,970 കോടി രൂപയും കേന്ദ്ര വിഹിതമായി ലഭിക്കുന്നുണ്ട്. ഗ്രാന്റ് ഇൻ എയ്ഡും നമുക്ക് അംഗീകരിക്കപ്പെട്ട വിധത്തിൽ കിട്ടുന്നില്ല. പഴയ കാലത്തെ ധനകാര്യ കമ്മീഷനുകൾ അനുവദിച്ച അളവിൽ 13-ാം ധനകാര്യ കമ്മീഷൻ നമുക്ക് സഹായം അനുവദിച്ചിട്ടില്ല.

മൂന്നാം ധനകാര്യകമ്മീഷനും നാലാം ധനകാര്യ കമ്മീഷനുമൊക്കെ കേരളത്തിന് 06.5 ശതമാനവും 05.25 ശതമാനവും ആനുകൂല്യങ്ങൾ നൽകിയെങ്കിൽ ഇപ്പോൾ കേവലം 02.34 ശതമാനം മാത്രമാണ് നമുക്ക് നൽകിക്കൊണ്ടിരിക്കുന്നത്. മറ്റ് സംസ്ഥാനങ്ങൾക്കൊന്നും ഇങ്ങനെ ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചിട്ടില്ല. നമ്മുടെ സംസ്ഥാനത്തിന് ശതമാനത്തിന്റെ കാര്യത്തിൽ വലിയ വെട്ടിക്കുറവ് ഉണ്ടായിട്ടുണ്ട്. കേന്ദ്രവും സംസ്ഥാനവും സമാനമായ ആളുകൾ ഭരിക്കുമ്പോൾ അത് വരാൻ പാടില്ലാത്തതാണ്. കേന്ദ്രം ഭരിച്ച യു.പി.എ. ഗവൺമെന്റ് കേരളത്തോട് കാണിച്ച അവഗണന കാണാതിരിക്കരുത്. എന്നാൽ മറ്റുപല സംസ്ഥാനങ്ങളുടെ കാര്യത്തിലും ഇതല്ല ഉണ്ടായിരിക്കുന്നത്. കേന്ദ്രം അനുവദിക്കുന്ന വായ്പയിലും നമുക്ക് കുറവുണ്ടായിരിക്കുന്നു. 2000–2001–ൽ അനുവദിച്ച വർദ്ധനവിന്റെ നാലിലൊന്ന് കുറവാണ് 2011–ൽ ഉണ്ടായത്. എന്നുപറഞ്ഞാൽ 25% കുറച്ചിരിക്കുന്നു.

2000–2001–ൽ കേരളത്തിന്റെ ആകെ വരുമാനത്തിന്റെ 21.27 ശതമാനം കേന്ദ്ര വിഹിതമായിരുന്നു ഇപ്പോഴത് 18.07 ശതമാനം മാത്രമാണെന്നാണ് 2014 –2015–ലെ ബഡ്ജറ്റ് രേഖയിൽ മാണി സാർ പറയുന്നത്. അതുകൊണ്ട് ഈ കുറവ് നിസ്സാരമായ കാര്യമല്ല. ഈ കാലയളവിൽ കേരളത്തിലെ പ്രമുഖ നേതാക്കന്മാരടക്കം എട്ട് മന്ത്രിമാർ കേന്ദ്രത്തിലുണ്ടായിട്ടും ഗ്രാന്റ്–ഇൻ–എയ്ഡായി ലഭിക്കുന്ന കേന്ദ്ര വിഹിതം ക്രമമായി കുറഞ്ഞുകൊണ്ടിരുന്നുവെന്ന വസ്തുത അങ്ങ് അംഗീകരിക്കുമെന്ന് കരുതുകയാണ്. എന്തുകൊണ്ടാണ് ഈ സാമ്പത്തിക തകർച്ച ഉണ്ടായത്? 31–03–2011–ന് എൽ.ഡി.

എഫ്. സർക്കാർ അധികാരം വിട്ടൊഴിയുമ്പോൾ 3800 കോടി രൂപ മിച്ചമായി ട്രഷറിയിൽ ഉണ്ടായിരുന്നുവെന്നത് അങ്ങ് പോലും അംഗീകരിച്ച കാര്യമാണ്. കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ ഗുരുതരമായ വരൾച്ചയോ മറ്റ് സാമ്പത്തിക പ്രതിസന്ധികളോ ഒന്നും ഉണ്ടായിട്ടില്ല. പ്രത്യേകമായ ഒരു സാഹചര്യവും ഇവിടെ അനുഭവിക്കേണ്ടി വന്നിട്ടില്ല. മറ്റെന്തെങ്കിലും അധിക ബാധ്യത ഏറ്റെടുക്കേണ്ടി വന്നതായും കാണുന്നില്ല. പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം സർക്കാരിൽ അടയ്ക്കേണ്ട പണം അടച്ചിട്ടില്ല. ഇതൊക്കെയായിട്ടും ശമ്പളം പോലും മുടങ്ങുന്ന അവസ്ഥ വന്നുചേർന്നിരിക്കുകയാണ്. നികുതിയിനത്തിൽ കിട്ടാനുള്ള കോടി കണക്കിന് രൂപ പിരിച്ചെടുക്കാതിരിക്കു കയാണ്. അതുകൊണ്ടുതന്നെയാണ് ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നത്. കഴിഞ്ഞ ധനകാര്യ ബില്ലിൽ അനുവദിച്ച തുക ശരിയായ രീതിയിൽ ചെലവഴിക്കാതിരിക്കുന്നതിനുപുറത്ത് കിട്ടാനുള്ള കോടിക്കണ ക്കിന് നികുതി പിരിക്കുന്നില്ലായെന്നത് മറ്റൊരു വസ്തുത. 2013–2014 സാമ്പ ത്തിക വർഷം മാത്രം വാണിജ്യ നികുതിയിനത്തിൽ 6,565.84 കോടി രൂപ ലഭിക്കാനുണ്ടെന്നാണ് മാണി സാർ സഭയെ അറിയിച്ചിരിക്കുന്നത്. ഈ വർഷത്തേതും കൂടിചേരുമ്പോൾ ഇതിലും വലിയൊരു സംഖ്യയായി അത് മാറുമെന്നുറപ്പാണ്. വകുപ്പിലെ ഉന്നതരുടെ ഒത്താശയോടെ അന്തർ സംസ്ഥാന കച്ചവടക്കാരുടെ വലിയൊരു വിഭാഗം വ്യാജ സി.ഫോം ഉപയോ ഗിച്ച് ചെക്ക് പോസ്റ്റിലൂടെ സാധനങ്ങൾ കടത്തിക്കൊണ്ടിരിക്കുകയാണ്. നികുതി വെട്ടിപ്പിന് നേരെ കണ്ണടയ്ക്കുന്ന സമീപനമാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. മുപ്പതിനായിരത്തോളം വ്യാജ സി–ഫോമുകൾ വാണിജ്യ നികുതി ആസ്ഥാനത്ത് കെട്ടികിടക്കുന്നതായി വാർത്തയുണ്ടായിരുന്നു.

വ്യാജന്മാരെ കണ്ടെത്തുന്നതിനോ നികുതി കാര്യക്ഷമമായി പിരിച്ചെടുക്കുന്ന തിനോ വകുപ്പ് തയ്യാറാകുന്നില്ല. അതുകൊണ്ടാണ് ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ 2200 കോടി രൂപ അങ്ങേയ്ക്ക് കടമെടുക്കേണ്ടി വന്നത്. ഇനി കൂടുതൽ കടമെടുക്കാനുള്ള ശ്രമത്തിലുമാണ്. കരാറുകാരുടെ 2500 കോടി ഇപ്പോഴും കൊടുത്തിട്ടില്ല. പ്രഖ്യാപനങ്ങൾ പലതുണ്ടെങ്കിലും നിർമ്മാണ മേഖല സ്തംഭിച്ചിരിക്കുകയാണ്. വരും മാസങ്ങളിൽ ഇത് രൂക്ഷമാകാൻ ഇട യുണ്ട്. ഒരുകോടിയലധികം രൂപ നികുതി കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങ ളുടെ പേരുവിവരവും നികുതി പിരിവിൽ വീഴ്ച വരുത്താനുള്ള കാരണ ങ്ങളും സംബന്ധിച്ച ചോദ്യത്തിന് അങ്ങ് നിയമസഭയിൽ മറുപടി പറയാതിരി ക്കുകയാണ്. എന്തുകൊണ്ടാണ് മറുപടി പറയാതിരിക്കുന്നത്? വിവരം ലഭി ക്കാത്തതുകൊണ്ടാണോ ഒളിഞ്ഞും മറഞ്ഞും നടക്കുന്ന നികുതി വെട്ടിപ്പു കാരെ സഹായിക്കുന്നതിനുവേണ്ടിയാണോ ഈ നിലപാട് സ്വീകരിക്കുന്നത്.? സാമ്പത്തിക പ്രതിസന്ധിയുണ്ടാക്കുന്ന ഇത്തരമൊരു സാഹചര്യത്തിൽ അങ്ങ് അവതരിപ്പിച്ച ധനവിനിയോഗ ബില്ലിനെ അംഗീകരിക്കാൻ കഴിയില്ലാ യെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ആസ്തി വികസന ഫണ്ടിന്റെ കാര്യത്തിൽ necessity certificate- നിർബന്ധമാക്കുന്നത് അങ്ങയുടെ മൗനാനു വാദത്തോടെയാണോ എന്നതുകൂടി വ്യക്തമാക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ധന വിനിയോഗ ബില്ലിനെ ശക്തിയായി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം

വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് വലിയ തോതിൽ പണം ചെലവഴിച്ചിട്ടുണ്ട്. ലോകത്ത് ആകെ ഉണ്ടായ സാമ്പത്തിക മാന്ദ്യത്തിന്റെ ഭാഗമായി വരവിൽ പ്രതീക്ഷിച്ച വളർച്ച ഈ കാലഘട്ടത്തിൽ ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും നമ്മുടെ വികസന ക്ഷേമപ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാൻ സർക്കാർ ശ്രദ്ധിച്ചിട്ടുണ്ട്. എന്നുമാത്രമല്ല വിവിധ മേഖലകളിൽ സർക്കാർ ഇടപെടലുകളും നിക്ഷേപങ്ങളും വർദ്ധിപ്പിക്കുകയുണ്ടായി. ഒരു കാലഘട്ടത്തിലും ഉണ്ടാകാത്ത രീതിയിൽ പൊതുമരാമത്ത് വകുപ്പിൽ വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിട്ടുണ്ട്. എനിക്ക് മുൻപ് പ്രസംഗിച്ച പ്രതിപക്ഷാംഗങ്ങളൊക്കെ സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ട്, പ്രതിസന്ധി... കോൺട്രാക്ടർമാർക്ക് പണം കൊടുക്കാൻ സാധിക്കാത്തതിൽ അടിയന്തര പ്രമേയം വരെ അവതരിപ്പിച്ച് ഇന്ന് വാക്കൗട്ട് ഉൾപ്പെടെ നടത്തി പ്രതിഷേധിച്ച് ഇതിന്റെ മുഴുവൻ ഉത്തരവാദിത്തവും ഈ ഗവൺമെന്റിന്റെ തലയിൽ കെട്ടിവയ്ക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിയ ഒരു ദിവസമാണിന്ന്. ബഡ്ജറ്റിനകത്ത് നിന്ന് പ്രവർത്തിച്ചിരുന്നുവെങ്കിൽ സർക്കാരിന് ഈ സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടാകുമായിരുന്നില്ല. പൊതുമരാമത്ത് രംഗത്ത് ഈ ഗവൺമെന്റ് നടത്തിയ പ്രവർത്തനം വളരെ വലുതാണ്. ചില കാര്യങ്ങൾക്ക് അനുവദിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടില്ലായെന്ന് ബഹുമാനപ്പെട്ട ശർമ്മ സൂചിപ്പിച്ചു. ബഹുമാന്യനായ തോമസ് ഐസക് ധനകാര്യവകുപ്പുമന്ത്രിയായിരുന്നപ്പോൾ എ.എസ്. കൊടുത്ത അയ്യായിരം കോടി രൂപ ചെലവഴിക്കേണ്ട ഉത്തരവാദിത്തം ഈ ഗവൺമെന്റിനുണ്ടായി. അത് ഞങ്ങളുടെ കുറ്റമല്ല. ഇത് ചെലവഴിച്ച പണമാണ്, ധനവിനിയോഗം നടത്തിയ പണമാണ്. ബഡ്ജറ്റിനകത്ത് നിന്ന് പ്രവർത്തിച്ചാൽ കുഴപ്പമുണ്ടാകില്ലായിരുന്നു. ശ്രീ. എസ്. ശർമ്മ സൂചിപ്പിച്ചതുപോലെ, കഴിഞ്ഞ വർഷം എസ്.ജി.ഡി. മൂവ് ചെയ്ത് ചെലവാ

ക്കപ്പെടാതെ കിടന്ന പണം പി.ഡബ്ല്യു.ഡി ക്ക് കൊടുത്തുകൊണ്ടിരുന്നു. കഴിഞ്ഞ വർഷം ആ എസ്.ജി.ഡി. മൂവ് ചെയ്തിട്ടില്ല. അത് മൂവ്ചെയ്യണ മെന്ന് അഭ്യർത്ഥിക്കുകയാണ്. പൊതുമരാമത്തുവകുപ്പിൽ കൂടുതൽ ചെലവു ണ്ടായി. എത്ര ആക്ഷേപങ്ങൾ ഉന്നയിച്ചാലും ഈ ഗവൺമെന്റ് വന്നതിനു ശേഷം ആരോഗ്യരംഗത്ത് വലിയൊരു മാറ്റം ഉണ്ടായിട്ടുണ്ട്. ഇത്രമാത്രം പോസ്റ്റുകൾ..., ഡോക്ടർമാർ, നേഴ്സുമാർ, പാരാ മെഡിക്കൽ സ്റ്റാഫ് ശ്രീ. എ.കെ. ബാലന് അറിയാമല്ലോ ഇത്രമാത്രം അവരെ അപ്പോയിന്റ് ചെയ്ത കാലഘട്ടം ഉണ്ടായിട്ടുണ്ടോ? ബാലന് സംശയമുണ്ടെങ്കിൽ, എന്നേക്കാൾ കൂടു തലായി ആധികാരികമായി രേഖകൾ കിട്ടും ബാലനത് അന്വേഷിക്കാൻ കഴി യും. ആറ് മെഡിക്കൽ കോളേജുകളും രണ്ട് ഡെന്റൽ കോളേജുകളും തുട ങ്ങി. റവന്യു ഡിപ്പാർട്ടുമെന്റ് പുതിയ താലൂക്കുകളുണ്ടാക്കി. അങ്ങനെ താലൂ ക്കുകളുണ്ടാക്കിയതിന്റെ ഫലമായി പ്രൈമറി ഹെൽത്ത് സെന്ററുകൾ അപ്ഗ്രേഡ് ചെയ്ത് താലൂക്ക് ആശുപത്രിയുടെ സ്റ്റാറ്റസിലേക്ക് കൊടുക്കേണ്ടി വന്നു. ഡിസ്ട്രിക്ട് ആശുപത്രികൾ പലതും മാറ്റേണ്ടി വന്നു. ജനറിക് മരു ന്നുകൾ സൗജന്യമായി ഇത്രമാത്രം വിതരണം ചെയ്ത കാലഘട്ട മുണ്ടായിട്ടുണ്ടോ? പൊതുമരാമത്ത് വകുപ്പിന്റെയും ആരോഗ്യവകു പ്പിന്റെയും പ്രവർത്തനങ്ങൾക്ക് ഈ ഗവൺമെന്റ് വാരിക്കോരി പണം ചെലഴിച്ചിട്ടുണ്ട്. നമ്മൾ അത് അംഗീകരിക്കണം. എഡ്യൂക്കേഷൻ ഡിപ്പാർട്ടു മെന്റിനെ സംബന്ധിച്ച് വലിയ പരാതിയൊക്കെ പറഞ്ഞു. വർഷങ്ങളായി അംഗീകരിക്കപ്പെടാതെ കിടന്ന അദ്ധ്യാപകരുടെ പോസ്റ്റ് അപ്രൂവ് ചെയ്ത് മുൻകാല പ്രാബല്യത്തോടുകൂടി ശമ്പളം കൊടുക്കാൻ യു.ഡി.എഫ് ഗവൺമെന്റിന് കഴിഞ്ഞു. അതിൽ ധനകാര്യവകുപ്പുമന്ത്രി, മാണി സാറിന്റെ

സേവനങ്ങളെ വിസ്മരിക്കരുത്. പുതിയതായി 32 കോളേജുകൾ ആരംഭിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ഇന്നലത്തെ ക്യാബിനറ്റ് മീറ്റിംഗിൽ രണ്ട് കോളേജുകൾ കൂടി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എത്രയോ പുതിയ കോഴ്സുകൾ തുടങ്ങി. റവന്യു ഡിപ്പാർട്ടുമെന്റ് ഏറ്റവും പ്രധാനപ്പെട്ട ഒരു ഡിപ്പാർട്ടുമെന്റാണ്. യു.ഡി.എഫ്.-ലെ നേതാക്കന്മാർക്ക് മാത്രമല്ല പ്രതിപക്ഷത്തിലെ നേതാക്കന്മാരുടെ മണ്ഡലങ്ങളിൽ ചാലക്കുടി ഉൾപ്പെടെയുള്ളവരുടെ പ്രദേശങ്ങളിൽ പുതിയ പന്ത്രണ്ട് താലൂക്കുകൾ അനുവദിച്ചു. ഈ പ്രധാനപ്പെട്ട വകുപ്പുകളിലൊക്കെ വളരെയേറെ കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞൊരു ഗവൺമെന്റാണിത്. ക്യാപിറ്റൽ ഇൻവെസ്റ്റുമെന്റിന്റെയും ഡെബ്റ്റ് ജി.ഡി.പി. യുടെയും അടിസ്ഥാനത്തിലാണ് ഒരു ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതിയെ വിലയിരുത്തേണ്ടത്. ക്യാപിറ്റൽ ഇൻവെസ്റ്റുമെന്റ് വർദ്ധിച്ചു. ഡെബ്റ്റ് ജി.ഡി.പി. കുറഞ്ഞു. 2010–2011-ൽ 3364 കോടി രൂപയായിരുന്ന മൂലധന നിക്ഷേപം ഈ സർക്കാരിന്റെ കീഴിൽ 2011–2012-ൽ 3853, 2012–13-ൽ 4603, 2013-ൽ 5000 കോടിയെങ്കിലും വർദ്ധിച്ചു. അതുപോലെ തന്നെ ഡെബ്റ്റ് ജി.ഡി.പി. റേഷ്യോ. സംസ്ഥാനത്തിന്റെ കടവും ആഭ്യന്തര ഉൽപാദനവും തമ്മിലുള്ള റേഷ്യോ ഇതേ പ്രവണതയാണ് ദൃശ്യമാക്കുന്നത്. 2010–2011-ൽ 30 ശതമാനമായിരുന്നത് ഇപ്പോൾ 29.1 ശതമാനമായി കുറഞ്ഞു. ഇത് സംസ്ഥാന ധനകാര്യ സ്ഥിതിയുടെ ആരോഗ്യകരമായ പ്രവണതയാണ് കാണിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്ത് മൊത്തത്തിൽ വളർച്ച ഉണ്ടായിട്ടുണ്ട്. ആഗോള തലത്തിൽ സാമ്പത്തിക രംഗത്തുണ്ടായ മാന്ദ്യം അതേ നിലയിൽ സംസ്ഥാനത്തെ ബാധിച്ചിട്ടില്ലെങ്കിലും അതിന്റെ ഫലമായി സംസ്ഥാനത്ത്

റവന്യു കുറവ് ഉണ്ടായിട്ടുണ്ട്. എന്നിട്ടും കഴിഞ്ഞ മൂന്നുവർഷം കൊണ്ട് ആളോഹരി വരുമാനത്തിൽ ക്രമാതീതമായ വളർച്ച ഉണ്ടായിട്ടുണ്ട്. 2011–2012–നേക്കാൾ 4439 രൂപായെന്നത് 2012–13–ൽ 63499 രൂപയായി വർദ്ധിച്ചിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങളെപ്പോലെയല്ല കേരളത്തിന് പ്രത്യേക പശ്ചാത്തലമുണ്ട്. നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്ന പ്രത്യേക സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ ചെലവുകൾ ചുരുക്കാൻ സാധിക്കുകയില്ലായെന്ന യാഥാർത്ഥ്യം അംഗികരിച്ചുകൊണ്ടു തന്നെയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞത്, സ്വാഭാവികമായും നമ്മുടെ ചെലവുകൾ വർദ്ധിക്കുന്നു എന്നാൽ അതിനെ യാഥാർത്ഥ്യ ബോധത്തോടെ സമീപിച്ച് സംസ്ഥാനത്തിന്റെ വികസന രംഗത്തെ ആക്കം കൂട്ടാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. പി.ഡബ്ല്യു.ഡി. ഡിപ്പാർട്ടുമെന്റ്, റവന്യു ഡിപ്പാർട്ടുമെന്റ്, ഹെൽത്ത് ഡിപ്പാർട്ടുമെന്റ, എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ് തുടങ്ങിയ എല്ലാ മേഖലകളിലും വികസനപ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

ആറായിരത്തിനാന്നൂറ്റി ശിഷ്ടം കോടി രൂപയുടെ നികുതി പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ലെന്ന് ശ്രീ. എസ്. ശർമ്മ ഇവിടെ സൂചിപ്പിച്ചു. നികുതി മുഴുവൻ പിരിച്ചെടുക്കാൻ കഴിയാത്തത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമുണ്ടായ പുതിയ പ്രതിഭാസമല്ല. കാലാകാലങ്ങളിൽ അതുണ്ടായിരുന്നു. ഈ ഗവൺമെന്റ് റവന്യൂ പിരിച്ചെടുക്കുന്നതിന് നടപടികൾ കൈക്കൊണ്ടു. ഇത്തരത്തിൽ കുടിശ്ശിക വരുന്നത് മുഴുവൻ ട്രിബ്യൂണൽ കേസുകൾക്കും ഹൈക്കോടതി കേസുകൾക്കും പോകുന്നുവെന്നകാര്യം പി.എ.സി. യുടെ യോഗത്തിലിരിക്കുമ്പോൾ നമുക്ക് മനസിലാകും. ഞാൻ മാണിസാറി

നോട് അഭ്യർത്ഥിക്കുന്നു. ഇതുപോലെ കേസുകൾ കാലാകാലങ്ങളിൽ കെട്ടിക്കിടന്ന് കുടിശ്ശിക കൂടുന്നതിനെതിരെ ഒരു നടപടി സ്വീകരിച്ച് കഴിയുന്നതും വേഗം ഈ കേസുകൾ തീർത്ത് സംസ്ഥാനത്തിന് കിട്ടാനുള്ള തുക കിട്ടുന്നതിനും ഇനി കിട്ടാത്ത തുക ഇല്ലാതാക്കി......കാലാകാലങ്ങളിൽ ഇതിന്റെ ഫിഗേഴ്സ് മുകളിലേയ്ക്ക് പോകുന്നത് കാണിക്കാതിരിക്കുന്നതിനുവേണ്ടിയിട്ടുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ വിനയപുരസരം അഭ്യർത്ഥിക്കുകയാണ്. കേരളത്തിന്റെ വരുമാനമാർഗ്ഗത്തിൽ പ്രധാന പങ്ക് വഹിക്കുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് റിയൽ എസ്റ്റേറ്റുകളാണ്. ഇപ്പോൾ റിയൽ എസ്റ്റേറ്റ് വരുമാനത്തിൽ കുറവുണ്ടായത് സംസ്ഥാന ഗവൺമെന്റിന്റെ കുറ്റം കൊണ്ടല്ല. ആഗോളതലത്തിലുണ്ടായ ചില മാറ്റങ്ങൾ റിയൽ എസ്റ്റേറ്റിനെ ബാധിച്ചു. ഇത് കൊച്ചിയെയാണ് ഏറ്റവും കൂടുതൽ ബാധിച്ചിരിക്കുന്നതെന്ന് ഇന്നത്തെ മലയാള മനോരമയിൽ വാർത്തയുണ്ട്. മോട്ടോർ വെഹിക്കിൾ ടാക്സ് വരുമാനമുണ്ടാക്കി തരുന്നതിൽ നല്ല പങ്ക് വഹിക്കുന്നു. 1% ടാക്സ് വർദ്ധിപ്പിച്ചെങ്കിലും ആ വരുമാനം നമുക്ക് ലഭിക്കാതിരിക്കുന്നതിന് കാരണം നമ്മുടെ ആളുകളുടെ കയ്യിൽ പണമില്ലാത്തതുകൊണ്ടാണ്. മോട്ടോർ വെഹിക്കിൾ ടാക്സ് പഴയതുപോലെ കിട്ടുന്നില്ല. ഡോ. എൻ. ജയരാജ് ഇവിടെ സൂചിപ്പിച്ചു, റബ്ബറിന്റെ വിലയിടിവ് നമ്മുടെ സംസ്ഥാനത്തിന്റെ വരുമാനത്തെ ബാധിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിൽ നിന്ന് നമുക്ക് കിട്ടേണ്ട പണം നമുക്ക് കിട്ടിയിട്ടില്ല. കുടുംബത്തിൽ നടത്തുന്ന രജിസ്ട്രേഷനുകളുടെ ഫീസ് കുറച്ചുവെന്നത് മാണിസാർ ഉദാരമായി ചെയ്ത ഒരു കാര്യമാണ്. ഞാൻ അത് അംഗീകരിക്കുന്നു. പക്ഷേ നമ്മൾ കൊടുത്ത ഔദാര്യത്തിന്റെ ഫലമായി അവിടേയും കൃത്രിമവും തട്ടിപ്പും നടത്തുന്ന ചില ആളുകളുണ്ട്.

അത് ഇല്ലാതാക്കുന്നതിന് നടപടികൾ സ്വീകരിച്ച്, രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിൽ നിന്നും കിട്ടുന്ന റവന്യൂവരുമാനം വർദ്ധിപ്പിക്കാൻ ശ്രമിക്ക ണമെന്ന് വിനയപുരസരം അഭ്യർത്ഥിക്കുന്നു. ഈ ഗവൺമെന്റിന്റെ വികസന പ്രവർത്തനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ നമ്മുടെ സംസ്ഥാനത്തിനു ണ്ടായ സാമ്പത്തികപ്രതിസന്ധിയെ അതിജീവിക്കാൻ ഈ ഗവൺമെന്റിന് കഴി ഞ്ഞിട്ടുണ്ട്. ശ്രീ. കെ. എം. മാണി ധനകാര്യവകുപ്പ് കൈകാര്യം ചെയ്യുന്നതിൽ വളരെ മിടുക്ക് തെളിയിച്ച ആളാണ്. അദ്ദേഹം ഇന്നലെ ശ്രീ. കെ. പി. മോഹ നനോട് ഞാൻ ഒരു ഗവേഷണത്തിലാണെന്ന് പറഞ്ഞു. സാമ്പത്തിക രംഗത്ത് മാണിസാർ നടത്തുന്ന ഗവേഷണം കേരളത്തിന്റെ സാമ്പത്തികസ്ഥിതിയെ മെച്ചപ്പെടുത്തുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും ചെലവുകൾ ചുരു ക്കുന്നതിനും വികസനപ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനും കഴിയുമെന്ന് ഞാൻ പ്രതീക്ഷി ക്കുന്നു. ശ്രീ. ശർമ്മയുടെ പ്ര സംഗത്തിൽ സാധാരണ ഇടതുപക്ഷക്കാർ ചെയ്യാറുള്ളതുപ്പോലെ എല്ലാത്തിന്റെയും ഉത്തരവാദിത്തം യു.പി.എ. ഗവൺമെന്റും കോൺഗ്രസ്സുമാ ണെന്ന് പറഞ്ഞു. ഇപ്പോൾ കേന്ദ്രഗവൺമെന്റിന്റെ ബഡ്ജറ്റ് വന്നിരിക്കുകയാ ണ്. അത് നമ്മൾ പ്രതീക്ഷിച്ചതുപോലെയല്ല. നമ്മുടെ റെയിൽവേ ബഡ്ജറ്റ് വന്നു നമ്മുടെ പ്രതീക്ഷയ്ക്ക് വകയില്ല. ആകെ കിട്ടിയത് ഒരു ഐ.ഐ.റ്റി. മാത്രമാണ്. കിട്ടുമെന്ന് പ്രതീക്ഷിച്ചിരുന്ന AIMS –ന്റെ പ്രഖ്യാപനം പോലും ഉണ്ടായില്ല. ചെന്നൈയിൽ പ്രഖ്യാപിച്ചു. നമുക്ക് ഇവിടെ പ്രഖ്യാപിക്കാൻ കഴിഞ്ഞിട്ടില്ല. നമ്മൾ ഇതിന് സ്ഥലമെടുക്കുന്നത് സംബന്ധിച്ച് ക്യാബിനറ്റിൽ ആലോചന നടക്കുകയാണ്. കൂടാതെ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി യുടെ പേര് മാറ്റി ശ്യാമപ്രസാദ് മുഖർജിയുടെ പേരാക്കുന്നതിനുള്ള ആലോ

ചന നടക്കുന്നുവെന്ന് കേട്ടു. മഹാത്മാഗാന്ധിയുടെ നാട്ടിൽ മഹാത്മാഗാന്ധിയുടെ ഘാതകരുടെ പാർട്ടിയെ അധികാരത്തിലേറ്റിയതിന്റെ പൂർണ്ണ ഉത്തരവാദിത്തം കോൺഗ്രസ്സിനാണെന്ന് ശ്രീ. ശർമ്മ പറഞ്ഞു. മഹാത്മാഗാന്ധിയുടെ ഘാതകർ അധികാരത്തിൽ വന്നതിന്റെ ഉത്തരവാദിത്തം ഞങ്ങൾക്കല്ല, ഞങ്ങൾ എന്നും ബി.ജെ.പി–ക്ക് എതിരാണ്. ഞങ്ങളെന്നും ജനസംഘത്തിനെതിരായിരുന്നു. നിങ്ങൾ വിശാലമുന്നണിയുണ്ടാക്കിയവരാണ്. നമ്മൾ ഒരുമിച്ചാലോചിക്കണം. ഇന്ന് മഹാത്മാഗാന്ധിയുടെ പേരിലുള്ള തൊഴിലുറപ്പ് പദ്ധതിയുടെ പേര് മാറ്റാനുള്ള ആലോചനയാണ് ശ്രീ. നരേന്ദ്ര മോദി സർക്കാർ നടത്തുന്നതെങ്കിൽ നമ്മുടെ രാഷ്ട്രപിതാവിന്റെ സ്ഥാനത്തുനിന്നും അദ്ദേഹത്തെ മാറ്റി ഗോഡ്സെയെ ഇന്ത്യയുടെ രാഷ്ട്രപിതാവായി പ്രഖ്യാപിക്കാൻ പോലും മടി ഇല്ലാത്ത ബി.ജെ.പി.–യെയും നരേന്ദ്രമോദിയെയും എതിർക്കാൻ നിങ്ങൾ കോൺഗ്രസ്സിനോടൊപ്പം നിൽക്കണമെന്ന് വിനയപുരസരം അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനവിനിയോഗബില്ലിനെ ഒരിക്കൽ കൂടി അംഗീകരിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. വി. ചെന്താമരാക്ഷൻ</u>: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ ശക്തമായി എതിർക്കുകയാണ്. 47 ധനാഭ്യർത്ഥനകളിലായി 94202,06,90,000/- (തൊണ്ണൂറ്റിനാലായിരത്തി ഇരുന്നൂറ്റിരണ്ട് കോടി ആറ് ലക്ഷത്തി തൊണ്ണൂറായിരം രൂപ) രൂപയ്ക്കുള്ള ധനവിനിയോഗത്തിനുള്ള അനുമതി തേടിയാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. നിത്യചെലവിനടക്കം പലിശയ്ക്ക് പണം കടം വാങ്ങി ഉപയോഗിക്കുന്ന ഒരു ഗവൺമെന്റിന് എന്ത് ധൈര്യത്തിലാണ് ഇത്രയും തുക ചെലവ് ചെയ്യാൻ അനുമതി നൽകുന്നത്? അഴിമതിയും ധൂർത്തും നടത്തി കെടുകാര്യസ്ഥത മുഖമുദ്രയാക്കി കടംകൊണ്ട് മുടിയുന്ന

നാടിനെ സൃഷ്ടിക്കുന്ന ഗവൺമെന്റാണ് യു.ഡി.എഫ്. ഗവൺമെന്റ്. 2014-ൽ ധനകമ്മി 3% ആകണം. 2015-ൽ റവന്യൂ കമ്മി 0% ആക്കും എന്ന ലക്ഷ്യത്തോടുകൂടി തുടങ്ങി ഇപ്പോൾ എവിടെ എത്തി? കേരളം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാണ്. കെടുകാര്യസ്ഥതയുടേയും നികുതി വെട്ടിപ്പിന്റെയും കോടതികളിൽ ഒത്തുകളിച്ചതിന്റെ ഭാഗമാണ് വരുമാനത്തിൽ വൻകുറവിന് ഇടയാക്കിയത്. നികുതിവരുമാനം കുറയുന്നു, ഇത് വർദ്ധിക്കേണ്ടതാണ്. ഇപ്പോൾ നമ്മുടെ രാജ്യത്ത് രൂക്ഷമായ വിലക്കയറ്റമാണ്. ഈ വിലക്കയറ്റത്തിന്റെ തോതിനനുസരിച്ച് വരുമാനം 30% മുതൽ 100% വരെ വർദ്ധിക്കേണ്ടതാണ്. വിലക്കയറ്റം 30% മുതൽ 100% വരെയാണ്. അതിന്റെ അടിസ്ഥാനത്തിലുള്ള വരുമാനം കേരളത്തിൽ ഉണ്ടാകുന്നില്ല. അതിർത്തി ചെക്ക് പോസ്റ്റുകൾ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോൾ 'അഴിമതിരഹിത വാളയാർ' മാതൃകാപരമായി പദ്ധതി നടപ്പിലാക്കിയതാണ്. 2001-2006 കാലഘട്ടത്തിൽ യു.ഡി.എഫ് അധികാരത്തിലിരുന്ന അവസരങ്ങളിൽ ചില ഉദ്യോഗസ്ഥന്മാർ എന്റെ അടുത്ത് വന്ന് പറഞ്ഞിട്ടുണ്ട് 'എന്നെ ഒന്ന് വാളയാറിലേയ്ക്ക് മൂന്ന് മാസത്തേയ്ക്ക് അല്ലെങ്കിൽ ആറ് മാസത്തേയ്ക്ക് വിടണം എന്റെ എല്ലാ സാമ്പത്തികപ്രതിസന്ധിയും പരിഹരിച്ച് ഞാനവിടുന്ന് പോരും.' ഇടതുപക്ഷജനാധിപത്യമുന്നണി വന്നപ്പോൾ വാളയാറിലേയ്ക്ക് ആരും പോകാൻ തയ്യാറല്ല. ഇപ്പോൾ യു.ഡി.എഫ് വന്നപ്പോൾ വീണ്ടും വാളയാറിലേയ്ക്ക് സ്ഥലം മാറ്റം കിട്ടണമെന്നാണ് ഉദ്യോഗസ്ഥന്മാർ ആവശ്യപ്പെടുന്നത്. ഇങ്ങനെ നികുതി ചോർച്ച സംഭവിക്കുന്നതുകൊണ്ട് ഖജനാവിൽ പണമെത്തുന്നില്ല. അത്തരമൊരു സാഹചര്യമുണ്ടാക്കുന്നതിൽ

കേരളത്തിലെ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന് നിർണ്ണായകമായ പങ്കുണ്ട്. എൽ.ഡി.എഫി.-ന്റെ കാലത്ത് ടാർജറ്റ് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടായിരുന്നു. യു.ഡി.എഫ്.-ന്റെ കാലത്ത് ടാർജറ്റ് പൂർത്തീകരിക്കാൻ കഴിയുന്നില്ല. എന്തുകൊണ്ടാണ് കഴിയാത്തത്. പ്രതികൂല സാഹചര്യത്തിലും ഇടതുപക്ഷജനാത്യപത്യമുന്നണിക്ക് ടാർജറ്റ് പൂർത്തീകരിച്ച് ലക്ഷ്യത്തിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ യു.ഡി.എഫ്.-ന്റെ കാലത്ത് അത്തരമൊരു സാഹചര്യം ഉണ്ടാക്കിയെടുക്കാൻ കഴിയാത്തതിന്റെ പുറകിൽ യു.ഡി.എഫിന്റെ ഭരണനൈപുണ്യമല്ല ഭരണത്തിലെ കെടുകാര്യസ്ഥതയാണ് സൂചിപ്പിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം 78,671.24 കോടി രൂപയായിരുന്നു. മിച്ചമുണ്ടായിരുന്ന 1,830 കോടിയിലധികം രൂപ ട്രഷറിയെ ഏൽപ്പിച്ചാണ് ഇടതുപക്ഷജനാധിപത്യമുന്നണി അധികാരമൊഴിഞ്ഞത്. 2014 മാർച്ച് 31-ന്, യു.ഡി.എഫിന്റെ മുന്ന് വർഷക്കാലത്തെ ഭരണത്തിനുശേഷം സംസ്ഥാനത്തിന്റെ പൊതുകടം 1,17,595.70 കോടി രൂപയായി. മൂന്ന് വർഷം കൊണ്ട് 39,000 കോടി രൂപ കടമെടുത്ത് നാടിനെ കടക്കെണിയിലാക്കിയിരിക്കുകയാണ് ഈ ഗവൺമെന്റ്. സംസ്ഥാനത്തിന് ഒരു സാമ്പത്തിക വർഷമെടുക്കാവുന്ന കടമെടുപ്പ് പരിധി 13,548 കോടി രൂപയാണ്. അതുകൊണ്ടാണ് ഇത്രയും കടബാദ്ധ്യത വന്നത്. കടമെടുപ്പ് പരിധി അതിൽ കൂടുതലായിരുന്നെങ്കിൽ വീണ്ടും കടബാദ്ധ്യത കൂടുമായിരുന്നു. കടമെടുക്കുന്നതിന് അങ്ങനെയൊരു പരിധി നിശ്ചയിക്കപ്പെട്ടിരുന്നതുകൊണ്ട് മാത്രമാണ് കടം പിന്നേയും വർദ്ധിക്കാത്തതെന്നത് ഒരു യാഥാർത്ഥ്യമാണ്. ഇപ്പോൾ കടമെടുപ്പ് പരിധി ഉയർത്തി നൽകുവാൻ കേന്ദ്ര ഗവൺമെന്റിനോട് കേരളാ ഗവൺമെന്റ് ആവശ്യപ്പെട്ടിരിക്കുകയാണ്.

എന്തുകൊണ്ടാണ് ഇങ്ങനെ കടമെടുക്കേണ്ടി വരുന്നത്? അഴിമതിയും കെടുകാര്യസ്ഥതയും ധൂർത്തുംകൊണ്ട് വരുത്തിവച്ച പ്രതിസന്ധിയാണിത്. നികുതി വെട്ടിപ്പിനനുകൂലമായ സഹായങ്ങൾ സൃഷ്ടിച്ചുകൊടുക്കുകയാണ്. കൊച്ചി മെട്രോയുടെ ടെണ്ടർ പൂർത്തീകരിച്ച് വർക്ക് അവാർഡ് ചെയ്തതിനു ശേഷം ബന്ധപ്പെട്ട കമ്പനികൾക്ക് നികുതിയിളവ് കൊടുക്കുകയാണ്. ടെണ്ടറിന് മുമ്പാണെങ്കിൽ സാങ്കേതികമായൊരു ന്യായമുണ്ട്. ഇത് ടെണ്ടർ ചെയ്ത് വർക്ക് അവാർഡ് ചെയ്തതിനുശേഷം ബന്ധപ്പെട്ട കൺസ്ട്രക്ഷൻ കമ്പനിക്ക് ആനുകൂല്യം കൊടുക്കാൻവേണ്ടി മാത്രമാണ് ഇത്തരമൊരു നിലപാട് സ്വീകരിച്ചിട്ടുള്ളത്. ലാർസൻ ആന്റ് ട്യൂബ്രോ എന്ന വൻകിട കമ്പനിക്ക് സഹായകരമായ നിലപാട് എന്തടിസ്ഥാനത്തിലാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കണം. അതുപോലെതന്നെ വെളിച്ചെണ്ണ ഉപയോഗിച്ചുണ്ടാക്കുന്ന സോപ്പിന് നികുതിയിളവ് പ്രഖ്യാപിച്ചു. ഇതിന്റെ ഗുണം ആർക്കാണ് ലഭിക്കുന്നത്; കേരളത്തിലെ ലക്ഷക്കണക്കിനുള്ള തെങ്ങ് കൃഷിക്കാർക്ക് ഗുണം ലഭിക്കുമോ; നാളികേരകർഷകർക്ക് ഗുണം ലഭിക്കുമോ? സോപ്പുണ്ടാക്കുന്ന വൻകിട കോർപ്പറേറ്റ് കമ്പനികൾക്കാണ് ഇതിന്റെ ഗുണം ലഭിക്കാൻ പോകുന്നത്. ആ നിലയിലുള്ള സമീപനം സ്വീകരിച്ചതിന്റെ ഭാഗമായാണ് ട്രഷറിയിലേയ്ക്ക് വരാനുള്ള പണം വരാതിരിക്കുന്നതെന്ന യാഥാർത്ഥ്യം തിരിച്ചറിയാൻ കഴിയണം. നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ ഊർജ്ജിത ശ്രമം നടക്കുന്നില്ല. ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് ശക്തമായ സമീപനം സ്വീകരിച്ചിരുന്നുവെങ്കിൽ ഇന്ന് അത്തരമൊരു സമീപനം സ്വീകരിക്കുന്നതായി കാണാൻ കഴിയുന്നില്ല. ഖജനാവിൽ എത്തേണ്ട നികുതിപ്പണം അവിടെ എത്തിച്ചേരുന്നില്ല. ചെക്ക് പോസ്റ്റ് വഴിയുള്ള

കള്ളക്കടത്തിനും നികുതിവെട്ടിപ്പിനും ഭരണസംവിധാനമാകെ കൂട്ടുനിൽക്കുകയാണ്. കേരളത്തിന്റെ അതിർത്തി ചെക്ക് പോസ്റ്റുകളിൽ കള്ളക്കടത്ത് വൻതോതിൽ വർദ്ധിച്ചിരിക്കുകയാണ്. കേരളത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഈ രംഗത്ത് പ്രവർത്തിക്കുന്ന മാഫിയകളെല്ലാം വളരെ സജീവമായി. അനധികൃത കടത്ത്, ചെക്ക് പോസ്റ്റ് വഴിയുള്ള തട്ടിപ്പ് എന്നിവ കേരളത്തിൽ ശക്തമായി വളർന്നുവരികയാണ്. അതിന്റെ ഭാഗമായാണ് ഖജനാവിൽ പണം എത്തിച്ചേരാത്തത്. റവന്യൂ വരുമാനം വർദ്ധിപ്പിക്കാനുള്ള ഊർജ്ജിത ശ്രമങ്ങളുണ്ടാകുന്നില്ല. നികുതി പിരിവ് കാര്യക്ഷമമായി നടക്കുന്നില്ല. റവന്യൂ വരുമാനം റവന്യൂ ചെലവിന് തികയാതെവരുന്ന അവസ്ഥ സംജാതമാക്കിയതിന്റെ മുഴുവൻ ഉത്തരവാദിത്തവും ഭരണാധികാരികൾക്കാണ്, ബഹുമാന്യനായ മാണി സാറിനാണ്. വികസന പ്രവർത്തനങ്ങൾക്കായി കടം വാങ്ങേണ്ടിവരുന്നു. കടത്തിന്റെ സിംഹഭാഗവും റവന്യൂ കമ്മി നികത്താനുപയോഗിക്കുന്നു. എന്തുകൊണ്ടാണ് ഇത് സംഭവിക്കുന്നത്? സർക്കാരിന് നിയമസഭ അംഗീകാരം നൽകുന്ന ചെലവുകൾ പരിധിയ്ക്കകത്ത് നിയന്ത്രിച്ചുനിർത്താത്തതുകൊണ്ടാണ് ഇത് സംഭവിക്കുന്നത്. 2013-2014 ബഡ്ജറ്റിൽ 17,000 കോടിരൂപയുടെ വാർഷിക പദ്ധതിയാണ് തയ്യാറാക്കിയത്. 31-03-2014-ലെ കണക്കുപ്രകാരം 82 ശതമാനം തുകയാണ് ആകെ ചെലവഴിച്ചത്. എന്നാൽ പല വകുപ്പുകളും ചെലവ് പരിധിയേക്കാൾ എത്രയോ അധികം തുക ചെലവഴിച്ചു. പൊതുമരാമത്ത് വകുപ്പിന് വകയിരുത്തിയ വിഹിതം 900 കോടിരൂപയാണ്. ചെലവഴിച്ചത് 1316 കോടിരൂപയിൽ അധികമാണ്. 146 ശതമാനം തുകയാണ് അധികമായി ചെലവഴിച്ചത്. ഇങ്ങനെ ചെലവഴിക്കാൻ എവിടെ നിന്നാണ്

ഇവർക്ക് ധൈര്യം ലഭിക്കുന്നത്; ഇത്തരത്തിൽ ലഭിച്ച തുക സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിന് ഉപയോഗിക്കുന്നുണ്ടോയെന്ന് വിലയിരുത്തണം. തുക അധികരിച്ചാണ് ചെലവഴിച്ചതെങ്കിലും പൊതുമരാമത്ത് വകുപ്പുമന്ത്രി ഭരണപ്രതിപക്ഷ വ്യത്യാസമില്ലാതെ വികസന പദ്ധതികൾ നൽകുന്നതാണ്. അത് നിഷേധിക്കുന്നില്ല. എന്നാൽ ഇവിടെ ചില മന്ത്രിമാരുണ്ട്. ഭരണകക്ഷിക്കാരുടെ മണ്ഡലത്തിൽ മാത്രം വികസനം മതിയെന്നാണ് അവർ നിശ്ചയിച്ചിരിക്കുന്നത്. ഗ്രാമവികസന വകുപ്പു മന്ത്രിയാണ് ഇതിൽ പ്രമുഖൻ. അദ്ദേഹത്തിന്റെ വകുപ്പുപ്രവർത്തനം ഇരിക്കൂർ മണ്ഡലത്തിൽ മാത്രമായി ഒതുക്കി നിർത്തുകയാണ്. കേരളത്തിന്റെ പൊതുവായ മന്ത്രിയെന്ന നിലയിലല്ല, ഒരു മണ്ഡലത്തിന്റെ പ്രതിനിധിയെന്ന നിലയിലേയ്ക്ക് മന്ത്രി തരംതാഴ്ന്നിരിക്കുന്നു എന്ന യാഥാർത്ഥ്യം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഗ്രാമവികസന പദ്ധതികളുടെ ഫണ്ട് മുഴുവൻ ഒരു മണ്ഡലത്തിൽ കേന്ദ്രീകരിച്ച് ചെലവഴിക്കുകയാണ്. ചെലവിനെ സംബന്ധിച്ച് നിയമസഭയിൽ ചോദ്യം ചോദിച്ചാൽ 'ശേഖരിച്ചുവരുന്നു' എന്ന മറുപടിയാണ് മന്ത്രിയിൽ നിന്നും ലഭിക്കുന്നത്. സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും അനുഭവിക്കാനുള്ളതാണ് പൊതുഖജനാവിലെ പണം എന്ന ഓർമ്മയോടുകൂടി കേരളത്തിലെ മന്ത്രിമാർ ഭരിക്കണം. എന്നും അപ്പുറത്ത് തന്നെ ഇരിക്കുമെന്ന് കരുതരുത്. ഇപ്പുറത്തുള്ള ആളുകളും അപ്പുറത്ത് വരും. കഴിഞ്ഞവർഷം അവതരിപ്പിച്ച 17,000 കോടിരൂപയുടെ വാർഷിക പദ്ധതിയിൽ, പദ്ധതി ചെലവുകൾക്കായി നീക്കിവെച്ച തുക ചെലവഴിക്കാത്ത വകുപ്പുകളിൽ പ്രധാനപ്പെട്ടത് മുഖ്യമന്ത്രിയുടെ വകുപ്പാണ്. ശാസ്ത്രസാങ്കേതിക വകുപ്പ് കേവലം 64 ശതമാനം മാത്രമാണ് ചെലവഴിച്ചത്. മുഖ്യമന്ത്രി

ചെയർമാനായുള്ള ആസൂത്രണ വകുപ്പ് കേവലം 12 ശതമാനമാണ് ചെലവഴിച്ചത്. ജനങ്ങളുമായി ദൈനംദിനം ബന്ധം പുലർത്തുന്ന റവന്യൂ വകുപ്പിന്റെ ചെലവ് വെറും 32 ശതമാനം മാത്രമാണ്. ജലവിഭവവകുപ്പ് 52 ശതമാനം മാത്രമാണ് ചെലവഴിച്ചത്. വൈദ്യുതി മേഖലയിൽ 1222 കോടിരൂപ വകയിരുത്തി. ചെലവഴിച്ചത് 831 കോടിരൂപ, നഷ്ടപ്പെട്ടത് 391 കോടിരൂപ. പൊതുവിദ്യാഭ്യാസ മേഖല നഷ്ടപ്പെടുത്തിയത് 113 കോടിരൂപയാണ്. ദുർബ്ബല ജനവഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന ഭവനനിർമ്മാണ വകുപ്പ് 36 കോടിരൂപ നഷ്ടപ്പെടുത്തി. ഇതാണ് കേരളത്തിലെ ഗവൺമെന്റിന്റെ പ്രവർത്തനത്തിന്റെ രത്നച്ചുരുക്കം. കേരളത്തിലെ ധനകാര്യ മാനേജ്മെന്റ് ആകെ പൊളിഞ്ഞ് പാളീസായെന്ന് ഇവിടെ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതിന്റെ ഫലമായാണ് കടപ്പത്രം പുറപ്പെടുവിക്കേണ്ടിവന്നത്. വിപണിയിൽ നിന്ന് 3200 കോടിരൂപയാണ് ഏപ്രിൽ മാസത്തിനുശേഷം കടമെടുക്കുന്നത്. സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ തന്നെ വിപണിയിൽ നിന്ന് കടമെടുക്കുന്ന സ്ഥിതിയിലാണ് ഇന്ന് കേരളം. ഏപ്രിലിനുശേഷം എടുത്ത 3200 കോടിരൂപയുടെ കടവും കൂടി ചേർത്താൽ ഇപ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം ഏതാണ്ട് ഒന്നേകാൽ ലക്ഷം കോടിരൂപയായി മാറിയിട്ടുണ്ടാകും. സംസ്ഥാനത്തെ കരാറുകാർക്ക് കോടിക്കണക്കിന് രൂപ കുടിശ്ശിക വരുത്തിയിരിക്കുകയാണ്. വികസനപ്രവർത്തനങ്ങളെല്ലാം മന്ദഗതിയിലാണ്. റോഡ് നിർമ്മാണ കരാറുകാർക്ക് 1000 കോടിരൂപയോളം കൊടുത്തുതീർക്കാ

നുണ്ട്. കെട്ടിടനിർമ്മാണ കരാറുകാർക്ക് 338 കോടിരൂപയുടെ കുടിശ്ശികയുണ്ട്. ജലസേചനവകുപ്പിലെ കരാറുകാർക്ക് 45 കോടിരൂപയുടെ കുടിശ്ശിക നൽകാനുണ്ട്. പൊതുമരാമത്ത് വകുപ്പിലെ കരാറുകാർക്ക് 2013 ആഗസ്റ്റ് മാസം വരെയുള്ള കുടിശ്ശികയും ജലസേചനവകുപ്പിലെ കരാറുകാർക്ക് 2013 സെപ്റ്റംബർ വരെയുള്ള കുടിശ്ശികയും നൽകുമെന്നാണ് ധനകാര്യ വകുപ്പുമന്ത്രി അറിയിച്ചിട്ടുള്ളത്. ഈ നിലയിൽ കേരളത്തിലെ ഗവൺമെന്റിന്റെ പ്രവർത്തനത്തിലെ ഗുരുതരമായ പാളിച്ചകൾ കൊണ്ട് ഗുരുതരമായ പ്രശ്നങ്ങൾ സാമ്പത്തിക രംഗത്ത് ഉയർന്നുവന്നിരിക്കുകയാണ്. വികസനപ്രവർത്തനങ്ങളുടേയും പദ്ധതി പ്രവർത്തനങ്ങളുടേയും ഗതി ഇതാണെങ്കിൽ സാമൂഹ്യക്ഷേമ പെൻഷനുകളെല്ലാം കുടിശ്ശികയായി. കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റ് പാവപ്പെട്ടവന്റെ അന്നം മുടക്കുകയാണ്. കർഷത്തൊഴിലാളി പെൻഷൻ ഒരുവർഷത്തെ തുക കുടിശ്ശികയാണ്, ഇന്ദിരാഗാന്ധി വാർദ്ധക്യകാല പെൻഷൻ, അഗതിപെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ എല്ലാ സാമൂഹ്യ പെൻഷനുകളും മാസങ്ങളോളം കുടിശ്ശികയായി കിടക്കുകയാണ്. നാട്ടിലെ പാവപ്പെട്ട ആളുകളുടെ ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ യാതൊരു നടപടിയും കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിക്കുന്നില്ല. ട്രഷറി ശൂന്യമായിക്കൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിലും വാണിജ്യ ബാങ്കുകളിലും പുതുതലമുറ ബാങ്കുകളിലും സർക്കാർ നിക്ഷേപങ്ങൾ മാറ്റിക്കൊടുക്കുകയാണ്. എന്താണ് ഇതിന്റെ താൽപ്പര്യം? പ്രതിസന്ധിക്ക് ആക്കം കൂട്ടുന്ന നടപടികളാണ് ഗവൺമെന്റ് കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്. റവന്യൂ വരുമാനം വർദ്ധിപ്പിക്കുവാനും കാര്യക്ഷമമായി നികുതി പിരിവ് നട

ത്തുവാനും ഇനിയും നടപടിയെടുക്കാൻ വൈകിക്കൂടാ. സംസ്ഥാനം വൻ സാമ്പത്തിക തകർച്ചയെ നേരിടേണ്ടിവരുമെന്നാണ് എനിക്ക് ഈ ധനവിനിയോഗ ബില്ലിനെ എതിർത്തുകൊണ്ട് ഏറ്റവും ശക്തമായ രൂപത്തിൽ സൂചിപ്പിക്കാനുള്ളത്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയെ സംബന്ധിച്ച് എനിക്ക് വ്യക്തിപരമായി ആക്ഷേപമൊന്നുമില്ല. പക്ഷേ ഇവിടെ ഭരണകക്ഷിയുടെ എം.എൽ.എ.-മാർ സൂചിപ്പിച്ചതുപോലെയുള്ള നല്ലൊരു സ്ഥിതിവിശേഷമല്ല കേരളത്തിൽ നിലനിൽക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ ഓർമ്മിപ്പിക്കുകയാണ്. എൻ.ഡി.എ. ഗവൺമെന്റ് അല്ല, ഇടതുപക്ഷം കേന്ദ്രത്തിൽ അധികാരത്തിൽ വന്നാലും ഇപ്പോൾ ചെയ്യുന്നത് തന്നെയാണ് നടത്താൻ കഴിയുന്നത് എന്നാണ് ഇവിടെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാന്യനായ ജോസഫ് വാഴക്കൻ പറഞ്ഞത്. ഈ നിയമസഭയിൽ കേന്ദ്രത്തിലെ എൻ.ഡി.എ. ഗവൺമെന്റിനെ ന്യായീകരിക്കുകയാണ് കോൺഗ്രസ്സിന്റെ പ്രമുഖനായ എം.എൽ.എ. ഇത് കെ.പി.സി.സി.-യുടെ ജനറൽ സെക്രട്ടറി, കേന്ദ്രം ഭരിക്കുന്ന എൻ.ഡി.എ. ഗവൺമെന്റിന്റെ, ബിജെ.പി. ഗവൺമെന്റിന്റെ ജനവിരുദ്ധ രാജ്യദ്രോഹ സാമ്പത്തിക നയങ്ങൾക്ക് കുടപിടിക്കുന്ന സമീപനമാണ് കോൺഗ്രസ് സ്വീകരിക്കുന്നത്. ഇത് നമ്മുടെ നാടിനെ നശിപ്പിക്കും. റെയിൽവേ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ നമ്മുടെ രാജ്യത്തിന്റെ കോടിക്കണക്കായ സമ്പത്ത് ബഹുരാഷ്ട്ര മുതലാളിമാർക്ക് തീറെഴുതിക്കൊടുക്കുന്ന സമീപനമാണ് സ്വീകരിച്ചിരുന്നതെങ്കിൽ ഇപ്പോൾ കേന്ദ്രഗവൺമെന്റിന്റെ പൊതുബഡ്ജറ്റും ആ വഴിയിലേയ്ക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത് എന്നാണ് ബഡ്ജറ്റിന്റെ വിവരങ്ങൾ പുറത്തുവന്നപ്പോൾ മനസ്സിലാക്കാൻ സാധിക്കുന്നത്. കേരള സംസ്ഥാനം ഇന്ത്യാരാജ്യത്തിന്റെ ഭാഗമാണെന്ന് അംഗീകരിക്കാൻ പോലും കേന്ദ്രത്തിലെ ദേശീയ

ജനാധിപത്യസഖ്യ ഗവൺമെന്റ് തയ്യാറായിട്ടില്ല. ആ നിലയിൽ ബി.ജെ.പി. ഗവൺമെന്റിന്റെ ജനവിരുദ്ധ നിലപാടുകൾക്കെതിരെ ശക്തമായ നിലപാട് നമുക്ക് സ്വീകരിക്കാൻ കഴിയണം. അതിനെ ന്യായീകരിക്കാൻ പോകരുത്. അതുപോലെ തന്നെ ശ്രീ. ബെന്നി ബെഹനാൻ ഇവിടെ പ്രസംഗിച്ചു, എല്ലാദിവസവും ശ്രീ. ബെന്നി ബെഹനാൻ പ്രസംഗിക്കുന്നുണ്ട്. ശ്രീ. ബെന്നി ബെഹനാൻ മന്ത്രിയാകാൻ പോകുന്നുവെന്ന് പറഞ്ഞുകൊണ്ട് ഇന്നത്തെ പത്രത്തിലൊരു വാർത്തയുണ്ട്. അതുകൊണ്ട് അങ്ങ് എല്ലാം പ്രസംഗിച്ചു തീർക്കുകയാണോ; മന്ത്രിയാകാൻ പോകുന്നതിന്റെ മുന്നോടിയായി എല്ലാ പ്രസംഗവും ഇവിടെ നടത്തുകയാണോ എന്നെനിക്ക് സംശയമുണ്ട്. അതുപോലെ തന്നെ വിലക്കയറ്റത്തിനെതിരായ പോരാട്ടം, ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനം ഈ രാജ്യത്ത് ശക്തമായ രൂപത്തിൽ നടത്തുമ്പോൾ രാജ്യത്തെ നയിക്കാൻ നിയോഗിക്കപ്പെട്ട ബഹുമാന്യനായ ദേശീയ നേതാവ് പാർലമെന്റിൽ ഇരുന്ന് ഉറങ്ങുന്ന ചിത്രം ഫെയ്സ് ബുക്കിലും പത്രങ്ങളിലുമൊക്കെ വന്നിട്ടുണ്ട്. ഇടതുപക്ഷപ്രസ്ഥാനത്തിന്റെ സമുന്നതനായ നേതാവ് പി. കരുണാകരൻ വിലക്കയറ്റത്തിനെതിരെ ശക്തമായി പ്രസംഗിക്കുമ്പോൾ പുറകിലിരുന്ന് ഉറങ്ങുകയാണ്. അയാളാണോ ഈ രാജ്യത്തെ രക്ഷപ്പെടുത്താൻ പോകുന്നത്; അതുകൊണ്ട് കേന്ദ്രഗവൺമെന്റിന്റെ സ്വകാര്യവൽക്കരണ നയം, വിദേശ വൻകിട കമ്പനികളെ നമ്മുടെ രാജ്യത്ത് ക്ഷണിച്ചുകൊണ്ടുവരാനുള്ള നയത്തിനെതിരെ ഇടതുപക്ഷജനാധിപത്യ പ്രസ്ഥാനത്തിനുമാത്രമേ ഫലപ്രദമായ ബദലായി ഈ രാജ്യത്ത് പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. ഇവിടെ കോൺഗ്രസ്സിന്റെ ആളുകൾ ഇടതുപക്ഷത്തെ ക്ഷണിച്ചു. ഇടതുപക്ഷം നിർലോഭമായ പിന്തുണ കോൺഗ്രസ്സിന് കൊടുത്തിട്ടുണ്ട്. അത് സ്വീകരിച്ച് ജനോപകാരപ്രദമായ ഭരണം നടത്തുന്നതിന് പകരം ജനവിരുദ്ധമായ നടപടി

കൾ സ്വീകരിച്ചതിന്റെ ഭാഗമായാണ് ഇന്ന് കേന്ദ്രത്തിൽ ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വന്നിട്ടുള്ളത്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്...അവസാനിപ്പിക്കൂ.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഞാൻ ഒരു സീനിയർ-ജൂനിയർ മെമ്പറാണ്.

മി. സ്പീക്കർ: സീനിയർ-ജൂനിയർ അങ്ങനെയൊന്നുമില്ല.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഈ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിക്ക് നടുവിൽ രാജ്യത്തെ രക്ഷിക്കുന്നതിനാവശ്യമായ രാഷ്ട്രീയം ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തിനു മാത്രമേ കൈകാര്യം ചെയ്യാൻ കഴിയുകയുള്ളൂ എന്നതുകൊണ്ടുതന്നെ ഈ ബില്ലിനെ ഞാൻ ശക്തമായി എതിർക്കുകയാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, നികുതി വരുമാനം പരിരക്ഷിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് വളരെ താൽപര്യമാണ് എടുത്തിട്ടുള്ളത്. നികുതി വരുമാനം പരിരക്ഷിക്കാനുള്ള നിരന്തരമായ നടപടികൾ എടുത്തിട്ടുണ്ട്. ആന്യുവിറ്റി റിട്ടേൺ തിട്ടപ്പെടുത്തിയത് 37,648 എണ്ണമാണ്. 3,828 ഓഡിറ്റ് വിസിറ്റ് നടത്തി. 1,687 കെ.ജി.എസ്.റ്റി. അസസ്സ്മെന്റും 18,669 സി.എസ്.റ്റി. അസസ്സ്മെന്റും തീർപ്പാക്കി. 2,912 ക്രൈം ഫയലുകളും 9,381 ഒ.ആർ. ഫയലുകളും തീർപ്പാക്കുകയുണ്ടായി. ഇന്റലിജൻസ് വിഭാഗം 2013-14-ൽ 167 കോടി രൂപ പിരിച്ചെടുത്തു. ഇതിന്റെ വർദ്ധനവ് 21 ശതമാനമാണ്. 3778 കടകളിൽ പരിശോധന നടത്തി. 9,37,596 മോട്ടോർ വാഹനങ്ങൾ പരിശോധന

നടത്തുകയുണ്ടായി. ശ്രീ. വി. ചെന്താമരാക്ഷൻ പ്രസംഗിച്ചപ്പോൾ, ചെക്ക് പോസ്റ്റ് വരുമാനം കുറഞ്ഞെന്നും അവിടെയെല്ലാം കള്ളത്തരമാണ് നടക്കുന്നതെന്നും പറഞ്ഞു. ചെക്ക് പോസ്റ്റുകൾ ഉണ്ടായകാലം മുതൽ എല്ലാകാലവും കുറെ കള്ളത്തരങ്ങളും വെട്ടിപ്പുക്കളുമൊക്കെ നടക്കുന്നുണ്ട്. പക്ഷെ കമ്പാരിറ്റീവായി നോക്കുമ്പോൾ ഈ ഗവൺമെന്റ് എത്ര ഇഫക്ടീവായ നടപടികളെടുത്തിട്ടുണ്ടെന്നുള്ളതാണ് നോക്കേണ്ട കാര്യം. എൽ.ഡി.എഫ്.-ന്റെ ഭരണകാലഘട്ടത്തിൽ 2006-2007 മുതൽ 2010-2011 വരെ ആകെ ചെക്ക്പോസ്റ്റുകളിൽ നിന്നും ലഭിച്ച വരുമാനം 1253 കോടി രൂപയാണ്. വർദ്ധനവ് 6 ശതമാനമായിരുന്നു. എന്നാൽ യു.ഡി.എഫ്. ഗവൺമെന്റിന് ഈ കാലഘട്ടത്തിനിടയിൽ ലഭിച്ചിരിക്കുന്നത് 2815 കോടി രൂപയാണ്. എന്നുപറഞ്ഞാൽ 51 ശതമാനം വർദ്ധനവാണ്. ഇതാണ് ഈ ഗവൺമെന്റിനെ അഭിനന്ദിക്കണമെന്ന് ഞാൻ എപ്പോഴും പറയുന്നത്. പക്ഷെ, ഒരു വാക്കെങ്കിലും, ഒരു അപ്രീസിയേഷൻ ഈ പ്രതിപക്ഷം നൽകുന്നില്ലല്ലോ; ശ്രീ. കോടിയേരി ബാലകൃഷ്ണനോട് എനിക്ക് വലിയ ബഹുമാനമുണ്ട്. അങ്ങ് ക്രിയാത്മകമായിട്ടേ കാര്യങ്ങൾ പറയുകയുള്ളൂ. ഇതിനിടയ്ക്ക് ഗവൺമെന്റിനെ ഇന്ന കാര്യത്തിന് അപ്രീഷിയേറ്റ് ചെയ്യുന്നുവെന്ന് പറയുമ്പോഴാണ് നമുക്ക് ഒന്നുകൂടെ അതിനൊരു ക്രീയാത്മകത വരുന്നത്. ഇങ്ങനെയുള്ള നല്ല കാര്യങ്ങൾ ഈ ഗവൺമെന്റ് ചെയ്തിട്ടും....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, മൂന്ന് വർഷത്തിനിടയിൽ സാധനങ്ങൾക്കുണ്ടായ വിലക്കയറ്റം 200 ശതമാനം കൂടിയപ്പോൾ 51 ശതമാനം വർദ്ധനവ് മതിയോ?

<u>ശ്രീ. കെ. എം. മാണി:</u> സർ, അങ്ങനെ നോക്കിയാൽ ഇത് ഉള്ളതിനേക്കാൾ ഭേദമാണ്. പഴയത് വച്ച് താരതമ്യം ചെയ്യുമ്പോൾ...... വിലക്കയറ്റം ഇന്നുണ്ടായതാണോ; എൽ.ഡി.എഫ്.-ന്റെ കാലത്ത് വിലക്കയറ്റമില്ലേ; It is a continuous process. അപ്പോൾ എൽ.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ നിങ്ങൾ ഉണ്ടാക്കിയ പ്രോഗ്രസ്സിനേക്കാൾ എത്രയോ വലിയ പ്രോഗ്രസ്സാണ് ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഉണ്ടായതെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. ഇവിടെ കടബാദ്ധ്യതയെ സംബന്ധിച്ച് പറയുകയുണ്ടായി. ബാദ്ധ്യത കൂടിവരുന്നുണ്ടെങ്കിലും ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ച ലിമിറ്റ് ഒരിക്കലും അധികരിച്ചിട്ടില്ല. കടബാദ്ധ്യതയെപ്പറ്റി ഓർക്കേണ്ടത് അതാണ്. ഓരോ സ്റ്റേറ്റിനും കടമെടുക്കുന്നതിന് ലിമിറ്റ് വച്ചിട്ടുണ്ട്. പ്ലാനിംഗ് കമ്മീഷൻ മോശമാണോ; അവർക്ക് നോംസില്ലേ; ഓരോ ഗവൺമെന്റിനും എത്രതാങ്ങാം, എത്ര ആവശ്യമുണ്ട് എന്നൊക്കെ നോക്കിക്കൊണ്ട് ഓരോ ഗവൺമെന്റിനും കടം വാങ്ങാൻ പരിധിവച്ചിട്ടുണ്ട്. നമ്മൾ ആ ലിമിറ്റ് ഒരിക്കലും അധികരിച്ചിട്ടില്ല. കേന്ദ്ര സർക്കാർ അനുവദിച്ച സംഖ്യ മാത്രമേ ആവശ്യമനുസരിച്ച് പത്തോ പന്ത്രണ്ടോ തവണയായി കടമെടുത്തിട്ടുള്ളൂ. ഇവിടെ ശ്രീ. വി. ചെന്താമരാക്ഷന്റെ പ്രസംഗം കേട്ടാൽ കടമെടുത്ത് പൊളിഞ്ഞ് പാളീസായി, കടമെടുത്ത് തീർത്തു....... ഇതൊക്കെ പുറത്ത് പ്രസംഗിക്കാമെന്നല്ലാതെ നിയമസഭയിൽ പ്രസംഗിക്കുന്നത് ശരിയാണോ; കേരളത്തിന്റെ ബാദ്ധ്യത പൂർണ്ണമായും സസ്റ്റെയ്നബിളാണ്. തിരിച്ചടവിൽ യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ല എന്നറിയിക്കാൻ എനിക്ക് വലിയ താൽപര്യമുണ്ട്. നികുതി വരുമാനത്തിൽ കുറെയൊക്കെ കുറവ് വരാം. രാജ്യത്ത് പൊതുവായി നിലനിൽക്കുന്ന സാമ്പത്തിക മാന്ദ്യം നമ്മെ പ്രതികൂലമായി ബാധിച്ചിട്ടു

ണ്ടെന്നുള്ളത് സത്യമാണ്. കേന്ദ്ര നികുതി വിഹിതവും ധനസഹായവും പ്രതീക്ഷിച്ചത്ര ഉയർന്നുവന്നിട്ടില്ലെന്നുള്ളത് മറ്റൊരു കാര്യമാണ്. ഈ സാഹചര്യത്തിൽ റവന്യൂ വരുമാനത്തിൽ ക്രമപ്രബുദ്ധമായ വർദ്ധനവ് കൂടി ഉണ്ടാക്കാൻ കഴിഞ്ഞു എന്നുള്ളതാണ് രജതരേഖ എന്ന് പറയുന്നത്. 2011-2012–ൽ 38,010 കോടി രൂപയായിരുന്നത് 2012-2013-ൽ 44137 കോടി രൂപയായും 2013-2014–ൽ 49177 കോടി രൂപയായും വർദ്ധിപ്പിക്കാൻ കഴിഞ്ഞുവെന്നുള്ളത് ആശാവഹമായ കാര്യമാണ്. ഈ ഗവൺമെന്റിന് 2011-2012, 2012-2013 കാലഘട്ടങ്ങളിൽ ways and means-നെയോ ഓവർ ഡ്രാഫ്റ്റിനെയോ ആശ്രയിക്കേണ്ടി വന്നിട്ടില്ലെന്നുള്ളത് വലിയൊരു ക്രെഡിറ്റല്ലേ? 2013-2014–ൽ ഒരു ദിവസം മാത്രമാണ് ways and means-നെ ആശ്രയിക്കേണ്ടി വന്നത്. അതൊരു വലിയ കാര്യമാണോ? ഈ ബുദ്ധിമുട്ടൊക്കെ ഉണ്ടായിട്ടും ഇത്ര മാത്രം ഓവറായി ചെലവ് ചെയ്തിട്ടും ways and means-നെ ആശ്രയിക്കുകയോ ഓവർ ഡ്രാഫ്റ്റിലേയ്ക്ക് പോകുകയോ ചെയ്യുന്ന അവസ്ഥ വന്നിട്ടില്ല. അടിസ്ഥാന സൗകര്യ വികസനങ്ങളെല്ലാം യാതൊരു തടസ്സവും കൂടാതെ ലഭ്യമാക്കുവാൻവേണ്ടി ഇതിനിടയിൽ 1,225 കോടി രൂപ വിഹിതമായി മാറ്റിവച്ചിട്ടുണ്ട്. വിഴിഞ്ഞം തുറമുഖത്തിന് 2011-2012–ൽ 197 കോടി രൂപയും 2012-2013–ൽ 224 കോടി രൂപയും 2013-2014–ൽ 100 കോടി രൂപയും അനുവദിച്ചു, ഒരു കുഴപ്പവുമില്ലാതെ ആവശ്യത്തിനുള്ള പണമനുവദിച്ചു. കൊച്ചി മെട്രോയ്ക്ക് 2012-2013–ൽ 394 കോടി രൂപയും 2013-2014–ൽ 234 കോടി രൂപയും അനുവദിച്ചു. കണ്ണൂർ എയർപോർട്ടിന് 463 കോടി രൂപ അനുവദിച്ചു. തിരുവനന്തപുരം, കോഴിക്കോട് മോണോ റെയിലിന് 28 കോടി രൂപയും അനുവദിച്ചു. കെ.എസ്.ഡി.പി.–ക്ക് 2013-2014–ൽ 172 കോടി

രൂപയും 2014-2015–ൽ 218 കോടി രൂപയും അനുവദിച്ചു. ഈ മെഗാ പ്രോജക്ടുകൾക്കെല്ലാം അത്ഭുതകരമായി ഇത്രമാത്രം തുകയനുവദിച്ച ഒരു ഫിനാൻഷ്യൽ മാനേജ്മെന്റാണ് നമ്മുടെ മുമ്പിലുള്ളതെന്ന് ഞാൻ പ്രതിപക്ഷത്തെ ഓർമ്മിപ്പിക്കുകയാണ്. ഇവിടെ വിമർശിച്ചതുപോലെ ഒരു പെൻഷനും വലുതായി മുടങ്ങിക്കിടക്കുന്നില്ല. വികലാംഗ പെൻഷൻ, അഗതി പെൻഷൻ, വിധവാ പെൻഷൻ, അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ തുടങ്ങിയവയ്ക്കൊന്നും കുടിശ്ശികയില്ല. കർഷകത്തൊഴിലാളി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, മത്സ്യത്തൊഴിലാളി പെൻഷൻ, കയർത്തൊഴിലാളി പെൻഷൻ തുടങ്ങിയ എല്ലാ പെൻഷനുകൾക്കും 2013 ഡിസംബർ 31 വരെയുള്ള കുടിശ്ശിക തീർത്തുകൊടുത്തു. അതുകഴിഞ്ഞ് കൊടുക്കാനുള്ളത് നോർമലാണ്. അത് ഉടനെ കൊടുക്കും. കാരുണ്യ ചികിത്സാ പദ്ധതിയിലൂടെ 36,818 രോഗികൾക്ക് 387 കോടി രൂപ ചികിത്സയ്ക്കായി കൊടുക്കുകയുണ്ടായി. ആ രോഗികളുടെ പ്രാർത്ഥന ഈ ഗവൺമെന്റിനില്ലേ? സർക്കാർ ജീവനക്കാർക്ക് 2014 ജനുവരി മാസം വരെയുള്ള ഡി.എ. മുഴുവൻ കൊടുത്തു. വാർഷിക ബാദ്ധ്യത 2000 കോടി രൂപയാണ്. അപ്രോപ്രിയേഷൻ 2012-2013 അക്കൗണ്ട്സിൽ അനുവദിച്ച തുക ചെലവഴിക്കാതെ വകമാറ്റിയെന്ന് ശ്രീ. എസ്. ശർമ്മ പ്രതിപക്ഷത്ത് നിന്ന് പ്രസംഗിക്കുകയുണ്ടായി. ശ്രീ. എസ്. ശർമ്മയോട് ഞാൻ ഒരു കാര്യം പറയട്ടെ, ബഡ്ജറ്റിൽ ഒരു പ്രത്യേക ആവശ്യത്തിനുവേണ്ടി വകയിരുത്തിയാൽ ആ വിഹിതം പൂർണ്ണമായി ആവശ്യമില്ലെന്നുകണ്ടാൽ അധിക വിഹിതം നമുക്ക് വകമാറ്റാം. അത് ബഡ്ജറ്റ് മാനുവലിൽ ഉള്ളതാണ്.

അതൊരു മിസ്മാനേജ്മെന്റായി ഒരിക്കലും കണക്കാക്കേണ്ട കാര്യമില്ല. അങ്ങത് തെറ്റിദ്ധാരണകൊണ്ട് പറഞ്ഞതാണെന്ന് ഞാൻ വിചാരിക്കുകയാണ്. 2012–2013–ൽ അപ്രോപ്രിയേഷൻ അക്കൗണ്ട് പ്രകാരം ചെലവഴിക്കാതെ പോയ ബഡ്ജറ്റ് വിഹിതം 10896 കോടി രൂപയാണ്. ഇതിൽ 6878 കോടി രൂപയും പൊതുകടം ഇനത്തിലുള്ളതാണ്. അതുകൊണ്ട് നമുക്ക് ദൂഷ്യമില്ല. ഇത് ways and means, ഓവർ ഡ്രാഫ്റ്റ് തുക തിരിച്ചടയ്ക്കാൻ വേണ്ടി പ്രൊവൈഡ് ചെയ്തതാണ്. ബഡ്ജറ്റ് വന്നപ്പോൾ പ്രൊവൈഡ് ചെയ്തു. പക്ഷേ നമ്മൾ ഒന്നും എടുത്തില്ല. നമ്മൾ ways and means-ലും ഓവർ ഡ്രാഫ്റ്റിലും പോയില്ല. അതുകൊണ്ട് ആ തുക ആവശ്യമായി വന്നില്ല. അതൊരു നല്ല കാര്യമല്ലേ? അതുകൊണ്ട് അത് ചെലവഴിച്ചില്ല എന്നുള്ളതേയുള്ളൂ. എം.എൽ.എ.–മാരുടെ അസറ്റ് ഡെവലപ്മെന്റ് ഫണ്ടിൽ Essentiality certificate ഇൻസിസ്റ്റ് ചെയ്യണമോയെന്ന് ശ്രീ. ഇ. ചന്ദ്രശേഖരൻ പറയുകയുണ്ടായി. ധനകാര്യ വകുപ്പ് അത് ഇൻസിസ്റ്റ് ചെയ്യുന്നില്ല. പക്ഷേ ബന്ധപ്പെട്ട വകുപ്പുകൾ പദ്ധതിയുടെ ഭരണപരമായ ആവശ്യം പരിശോധിച്ച് ബോധ്യപ്പെടണം. പ്രായോഗികമല്ലാത്ത പല നിർദ്ദേശങ്ങളും വരുന്ന സാഹചര്യത്തിൽ ഈ വ്യവസ്ഥ ഒഴിവാക്കേണ്ടതില്ലെന്നാണ് ഗവൺമെന്റിന്റെ വിചാരം. മിക്കവാറും എം.എൽ.എ.–മാർ തരുന്നതൊക്കെ അനുവദിക്കുന്നുണ്ട്. എന്റെ അടുത്ത് ഈ ഫയലുകളൊക്കെ വരുന്നുണ്ട്. എം.എൽ.എ. ഒരു ജനപ്രതിനിധിയാണ്. ആ നിയോജകമണ്ഡലത്തിൽ രൂപ എങ്ങനെ ചെലവഴിക്കണമെന്ന് തീരുമാനിക്കേണ്ടത് എം.എൽ.എ–യാണ്. ഞാനിതുവരെ നിരസിച്ച ചരിത്രമുണ്ടായിട്ടില്ല. എം.എൽ.എ.–മാരുടെ മനസ്സ് ഈ ഗവൺമെന്റിന് നല്ലതുപോലെ അറിയാം.

ശ്രീ. ഇ ചന്ദ്രശേഖരൻ: സർ, ഞാൻ ഈ വിഷയം ഉന്നയിക്കുമ്പോൾ ഉദ്ദേശിച്ചത് അതാണ്. ഒരു എം.എൽ.എ. അവരവരുടെ നിയോജക മണ്ഡലത്തിൽ അസറ്റ് ഡെവലപ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പാക്കേണ്ട പദ്ധതികളിൽ ഏതെങ്കിലുമൊന്നിന്; ഒരു സ്കൂൾ കെട്ടിടമോ മറ്റോ; നമ്മൾ നിർദ്ദേശിക്കുകയോ ആവശ്യപ്പെടുകയോ ചെയ്താൽ അത് വേണ്ടെന്ന് തീരുമാനിക്കുന്നത് ഏതെങ്കിലും ഉദ്യോഗസ്ഥൻമാരാകുന്ന സാഹചര്യം ശരിയോണോ?

ശ്രീ. കെ. എം. മാണി: സർ, ഓവർ റൂൾ ചെയ്യാനുള്ള അധികാരം ധനകാര്യ മന്ത്രിക്കുണ്ടല്ലോ. അത് ചൂണ്ടിക്കാണിച്ചാൽ അപ്പോൾത്തന്നെ ഞാൻ അത് തിരുത്തി തരും. അതിൽ യാതൊരു സംശയവുമില്ല.

ശ്രീ. ബാബു എം പാലിശ്ശേരി: സർ, എം.എൽ.എ. ഒരു റോഡിനുവേണ്ടിയുള്ള നിർദ്ദേശം എൽ.എസ്.ഡി.ഡി.-യിൽ കൊടുക്കുമ്പോൾ ഈ റോഡ് ആവശ്യമുള്ളതാണോ എന്നാണ് ഉദ്യോഗസ്ഥൻ എഴുതി ചോദിക്കുന്നത്. അത് ശരില്ലല്ലോ?

ശ്രീ. കെ. എം. മാണി: സർ, ഉദ്യോഗസ്ഥൻമാർ പലതും ക്വറി എഴുതിയെന്ന് വരും. അങ്ങനെ ബുദ്ധിമുട്ട് വരുന്ന സാഹചര്യത്തിൽ അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ നോർമലായി അതൊക്കെ പരിഹരിച്ചു തരാവുന്ന കാര്യമേയുള്ളൂ. ഏതായാലും ഉദ്യോഗസ്ഥൻമാർക്ക് കർശനമായ നിർദ്ദേശം കൊടുക്കാം.

ശ്രീ. പി. സി. ജോർജ്: സർ, ഇവിടെ എം.എൽ.എ.-മാരുടെ ഏറ്റവും വലിയ പ്രശ്നമെന്ന് പറയുന്നത്, asset development fund-ൽ കൊടുക്കുന്നതിന് നമ്മുടെ പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗമാണ്

എസ്റ്റിമേറ്റ് എടുക്കേണ്ടതെന്നു പറയുമ്പോൾതന്നെ സംഭവം തകരുകയാണ്. അത് പി.ഡബ്ല്യൂ.ഡി.-യിൽ തന്നെ വേണമെന്നാണ് ഇവിടെ മൊത്തത്തിലുള്ള അഭിപ്രായം. അതിന് ധനകാര്യ വകുപ്പിന്റെ ഓർഡർ വേണം.

ശ്രീ. കെ. എം. മാണി: സർ, എം.എൽ.എ.-ക്ക് അത് സംബന്ധിച്ച് ഓപ്ഷൻ കൊടുക്കാവുന്നതാണ്. എം.എൽ.എ.-ക്ക് പി.ഡബ്ല്യൂ.ഡി.-യാണോ പഞ്ചായത്താണോ സൗകര്യമെന്ന് നിശ്ചയിക്കുന്നതിനുള്ള അധികാരം നൽകുന്നതാണ്. ബഹുമാനപ്പെട്ട റ്റി. എൻ. പ്രതാപൻ മത്സ്യത്തൊഴിലാളികളുടെ സെസ്സ് നടപ്പിലാക്കി മത്സ്യത്തൊഴിലാളി ക്ഷേമനിധി ലഭ്യമാക്കുന്നതിനുള്ള നിയമം ചലഞ്ച് ചെയ്തുകൊണ്ടുള്ള കേസ് നടത്തിപ്പിനെക്കുറിച്ച് പറയുകയുണ്ടായി. കേസ് നടത്തുന്നത് നിയമവകുപ്പല്ല, അതാത് വകുപ്പുകളാണ്. അതിന്റെ നേരിട്ടുള്ള ഉത്തരവാദിത്വം നിയമവകുപ്പിനില്ല. അക്കാര്യം സംബന്ധിച്ച് ഞാൻ എ.ജി.-യുമായി സംസാരിക്കാം. നിലവിൽ ഗസറ്റഡ് ഉദ്യോഗസ്ഥൻമാരുടെ ശമ്പളമാണ് ട്രഷറി സേവിംഗ്സ് ബാങ്ക് വഴി നേരിട്ട് മാറുന്നത്. എൻ.ജി.ഒ.-മാരുടെ ശമ്പളം ഓഫീസ് മേധാവികൾ ട്രഷറിയിൽ നിന്ന് വാങ്ങി വിതരണം ചെയ്യുകയാണ്. ഇവരുടെ കൂടി റ്റി.എസ്.ബി. വഴി മാറുന്ന കാര്യം ആലോചിക്കാം. അത് പുതിയൊരു പരിഷ്ക്കാരമാണ്. അതിന്റെ ഡിമാന്റ് ഇവിടെ വന്നിട്ടുണ്ട്. ഏതായാലും ആ കാര്യം ആലോചിക്കാം. എ.ടി.എം. ട്രഷറിയിൽ സ്ഥാപിച്ചാൽ അവിടെ അക്കൗണ്ടുള്ളവർക്കു മാത്രമേ പ്രയോജനമാകുകയുള്ളൂ. മറ്റ് കൊമേഴ്സ്യൽ ബാങ്കുകളുമായി ലിങ്ക് ചെയ്യുവാൻ ഇപ്പോൾ ആർ.ബി.ഐ. അനുവദിക്കുന്നില്ല. അവിടെയാണ് ഒരു ബുദ്ധിമുട്ടുള്ളത്. കടം വർദ്ധിച്ചു, വികസനം ഉണ്ടായിട്ടില്ല എന്ന് ബഹുമാനപ്പെട്ട പി. തിലോത്തമൻ പറഞ്ഞു. ബഹുമാനപ്പെട്ട മെമ്പറോട് എനിക്ക് പറയുവാനായിട്ടുള്ളത്, യു.ഡി.എഫ്. ഗവൺമെന്റ് വികസനത്തിനുവേണ്ടി കടമെടു

ക്കുകയാണ്. വെറുതെ ദുർച്ചെലവിനു വേണ്ടിയല്ല കടമെടുക്കുന്നത്. കടമെടുക്കുന്നതിനനുസരിച്ച് വികസനച്ചെലവ് ഉയർന്നിട്ടുണ്ട്. 2011-12-ൽ 10,745 കോടി രൂപ എടുത്തപ്പോൾ വികസനച്ചെലവ് 28,928 കോടി രൂപയായിരുന്നു. 2012-13-ൽ 14,143 കോടി രൂപ കടമെടുത്തു. അപ്പോൾ വികസനച്ചെലവ് കുതിച്ചുയർന്നു, 34,492 കോടി രൂപയായി. 2013-14-ൽ 15,000 കോടി രൂപ കടമെടുത്തു, വികസനച്ചെലവ് 37,256 കോടി രൂപയായി. അപ്പോൾ വളരെ വ്യക്തമാണ്. കടം എടുക്കുന്നത് വികസനത്തിനു വേണ്ടിയാണ്. കടമെടുക്കുന്നതിന്റെ അനുപാതമനുസരിച്ച് വികസനച്ചെലവ് ഉയരുന്നുണ്ട്.

ശ്രീ. ജി. സുധാകരൻ: സർ, ഒരു സംശയം ചോദിക്കുകയാണ്. അങ്ങ് പറയുന്ന വികസന പ്രവർത്തനം കേരളത്തിന്റെ എല്ലാ മുക്കിലുംമൂലയിലും സമാനതയോടുകൂടി നടത്തുന്നുവെന്ന് ഉറപ്പു വരുത്തുന്നില്ല. അങ്ങയുടെ കുറ്റമായിട്ടല്ല പറയുന്നത്. അത് ഉറപ്പുവരുത്തുന്നതിന് അങ്ങ് നടപടിയെടുക്കുമോ? പ്രതിപക്ഷ-ഭരണകക്ഷി വ്യത്യാസമില്ലാതെ, റോഡ് ആവശ്യമുള്ള സ്ഥലങ്ങളിൽ റോഡ്... അത് സമാനതകളിലൂടെ നടത്താൻ അങ്ങ് നടപടിയെടുക്കുമോ?

ശ്രീ. കെ. എം. മാണി: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ആശയം നല്ലതാണ്. ഞാൻ ആത്മാർത്ഥമായി കൂട്ടുനിൽക്കാം. മാറ്റം വേണമെങ്കിൽ എല്ലാവരും കൂടി മാറണമല്ലോ. ഇപ്പോൾ വലിയ കുഴപ്പമില്ലാതെയാണ് പോകുന്നത്. എവിടെയെങ്കിലും അതിൽ പ്രശ്നമുണ്ടെങ്കിൽ തീർച്ചയായിട്ടും പരിശോധിക്കാം, നമുക്കത് നടപ്പിലാക്കാം. മൂലധന ചെലവ് 2011-12-ൽ 4,851 കോടി രൂപയായിരുന്നു, 9.50 ശതമാനമായിരുന്നു. 2012-13 ആയപ്പോൾ 5,739 കോടി രൂപയായി, 9.69 ശതമാനമായി. ആ നിലയ്ക്ക് മൂലധന ചെലവിൽ വർദ്ധനയുണ്ടായിട്ടുണ്ട്. ഡെബ്റ്റ് നമ്മൾ വാങ്ങുമ്പോൾ ജി.എസ്.ഡി.പി.-

യുടെ റേഷ്യോ എത്രയെന്നാണ് നോക്കേണ്ടത്. ജി.എസ്.ഡി.പി.-യുടെ ഗ്രോസ് ഡൊമസ്റ്റിക് പ്രോഡക്ടുമായുള്ള റേഷ്യോ ആണ് ഏറ്റവും പ്രധാനമായിട്ടുള്ളത്. ആ നിലയിൽ നോക്കുമ്പോൾ ഒരു ആശങ്കയ്ക്കും വഴിയില്ല. ജി.എസ്.ഡി.പി.-യുമായിട്ടുള്ള കടത്തിന്റെ റേഷ്യോ 2010-11-ൽ 29.83-ഉം 2011-12-ൽ 29.04-ഉം 2012-13-ൽ 29.64-ഉം 2013-14-ൽ 29.53-ഉം ആയിരുന്നു. ഡെബ്റ്റ്-ജി.എസ്.ഡി.പി. റേഷ്യോ ഒരു ക്രമമായി നമുക്ക് മെയിന്റയിൻ ചെയ്യാൻ കഴിയുന്നുണ്ട് എന്നുള്ളത് വലിയൊരു കാര്യമായി ഞാൻ വിചാരിക്കുകയാണ്. ശ്രീ. റ്റി. എൻ. പ്രതാപൻ മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസാനുകൂല്യവുമായി ബന്ധപ്പെട്ട കുടിശ്ശിക അടിയന്തരമായി നൽകണമെന്ന നിർദ്ദേശം വയ്ക്കുകയുണ്ടായി. തീർച്ചയായും ഗവൺമെന്റ് അത് ശ്രദ്ധിക്കാം. ഇവിടെ പറഞ്ഞ കാര്യങ്ങളെ സംബന്ധിച്ച് വന്നിട്ടുള്ള വിമർശനങ്ങളൊക്കെ ഗവൺമെന്റ് ഉൾക്കൊള്ളുന്നു. ആ കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധ പതിക്കാം. ഇവിടെ വന്നിരിക്കുന്ന നിർദ്ദേശങ്ങളെല്ലാം ഗവൺമെന്റ് പരിഗണിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, അസറ്റ് ഡെവലപ്മെന്റ് ഫണ്ടിന്റെ മിനിമം 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. എം.എൽ.എ.-മാർക്ക് നിർദ്ദേശിക്കാനുള്ള വർക്കുകളുടെ എണ്ണം കൂട്ടണമെന്നാണ് എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. കെ. എം. മാണി: സർ, 10 ലക്ഷം രൂപയായി വരുമ്പോൾ പ്രൊപ്പോർഷനേറ്റായി എണ്ണവും കൂടും. 10 ആയിട്ട് കുറയുമ്പോൾ ആനുപാതികമായി എണ്ണവും വർദ്ധിക്കും.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അങ്ങ് നടപ്പാക്കുന്ന കാരുണ്യ ബെനവലൻഫ് പദ്ധതി ഏറ്റവും നല്ല പുണ്യപ്രവൃത്തിയാണ്. ഞാൻ അങ്ങയെ

അഭിനന്ദിക്കുകയാണ്. അങ്ങയുടെ ഏറ്റവും നല്ല പ്രവൃത്തിയാണ്. പക്ഷേ അങ്ങ് ശ്രദ്ധിക്കാൻ വേണ്ടി ഒരു കാര്യം ഞാൻ പറയുന്നത്, പ്രൈവറ്റ് ഹോസ്പിറ്റലുകളിൽ അങ്ങ് അനുവദിച്ചിരിക്കുന്ന കാരുണ്യ പദ്ധതിയിൽ ഇപ്പോൾ ഹൃദയ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ടുകൊണ്ട് സ്റ്റന്റ് ഇടുന്നതിന് 45,000 രൂപ വരെയാണ് കൊടുക്കുന്നത്. പക്ഷേ അവർ 1,10,000 രൂപയാണ് ഈടാക്കുന്നത്. അപ്പോൾ 40,000 രൂപ കാരുണ്യ ബെനവലൻഫ് ഫണ്ടിൽനിന്നും കിട്ടിക്കഴിഞ്ഞാലും പാവപ്പെട്ട ആളുകൾ പ്രൈവറ്റ് ആശുപത്രിയെ ആശ്രയിക്കുമ്പോൾ ബാലൻസ് എമൗണ്ട് കൊടുക്കേണ്ട സ്ഥിതി എല്ലാ ആശുപത്രികളിലുമുണ്ട്. അതുകൊണ്ട് അക്കാര്യത്തിൽ അങ്ങ് സർക്കാർ ആശുപത്രിക്ക് സമാനമായ രീതിയിൽ കാരുണ്യ പദ്ധതിയിൽ പൂർണ്ണമായും ചികിത്സാ സൗജന്യം കിട്ടുമെന്നുറപ്പു വരുത്താൻ വേണ്ടിയുള്ള നടപടികൂടി സ്വീകരിക്കുകയാണെങ്കിൽ അത് വളരെ നന്നായിരിക്കും. അത് ചെയ്യാൻ അങ്ങേയ്ക്ക് ബുദ്ധിമുട്ടുണ്ടോ എന്നതാണ് എനിക്കറിയേണ്ടത്.

ശ്രീ. കെ. എം. മാണി: സർ, തീർച്ചയായും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ നിർദ്ദേശത്തിന്റെ അന്തസ്സത്ത ഞാൻ ഉൾക്കൊള്ളുന്നു. അത് പരിശോധിക്കാം. മറ്റ് കാര്യങ്ങൾ ഒന്നുമില്ല. ഗവൺമെന്റ് നികുതി വരുമാനം പരിരക്ഷിക്കുന്നു, അനാവശ്യ ചെലവുകൾ കുറയ്ക്കുന്നു, ഭരണം നല്ല രീതിയിൽ കൊണ്ടു പോകുന്നു. ധനകാര്യ മാനേജ്മെന്റ് മെച്ചപ്പെട്ട രീതിയിൽ മുന്നോട്ടു പോകുന്നു.

മി. സ്പീക്കർ: 2014-ലെ കേരള ധനവിനിയോഗ (14-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ഉം 3-ഉം വകുപ്പുകൾ

(ഭേദഗതിയില്ല.)

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടിക

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല.)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ശ്രീ. കെ. എം. മാണി: സർ, 2014-ലെ കേരള ധനവിനിയോഗ (14-ാം നമ്പർ) ബിൽ പാസ്സാക്കി തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2014-ലെ കേരള ധനവിനിയോഗ (14-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
4. ശ്രീ. കെ. അച്ചുതൻ
5. ശ്രീ. എ. എ. അസീസ്
6. ശ്രീ. റ്റി. എ. അഹ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. എ. പി. അനിൽകുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. കെ. ബാബു
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. സി. എൻ. ബാലകൃഷ്ണൻ

14. ശ്രീ. വി. റ്റി. ബൽറാം
15. ശ്രീ. പി. കെ. ബഷീർ
16. ശ്രീ. ബെന്നി ബെഹനാൻ
17. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
18. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീ. എ. റ്റി. ജോർജ്
20. ശ്രീ. പി. സി. ജോർജ്
21. ശ്രീ. ഹൈബി ഈഡൻ
22. കുമാരി പി. കെ. ജയലക്ഷ്മി
23. ഡോ. എൻ. ജയരാജ്
24. ശ്രീ. കെ. സി. ജോസഫ്
25. ശ്രീ. പി. ജെ. ജോസഫ്
26. ശ്രീ. ജോസഫ് വാഴക്കൻ
27. ശ്രീ. വർക്കല കഹാർ
28. ശ്രീ. കെ. എൻ. എ. ഖാദർ
29. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
30. ശ്രീ. റ്റി. യു. കുരുവിള
31. ശ്രീ. കോവൂർ കുഞ്ഞുമോൻ
32. ശ്രീ. ലൂഡി ലൂയിസ്
33. ശ്രീ. പി. എ. മാധവൻ
34. ശ്രീ. സി. മമ്മൂട്ടി
35. ശ്രീ. കെ. എം. മാണി
36. ശ്രീ. കെ. പി. മോഹനൻ
37. ശ്രീ. സി. മോയിൻകുട്ടി
38. ശ്രീ. മോൻസ് ജോസഫ്
39. ശ്രീ. സി. പി. മുഹമ്മദ്
40. ശ്രീ. ആര്യാടൻ മുഹമ്മദ്
41. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
42. ഡോ. എം. കെ. മുനീർ

43. ശ്രീ. കെ. മുരളീധരൻ
44. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
45. ശ്രീ. ഉമ്മൻ ചാണ്ടി
46. ശ്രീ. അടൂർ പ്രകാശ്
47. ശ്രീ. റ്റി. എൻ. പ്രതാപൻ
48. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
49. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
50. ശ്രീ. രമേശ് ചെന്നിത്തല
51. ശ്രീ. പാലോട് രവി
52. ശ്രീ. റോഷി അഗസ്റ്റിൻ
53. ശ്രീ. വി. പി. സജീന്ദ്രൻ
54. ശ്രീ. എൻ. ശക്തൻ
55. ശ്രീ. വി. ഡി സതീശൻ
56. ശ്രീ. ഷാഫി പറമ്പിൽ
57. ശ്രീ. കെ. എം. ഷാജി
58. ശ്രീ. എൻ. ഷംസുദ്ദീൻ
59. ശ്രീ. ആർ. സെൽവരാജ്
60. ശ്രീ. കെ. ശിവദാസൻ നായർ
61. ശ്രീ. സണ്ണി ജോസഫ്
62. ശ്രീ. സി. എഫ്. തോമസ്
63. ശ്രീ. തോമസ് ഉണ്ണിയാടൻ
64. ശ്രീ. പി. ഉബൈദുള്ള
65. ശ്രീ. എം. ഉമ്മർ
66. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
67. ശ്രീ. എം. എ. വാഹീദ്
68. ശ്രീ. എം. പി. വിൻസെന്റ്
69. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീമതി പി. അയിഷാ പോറ്റി

2. ശ്രീ. എ. എം. ആരിഫ്
3. ശ്രീ. ബാബു എം. പാലിശ്ശേരി
4. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
5. ശ്രീ. എ. കെ. ബാലൻ
6. ശ്രീമതി ഇ. എസ്. ബിജിമോൾ
7. ശ്രീ. ഇ. ചന്ദ്രശേഖരൻ
8. ശ്രീ. വി. ചെന്താമരാക്ഷൻ
9. ശ്രീ. ബി. ഡി. ദേവസ്സി
10. ശ്രീമതി ഗീതാ ഗോപി
11. ശ്രീ. ചിറ്റയം ഗോപകുമാർ
12. ശ്രീ. പി. കെ. ഗുരുദാസൻ
13. ശ്രീ. ജെയിംസ് മാത്യു
14. ഡോ. കെ. ടി. ജലീൽ
15. ശ്രീ. ജി. എസ്. ജയലാൽ
16. ശ്രീ. ജോസ് തെറ്റയിൽ
17. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
18. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
19. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
20. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
21. ശ്രീമതി കെ. കെ. ലതിക
22. ശ്രീ. മാത്യു റ്റി. തോമസ്
23. ശ്രീ. സി. കെ. നാണു
24. ശ്രീ. കെ. കെ. നാരായണൻ
25. ശ്രീ. പുരുഷൻ കടലുണ്ടി
26. ശ്രീ. കെ. രാധാകൃഷ്ണൻ
27. ശ്രീ. പി. റ്റി. എ. റഹീം
28. ശ്രീ. എസ്. രാജേന്ദ്രൻ
29. ശ്രീ. ആർ. രാജേഷ്
30. ശ്രീ. റ്റി. വി. രാജേഷ്
31. ശ്രീ. രാജു എബ്രഹാം

32. ശ്രീ. സാജു പോൾ
33. ശ്രീമതി കെ. എസ്. സലീഖ
34. ശ്രീ. എസ്. ശർമ്മ
35. ശ്രീ. വി. ശശി
36. ശ്രീ. എ. കെ. ശശീന്ദ്രൻ
37. ശ്രീ. ബി. സത്യൻ
38. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
39. ശ്രീ. ജി. സുധാകരൻ
40. ശ്രീ. വി. എസ്. സുനിൽകുമാർ
41. ശ്രീ. കെ. സുരേഷ് കുറുപ്പ്
42. ശ്രീ. പി. തിലോത്തമൻ
43. ശ്രീ. ഇ. കെ. വിജയൻ
44. ശ്രീ. കെ. വി. വിജയദാസ്

| | | | |
|---|---|---|---|
| മി. സ്പീക്കർ: | അനുകൂലിക്കുന്നവർ | : | 69 |
| | പ്രതികൂലിക്കുന്നവർ | : | 44 |
| | നിഷ്പക്ഷത പാലിക്കുന്നവർ | : | ആരുമില്ല. |

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ജൂലൈ മാസം 11–ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 2.33–ന് പിരിഞ്ഞു.)

*************